# കാനോനാ നമസ്ക്കാരം

(ഒരു പഠനം)

ഡോ. ജേക്കബ് വെള്ളിയാൻ

www.malankaralibrary.com

ഗീവറുഗീസ് ചരുവിളയിൽ.

പ്രകാശകലിക–No. 2

# കാനോനാ നമസ്കാരം

(ഒരു പഠനം)

PRAKASAM PUBLICATION

www.malankaralibrary.com

# ഗ്രന്ഥകാരന്റെ ചില കൃതികൾ

പുനരുദ്ധരിക്കപ്പെട്ട സീറോ മലബാർ കുർബാന

റീത്തും ബലിയും

ആരാധനക്രമ നവോത്ഥാനം

സീറോമലബാർ ആരാധനക്രമം നൂറ്റാണ്ടുകളിലൂടെ

ദൈവവചന ശുശ്രൂഷ

കാനോനാ നമസ്ക്കാരം (ഒരു പഠനം)

കുരിശിന്റെ വഴി (Scriptural way of the cross)

ദൈവജനം അൾത്താരയ്ക്കു ചുറ്റും

വിശുദ്ധ കുർബാന—ഒരു വ്യാഖ്യാനം
(in print)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# കാനോനാ നമസ്കാരം

റവ. ഡോ. വെള്ളിയാൻ

പ്രസാധകർ
പ്രകാശം പ്രസിദ്ധീകരണ സംഘം

---

പ്രകാശം ബുക്ക് സെൻറർ
ആലപ്പുഴ
വില ക. 1–75

www.malankaralibrary.com

Kanona Namaskaram
(Malayalam)
Liturgical History
By Rev. Dr. J Vellian,
S: Thomas Ap. Seminary,
Vadavathoor, Kottayam
First Published 1967
Printed at
The Printing Centre, Kottayam
Price Rs 1-75
Copyright by
Prakasam Publications
Alleppey, S India
Sales by
Prakasam Book Centre

www.malankaralibrary.com

# ഉള്ളടക്കം


ആമുഖം

അനുബന്ധം

1. ദൈവസ്തുതി — 7
2. കാനോനാ നമസ്കാരത്തിന്റെ പ്രകൃതി — 1
3. യാമപ്രാർത്ഥനകൾ: രൂപവൽക്കരണം — 14
4. കത്തീഡ്റൽക്രമവും സന്യാസക്രമവും — 23
5. ദിവസം വിശുദ്ധീകരിക്കപ്പെടുന്നു — 32
6. സങ്കീർത്തനം, എന്താണതു്? — 38
7. തെരഞ്ഞെടുക്കപ്പെട്ട സങ്കീർത്തനങ്ങൾ — 47
8. ഇസ്രായേലിന്റെ രക്ഷകൻ സങ്കീർത്തനങ്ങളിൽ — 55
9. അനുഗ്രഹാശംസയും ശാപവും — 62
10. കാനോനാനമസ്കാരം റോമൻറീത്തിൽ — 66
11. കാനോനാ നമസ്കാരം പൗരസ്ത്യാരാധനക്രമങ്ങളിൽ — 70

അലക്സാന്ത്രിയൻ

ബിസൈൻറയിൻ

അന്ത്യോക്യാ സിറിയൻ

12. പൗരസ്ത്യ സിറിയൻ റീത്തിൽ — 81
13. ,, സായാഹ്നജപം — 88
14. ,, പ്രഭാതജപം — 108
15. ,, രാത്രീജപവും ജാഗരണരൂപവും — 110

ഉപസംഹാരം. — 120

Bibliography — 125


www.malankaralibrary.com

# ആമുഖം

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ റൈൻ നദിയുടെ തീരത്തുകൂടി ഒരു കുടുംബം സ വാഹനസവാരി ചെയ്തിരുന്നു. പിതാവും മാതാവും മദ്ധ്യത്തിൽ; രണ്ടുകുട്ടികൾ ഇരുപാർശ്വങ്ങളിലും. കൂത്ത ബയന്റുള്ളഓരോ പുസ്തകം അവരുടെ കൈയ്യിലുണ്ട്. കുറച്ചു നടന്നശേഷം പുസ്തകം തുറന്ന് പ്രാർത്ഥനയാരംഭിക്കും. റോമൻ റീത്തിലെ കാനോനാനമസ്കാരം വൈദികരുടെ 'കുത്തക'യല്ലേ! കാനോനാനമസ്കാരത്തിൽനിന്ന് സംയംകാലജപം ചൊല്ലുകയാണ് എന്നിട്ടും എന്നിട്ടും അതു വായിക്കുന്ന ഇവരാരാണ്! അവരെ നേരിട്ടറിയാത്തവർ, 'തലസ്ഥപിരിയിളക്കം' എന്നു റിമാർക്കടിച്ചു. വിവിധ പൗരസ്ത്യഭാഷകളിലും എല്ലാ ആരാധനക്രമങ്ങളിലും അഗാധ ജ്ഞാനമുള്ള ഡോക്ടർ ആന്റൺ ബൗംസ്റ്റാർക്കിന്റെ കുടുംബമാണിത്.

വർഷങ്ങൾ കടന്നുപോയി. തിരുസ്സഭയുടെ ചൈതന്യവും ചേതസ്സും കൂടുതൽ വ്യക്തമാകുമാറ് പല ചലനങ്ങളും അങ്ങിങ്ങായി കണ്ടു. അക്കൂടെ കാനോനാനമസ്കാരത്തിന്റെ പ്രകൃതിയും ഉപയോഗവും സുഗ്രാഹ്യമാക്കാനുള്ള ശ്രമങ്ങളും. ഞായറാഴ്ചകളിലും തിരുനാളുകളിലും ആഘോഷമായ സായാഹ്നജപം (റംശാ, Vespers) ചൊല്ലുന്ന പതിവ് പൗരസ്ത്യറീത്തുകളിലേതുപോലെ, യൂറോപ്പിലും സാധാരണമായി. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഥമമായി ചർച്ചചെയ്ത ആരാധന ക്രമത്തിലെ സുപ്രധാനമായ ഒരു വിഷയമാണ് കാനോനനമസ്കാരം. യാമപ്രാർത്ഥനകൾ വിശ്വാസികളും, 'വൈദികരോടൊന്നിച്ചോ അല്ലെങ്കിൽ അവർ സമൂഹമായോ തനിച്ചോ ചൊ-

www.malankaralibrary.com

ല്ലാൻ പ്രോത്സാഹനം നല്കുകയാണ് ആരാധനാക്രമത്തെ സംബന്ധിച്ച കോൺസ്റ്റിട്യൂഷൻ (art 100)

ആരാധനക്രമങ്ങളിൽ പൗരസ്ത്യർക്കുള്ള സ്വാതന്ത്ര്യമുപയോഗിച്ച്, അന്ത്യോക്യൻ (പാശ്ചാത്യ) സുറിയാനിക്കാർ മലയാളത്തിൽ യാമപ്രാർത്ഥനകൾ ചൊല്ലിയിരുന്നു. കൗൺസിലിന്റെ ചൈതന്യം, താമസംവിനാ മാതൃഭാഷ ഉപയോഗിച്ചുതുടങ്ങുവാൻ സീറോമലബാർ റീത്തിന് പ്രേരണനൽകി. റോമൻ കാനോനാനമസ്ക്കാരം താമസിയാതെതന്നെ മലയാളത്തിലാകും അങ്ങനെ അത്മായരേവർക്കും സഭയുടെ ഔദ്യോഗിക പ്രാർത്ഥന ആസ്വദിക്കാൻ സാധിക്കും. ഈ അവസരത്തിൽ കാനോനാനമസ്ക്കാരത്തിന്റെ ചരിത്രപരമായ പശ്ചാത്തലം, ഘടന, ഉപയോഗം എന്നിങ്ങനെ ചില കാര്യങ്ങൾ സംഗ്രഹമായിമാത്രം ചിന്താവിഷയമാക്കുകയാണീ പുസ്തകത്തിൽ. വിവിധ റീത്തുകളുടെ പ്രത്യേകതകളെപ്പററി അല്പാല്പം പരാമർശിക്കുവാനേ സാധിച്ചിട്ടുള്ളു. എല്ലാ റീത്തുകളിലും പൊതുവായിക്കാണുന്ന ചുരുക്കം ചില സങ്കീർത്തനങ്ങൾ മാത്രമാണ് വ്യാഖ്യാനിച്ചിട്ടുള്ളത്.

എല്ലാറീത്തുകാർക്കും ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

ഈ സംരംഭത്തിൽ വിദഗ്ദ്ധാഭിപ്രായങ്ങൾവഴി എന്നെ സഹായിച്ചിട്ടുള്ള റവ. ഡോക്ടർ ചെറിയാൻ S. J., റവ. ഡോക്ടർ സിറിൾ O. I. C., റവ. ഡോക്ടർ പ്ളാസിഡ് C. M. I, എന്നിവർക്ക് എന്റെ കൃപ്പുകൈ.

ഫാദർ ജേക്കബ് വെള്ളിയാൻ

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി

വടവാതൂർ

കോട്ടയം—10

www.malankaralibrary.com

# അനുബന്ധം

## ക്രൈസ്തവസഭയിലെ റീത്തുകൾ

(കാനോനാനമസ്ക്കാരം അടിസ്ഥാനമാക്കിയുള്ള വിഭജനം)

| പാശ്ചാത്യം | പൗരസ്ത്യം | |
|---|---|---|
| റോമൻ | അലക്സാന്ത്രിയൻ | കോപ്റ്ററിക്<br>എത്യോപ്യൻ |
| ബനഡിക്ടൈൻ | അർമ്മേനിയൻ | |
| അംബ്രോസിയൻ | അന്ത്യോക്യൻ | സിറിയൻ<br>മാറോനീത്ത<br>സീറോ-മലങ്കര |
| മൊസാറബിക് | | |
| ഗാല്ലിക്കൻ | ബിസന്റൈൻ | ഗ്രീക്ക്<br>യുക്രേനിയൻ<br>റുമേനിയൻ.... |
| | കോൺസ്റ്റന്റിനോപ്പോളിറ്റൻ | |
| | പൗരസ്ത്യസിറിയൻ | കൽദായ<br>സീറോ-മലബാർ<br>നെസ്റ്റോറിയൻ |

പൗരസ്ത്യ റോമൻ സാമ്രാജ്യത്തിലെ ക്രൈസ്തവസഭകളും അവയാൽ സ്ഥാപിതമോ അവയോടു ബന്ധപ്പെട്ടതോ ആയ മറ്റെല്ലാ സഭകളുംകൂടി പൗരസ്ത്യസഭ എന്ന പേർ; ആ സഭകളിലെ റീത്തുകൾക്ക് പൗരസ്ത്യറീത്തുകൾ എന്നും.

www.malankaralibrary.com

# ദൈവസ്തുതി

## 1. പ്രപഞ്ചം ദൈവത്തെ സ്തുതിക്കുന്നു.

ഈ പ്രപഞ്ചം മുഴുവൻ ദൈവത്തിൻെറ സൃഷ്ടിയാണു്. ഓരോ സൃഷ്ടവസ്തുവും അതതിൻെറ കൃത്യം അതിനുള്ള അസ്തിത്വം കൊണ്ടും പ്രവൎത്തനംകൊണ്ടും നിർവ്വഹിക്കുന്നു. അവയുടെ കൃത്യനിർവ്വഹണം കൊണ്ടു് പ്രപഞ്ചചക്രം തിരിയുന്നു. അവിടെയെല്ലാം ഒരൈക്യമുണ്ടു്; സ്വരച്ചേർച്ചയുണ്ടു്. സൃഷ്ടികളെല്ലാം ആ ഐക്യത്തിലും സ്വരച്ചേർച്ചയിലും ദൈവത്തെ സ്തുതിക്കുകയാണു്. പ്രകൃതിനിയമം കാത്തുകൊണ്ടു് സ്രഷ്ടാവിനെ അവ ഏററുപറയുന്നു. ഭൂമിക്കു പ്രകാശം നൽകുന്ന സൂര്യനും കുളിൎമ്മയുളവാക്കുന്ന കാററും ഈർപ്പം പ്രദാനംചെയ്യുന്ന മഴയും സൌന്ദര്യമേകുന്ന വൃക്ഷലതാദികളും, പക്ഷിമൃഗങ്ങളും അവയുടെ കൎമ്മങ്ങളനുഷ്ഠിച്ചുകൊണ്ടു് ദൈവത്തെ സ്തുതിക്കുകയാണു്, അങ്ങനെ തുടർച്ചയായി പ്രപഞ്ചം ദൈവത്തെ ആരാധിക്കുന്നുവെന്നു പറയാം (Cosmic adoration).

## 2. മനുഷ്യൻ ദൈവത്തെ സ്തുതിക്കുന്നു.

മനുഷ്യൻ ബുദ്ധിശക്തിയും ഇച്ഛാശക്തിയുമുള്ളവനാണു്. അവൻ ദൈവത്തെ സ്തുതിക്കുന്നതു വെറും അസ്തിത്വം കൊണ്ടോ നൈസർഗ്ഗികമായ പ്രവൎത്തനം കൊണ്ടോ മാ

www.malankaralibrary.com

ത്രമല്ല, പ്രത്യുത അറിവോടും മനസ്സോടുംകൂടി ചെയ്യുന്ന സ്വാതന്ത്ര്യമായ ഓരോ മാനുഷിക പ്രവൃത്തിയുംകൊണ്ടുകൂടി യാണ്. പ്രപഞ്ചത്തിന്റെ മുഴുവൻ നാഥനായ മനുഷ്യൻ പ്രപഞ്ചംചെയ്യുന്നതുപോലെ നിരന്തരമായി ദൈവാരാധന നടത്തണം. ദൈവത്തിന്റെ നേർക്കുള്ള വിധേയത്വം ഏറ്റുപറയുന്നതിനും സൃഷ്ടവസ്തുക്കൾക്കെല്ലാമുപരിയായി തന്നെ സൃഷ്ടിച്ചതിനു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും ഇതാവശ്യമാണ്.

നിരന്തരമായ ആരാധന ദൈവത്തിനു നൽകാൻ കടമയുണ്ടെന്ന അവബോധം എക്കാലവും എല്ലായിടത്തും മനുഷ്യനുണ്ടായിരുന്നു. ഹൈന്ദവ ചിന്താഗതി അതു് മനുഷ്യന്റെ 'ധർമ്മ'മായി കരുതി. ചൈനാക്കാർ ഇതിനെ 'താഒ' (Tao) എന്നു വിളിക്കുന്നു. പ്രപഞ്ചാരാധനയോടൊത്തു് (Cosmic adoration) മനുഷ്യാരാധനയും തുടരാൻ ഭക്തൻ ഇച്ഛിക്കുന്നുവെന്നു് കാണിക്കാൻ ടിബററിൽ പ്രാർത്ഥനാചക്രങ്ങൾ (prayer wheels) ഉപയോഗിച്ചിരുന്നു. ആ ചക്രത്തിന്റെ ഇലകൾ കാററിൽ കറങ്ങുന്നതിനൊത്തു് അവനും പ്രാർത്ഥനായജ്ഞങ്ങളർപ്പിക്കുവാനിച്ഛിക്കുന്നുവെന്നർത്ഥം. ദൈവേച്ഛയുടെ പ്രതീകമായ പ്രകൃതിനിയമചക്രത്തിനൊത്തു് തിരിയാനുള്ള മനുഷ്യന്റെ സന്നദ്ധതയേയും ഇതു സൂചിപ്പിക്കുന്നു. നിരന്തരമായി ദൈവത്തെ സ്തുതിക്കാനുള്ള ഉൽക്കടമായ അഭിവാഞ്ഛയുടെ അടയാളമായിട്ടു് പ്രാർത്ഥനാപ്പുസ്തകങ്ങൾ ഉയർത്തിക്കെട്ടിത്തൂക്കി അതിന്റെ താളുകൾ കാറേററു മറിഞ്ഞുകൊണ്ടിരിക്കാൻ അവർ അനുവദിച്ചിരുന്നത്രേ!

ദൈവസ്തുതിക്കായുള്ള മനുഷ്യന്റെ ഈ ആഗ്രഹം പ്രപഞ്ചത്തിന്റെ ക്രമപാലനത്തിലും (The order of the universe) മനുഷ്യന്റെ ധാർമ്മികമായ ജീവിതത്തിലും

www.malankaralibrary.com

അധിഷ്ഠിതമാണ്. ഈ അഭിവാഞ്ഛ അവയിൽ നിന്നു ജനിക്കുന്നതും മനുഷ്യനെ അവയിലേക്കു നയിക്കുന്നതുമാണ്. ആകെക്കൂടി നോക്കിയാൽ ശ്രവണസുഖം നൽകുന്നതും ആനന്ദം പ്രദാനം ചെയ്യുന്നതുമായ ഒരു ഗാനമാണ് പ്രപഞ്ചം. പ്രപഞ്ചശില്പിയെ പ്രകീർത്തിക്കുന്ന മനുഷ്യൻ നിയമദാതാവിനോടുള്ള വിധേയത്വം ഏററുപറയുന്നതോടൊപ്പം ആ സ്രഷ്ടാവിനോടുള്ള സ്നേഹം പ്രഖ്യാപിക്കുക കൂടി ചെയ്യുന്നു. അതുകൊണ്ടു ദൈവസ്തുതി ദൈവസ്നേഹ പ്രകടനമാണ്. അതു് പ്രതീക്ഷാനിർഭരമാണ്; കാരണം സൃഷ്ടി സ്രഷ്ടാവിങ്കലേക്കെത്താൻ കൊതിക്കുന്നു.

ദൈവമഹത്വത്തെ പാടിപ്പുകഴ്ത്തുന്ന മനുഷ്യനു്, ദൈവമഹത്വത്തിൻെറ ബഹിർസ്ഫുരണത്തിനു് വിരുദ്ധമായി നിൽക്കുന്നതിനോടെല്ലാം അതൃപ്തിയുണ്ടാവുക സ്വാഭാവികമാണ്. മനുഷ്യനിൽ ദൈവമഹത്വം വെളിപ്പെടണം. അതിനു വിലങ്ങുതടിയായി നിൽക്കുന്ന പാപത്തെ അവൻ വെറുക്കണം. അതേക്കുറിച്ചു അനുതപിക്കുകയും വേണം; പ്രത്യേകിച്ചും വ്യക്തിപരമായ പാപത്തെക്കുറിച്ചു്. ദൈവമഹത്വം വർദ്ധിപ്പിക്കുന്നതിനുതകുന്നതെല്ലാം കൈവരട്ടെയെന്നു് ആരാധകൻ തനിക്കും മററുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. തനിക്കും ലോകത്തിനും നൽകപ്പെട്ട ദൈവത്തിൻെറ വെളിപാടിനെക്കുറിച്ചു് അയാൾ കൃതജ്ഞനായിരിക്കും. ക്രിസ്തുവിൻെറ മനുഷ്യാവതാരത്തിലാണല്ലോ ദൈവമഹത്വം ഏററം കൂടുതലായി വെളിപ്പെട്ടതു്.

www.malankaralibrary.com

## 3. ക്രിസ്ത്യാനിയുടെ പ്രാർത്ഥനയും ആരാധനയും.

### നിരന്തരമായ പ്രാർത്ഥന

പ്രാർത്ഥന ആത്മാവിൻെറ ആഹാരമാണു്. ദൈവത്തിലെത്തിച്ചേരുന്നതുവരെ അസ്വസ്ഥമായിരിക്കുന്ന ആത്മാവിൻെറ നെടുവീർപ്പാണതു്. സ്വർഗ്ഗത്തിലെത്തിച്ചേർന്ന ശേഷം ചെയ്യുന്ന ദൈവരാധനയുടെ ഒരു മുന്നാസ്വാദനവുമാണതു്. ശാരീരികവും ആത്മീകവും ഭൗതികവുമായ ക്ലേശങ്ങളിൽപ്പെട്ടുഴലുന്ന മനുഷ്യൻെറ സങ്കേതസ്ഥാനവും അതുതന്നെ. ആകയാൽ സംഭവിക്കാനിരിക്കുന്ന ഇതിൽ നിന്നെല്ലാം രക്ഷപെടാൻ അർഹരാകേണ്ടതിനും മനുഷ്യപുത്രസമക്ഷം ഹാജരാകുന്നതിനും സദാ പ്രാർത്ഥനാനിരതരും ജാഗ്രൂകരുമായിരിക്കുക (Lk 21:36). ഭഗ്നാശരാകാതെ നിരന്തരം പ്രാർത്ഥിക്കണമെന്നു കർത്താവു പഠിപ്പിച്ചിട്ടുണ്ടു് (Lk 18:1). കർത്താവിൻെറ രണ്ടാമത്തെവരവിൽ മുഖപ്രസന്നതയോടെ നിൽക്കാൻ നാം ശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ടതാണു് (Mk 13:33).

പ്രാർത്ഥനയെപ്പററിയുള്ള ക്രിസ്തുവിൻെറ പ്രബോധനം അപ്പസ്തോലന്മാരും അനുയായികളും വേണ്ടവിധം മനസ്സിലാക്കി. വി. പൗലോസ്ശ്ലീഹ ഉപദേശിക്കുന്നു: "അപേക്ഷകളും അഭ്യർത്ഥനകളും വഴി എപ്പോഴും ഹാർദ്ദവമായി പ്രാർത്ഥിക്കുക. സ്ഥിരോത്സാഹത്തോടെ ജാഗ്രൂകരായിരുന്നു് എല്ലാ വിശ്വാസികൾക്കും വേണ്ടി അഭ്യർത്ഥന നടത്തുക" (Eph 6:18). തെസലോനിയാക്കാരോടു് "എല്ലാത്തിനും നന്ദിപറയുക; നിരന്തരം പ്രാർത്ഥിക്കു

www.malankaralibrary.com

ക'' എന്നും, കൊളോസ്യക്കാരോട്: 'പ്രാർത്ഥനാനിരതരായും കൃതജ്ഞതാഭരിതരായും ഉണർവോടെ ഇരിക്കുക, ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക' എന്നും വി. പൗലോസ് ആവശ്യപ്പെടുന്നുണ്ടല്ലോ.

എല്ലായിടത്തും എപ്പോഴും പ്രാർത്ഥിക്കണമെന്ന് തെർത്തുല്യൻ ക്രിസ്ത്യാനികളെ ഉപദേശിച്ചു. (Semper et ubique et omniloco orandum). ഒരു മണിക്കൂറിലും ദൈവരാധന മുടക്കരുതെന്നു വി. സിപ്രിയനും ക്രിസ്ത്യാനിയുടെ ജീവിതം മുഴുവൻ ഒരു പ്രാർത്ഥനയായിരിക്കണമെന്ന് അലക്സാന്ത്രിയായിലെ വി. ക്ലെമൻറും ഉൽബോധിപ്പിക്കുന്നു.

## 4. പരിത്രാണകർമ്മവും കാനോനാനമസ്ക്കാരവും

പുത്രനായ ദൈവം മനുഷ്യാവതാരംവഴി ദൈവത്തെ മഹത്വപ്പെടുത്തുന്നു. മനുഷ്യാവതാര രഹസ്യത്തോടു ചേർന്നു വർത്തിക്കുന്നവരെല്ലാം ആ മഹത്വീകരണത്തിൽ പങ്കുകൊള്ളുന്നു. അതു് ക്രിസ്തുവിനോടു ചേർന്നാണ് നിർവ്വഹിക്കേണ്ടതു്. മൗതികശരീരമാകുന്ന സഭയുടെ ദൈവമഹത്വീകരണ കൃത്യങ്ങളെല്ലാം ക്രിസ്തുവിലും ക്രിസ്തുവിനോടുകൂടിയുമാണല്ലോ. അങ്ങനെ ഏററം വലിയ ആരാധകനായ ക്രിസ്തുവിനോടൊത്തു് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനാൽ സഭയുടെ സ്തുതിപ്പിനു് വലിയ വിലയുണ്ടു്. കാനോനാ നമസ്ക്കാരം ജപിക്കുമ്പോൾ ഈ സ്തുതിയിലാണ് നാം പങ്കുചേരുക. മാലാഖമാരുടേയും വിശുദ്ധരുടെയും നിരന്തരമായ കീർത്തനങ്ങളോടു് ആ സമയത്തു് നാം യോജിക്കുന്നു. ക്രിസ്തുവിൻെറ 'ഏകമനസ്സോടെ, പിതാവായ ദൈവത്തിനു സംപ്രീതനായ പുത്രൻെറ

www.malankaralibrary.com

ഐക്യത്തിൽ, ആരാധകൻ ദൈവത്തെ സ്തുതിക്കുന്നു. അതു ദൈവത്തിനു് സ്വീകാര്യമാണു്. ലോകത്തിലെ ക്രമക്കേടുകൾക്കും, സ്വാതന്ത്ര്യം ദുരുപയോഗിച്ച മനുഷ്യന്റെ പാപത്തിനും അയാൾ പരിഹാരം ചെയ്യുന്നു. ദൈവത്തിന്റെ കീർത്തനമാലപിക്കുന്ന സമൂഹത്തിന്റെ അംഗമായിട്ടാണു് അയാളിതു ചെയ്യുക.

മനുഷ്യന്റെ കടമയായ "സ്തുതിയുടെ ബലി" ഏററവും മെച്ചപ്പെട്ട രീതിയിൽ ഒന്നാമതായി നാമർപ്പിക്കുന്നതു് വിശുദ്ധബലിയിലാണു്. (ഡോ: വെള്ളിയാൻ, ദൈവജനം അൾത്താരയ്ക്കു ചുററും, ഭാഗം 1). രണ്ടാമതായി കാനോന നമസ്ക്കാരത്തിലും, ആദ്യത്തേതിൽ കർത്താവിന്റെ തിരുശ്ശരീരരക്തങ്ങളും രണ്ടാമത്തേതിൽ ദൈവവചനം തന്നെയായ സങ്കീർത്തനങ്ങളുമാണു് മർമ്മസ്ഥാനമലങ്കരിക്കുന്നതു്.

ഒരു സമൂഹമെന്ന നിലയിൽ ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണു്. ദിവ്യബലി സദാ അർപ്പിക്കുക സാദ്ധ്യമല്ലല്ലോ. എല്ലാവർക്കും ചെയ്യാവുന്നതു് രഹസ്യമായും പരസ്യമായും സദാ പ്രാർത്ഥിക്കുകയെന്നതാണു്. സാമൂഹികമായ പ്രാർത്ഥന പരസ്യപ്രകൃതിയോടുകൂടി ക്രമവൽക്കരിച്ചതാണു് സഭയുടെ ഔദ്യോഗികപ്രാർത്ഥനയെന്നപേരിൽ അറിയപ്പെടുന്ന കാനോനാ നമസ്ക്കാരം.

www.malankaralibrary.com

രണ്ടു്

## കാനോനാനമസ്കാരത്തിൻെറ പ്രകൃതി

## വിവിധസംജ്ഞകളിൽനിന്നു്

ഈ ലോകജീവിതത്തിൽമനുഷ്യൻ സാധാരണഗതിയിൽ ദൈവവുമായി കണ്ടുമുട്ടുന്നരംഗമായി ആരാധനക്രമത്തെപ്പററി ചിലർപറയാറുണ്ടു്. സ്രഷ്ടാവായ ദൈവത്തെ മനുഷ്യൻ സമീപിക്കുന്നതിനും, മനുഷ്യനെ ദൈവം സമീപിക്കുന്നതിനുമുള്ള സാധാരണമാർഗ്ഗമായി അതിനെ കണക്കാക്കുന്നതു് തികച്ചും ശരിതന്നെ. മനുഷ്യൻ തൻെറ വിധേയത്വം ഏററുപറയുന്നതും തനിക്കാവശ്യമുള്ളവ യാചിക്കുന്നതും അതിൽവച്ചാണു്. ദൈവം തൻെറ കൃപ മനുഷ്യനു സമൃദ്ധിയായി നൽകുന്നതു് ഇതുവഴിയാണു താനും. അങ്ങിനെ ആരാധനയുടെയും യാചനയുടെയുമൊക്കെ ഒരാരോഹണചലനവും (ascending movement) ദൈവാനുഗ്രഹത്തിൻെറ അവരോഹണചലനവും (descending movement) ആരാധനാക്രമത്തിലുമുണ്ടു്. ആരാധനാക്രമത്തിൻെറ ഘടകങ്ങളിൽ പ്രധാനം വി. കുർബ്ബാനയും, മററു കൂദാശകളുമാണു്. അടുത്തതു് തിരുസ്സഭയുടെ പ്രാർത്ഥനയായ കാനോനാനമസ്കാരവും.

### വിവിധ സംജ്ഞകൾ

കാനോനാ നമസ്കാരം നൂററാണ്ടുകളിലൂടെ വിവിധ സംജ്ഞകളിൽ അറിയപ്പെട്ടിട്ടുണ്ടു്. Sacrifice of

www.malankaralibrary.com

praise, Divine office, Canonical prayer, Oopu. Dei Breviary. ഈ പേരുകൾ പഠിക്കുന്നപക്ഷം കാനോനാന, മസ്ക്കാരത്തിൻെറ പ്രകൃതിയെപ്പററി നമുക്കു ചിലതെല്ലാം മനസ്സിലാക്കാവുന്നതാണ്.

1. Sacrifice of Praise (സ്തുതിയുടെ ബലി)

"നമ്മുടെ അധരങ്ങളുടെ ദഹന ബലികളെ നമുക്കു സമർപ്പിക്കാം" (Os. 14. 2) മിശിഹായിലൂടെ നമ്മുടെ ദൈവത്തിനു നിരന്തരമായ സ്തുതിയുടെ ബലിയർപ്പിക്കാം (Heb. 13. 15.). മനുഷ്യസ്വരംകൊണ്ടുള്ള ദൈവസ്തുതിക്ക് ഉപോത്ബലകങ്ങളാണ് ഈ വാക്യങ്ങൾ. Sacrifice എന്നതിൻെറ അർത്ഥം വിശുദ്ധീകരിക്കുക എന്നാണ് (Saernm facere). മനുഷ്യൻെറ ശക്തികളിലൊന്നായ സംസാരം–അധരം– ദൈവത്തിനുവേണ്ടി പവിത്രീകരിക്കപ്പെടുകയും, ദൈവത്തെ സ്തുതിക്കുക എന്ന സ്തുത്യർഹമായ കൃത്യത്തിനായി അതിനെ പ്രതിഷ്ഠിക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ബലിവസ്തുവിനെ നിഹനിക്കുക എന്നത് ബലിയിൽ അവശ്യം വേണ്ട ഒന്നല്ല ജീവൻെറ ദാതാവിന്, സൃഷ്ടിയുടെ കർത്താവിന്, സൃഷ്ടവസ്തുവിനെ മുഴുവനായോ ഭാഗികമായോ സമർപ്പിച്ചുകൊണ്ട് വിധേയത്വവും ആശ്രയബോധവും ഏററുപറയുക എന്നതാണ് ബലിയുടെ സാരാംശം. ബലികൊണ്ടുദ്ദേശിക്കുന്നത് അർപ്പകനും അർപ്പിത വസ്തുവുമായി ഒരു വിധത്തിൽ താദാത്മ്യം പ്രാപിച്ച് ദൈവത്തിനു അർപ്പിക്കപ്പെടണമെന്നതാണ്. ദൈവവുമായുള്ള ഐക്യത്തിന് ഇതൊരടയാളമാണ്, മരണാനന്തരജീവിതത്തിൽ സംഭവിക്കുവാനിരിക്കുന്ന ഐക്യത്തിൻെറ ഒരു മുന്നോടിയായിവേണം ബലിയെ കണക്കാക്കുവാൻ.

www.malankaralibrary.com

കാനോനനമസ്ക്കാരത്തിൽ, മനുഷ്യനെ മുഴുവൻ പ്രതിനിധാനം ചെയ്യുന്ന മനുഷ്യശബ്ദത്തെ ദൈവത്തിനർപ്പിക്കപ്പെടുന്നുവെന്നു പറയാം. ബുദ്ധിശക്തിയും ഇച്ഛാശക്തിയുമുള്ള മനുഷ്യൻ തന്റെ ശക്തികൾക്കനുസൃതമായി ദൈവത്തിന്റെ കർത്ത്റുത്വവും, തന്റെ വിധേയത്വവും ഏററുപറയുന്നു. ഈ ഏററുപറച്ചിൽ നടത്തുന്നത് സ്വന്തം ശക്തികളിലൊന്നായ ശബ്ദം മുഖേനയാണ്. ആ ശക്തിയെ വിശുദ്ധീകരിച്ചുകൊണ്ട് ആ ശക്തി സ്ഥിതിചെയ്യുന്ന മനുഷ്യനെ ദൈവത്തിനർപ്പിക്കുന്നു. വിധേയത്വമേററുപറഞ്ഞുകൊണ്ട്, ദൈവത്തിനു കൃതജ്ഞത പറയുകയും, സംസാരശക്തിയും അതോടൊപ്പം വ്യക്തിയെ മുഴുവനും, ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുന്നതിനാൽ കാനോനനമസ്ക്കാരം കൃതജ്ഞതയുടെയും സ്തോത്രത്തിന്റെയും ബലിയാണെന്നു പറയുന്നതു് അന്വർത്ഥമത്രെ.

## 2. Divine office–ദൈവികശുശ്രൂഷ

ഒരുവൻ അപരനുവേണ്ടിചെയ്യുന്ന സേവനവും ശുശ്രൂഷയുമാണ് officum=office എന്നതുകൊണ്ടുദ്ദേശിക്കുന്നതു്. പ്രകൃതത്തിൽ മനുഷ്യനു ദൈവത്തെ ശുശ്രൂഷിക്കുവാനും സേവിക്കുവാനുമുള്ള കടമ സൂചിതമാണ്. എല്ലാ ശക്തികൊണ്ടും സ്വരംകൊണ്ടുതന്നെയും ദൈവത്തെ സ്തുതിക്കുവാൻ മനുഷ്യൻ കടപ്പെട്ടവനാണല്ലോ.

## 3. Opus Dei

ദൈവത്തിന്റെ കൃത്യം, ദൈവത്തിന്റെ പ്രവൃത്തി എന്നൊക്കെയാണിതിന്റെ അർത്ഥം. ദൈവംതന്നെയായ പുത്രൻതമ്പുരാൻ മനുഷ്യാവതാരത്തിലൂടെ സ്വീകരിച്ച പ്ര

www.malankaralibrary.com

ത്യേകകൃത്യത്തെ- ദൈവമഹത്വീകരണത്തെ—ഇതു സൂചി പ്പിക്കുന്നു. ദൈവത്വവും മനുഷ്യത്വവുമൊത്തുചേർന്നക്രിസ്തു ആരംഭിച്ച ദൈവസ്തുതിപ്പു സഭയിലൂടെ തുടർന്നുപോകുന്നു. അതിനുള്ള ഒരുപാധിയാണ് കാനോനാനമസ്കാരം. ദൈവത്തെ സ്തുതിക്കുവാൻ സഭയ്ക്കുള്ള കടമയാണ് ഇതു ദ്യോതിപ്പിക്കുന്നതു്. ദൈവസ്തുതിക്ക് പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട വൈദികരേയും സന്യാസികളേയും സംബന്ധിക്കുന്ന ഒരു ജോലിയായി ഇടക്കാലത്തു് ഇതു് കരുതപ്പെട്ടുപോന്നു.

Canonical hours–കനോനാനമസ്കാരം

'കാനോൻ' എന്നഗ്രീക്കുപദത്തിനു അളവുകോൽ, മട്ടം, ചട്ടം എന്നൊക്കെഅർത്ഥമുണ്ടു്. 'കാനോന' എന്ന സുറിയാനിപദം ഗ്രീക്കിൽനിന്നുൽഭവിച്ചതാണ്. കനോനാനമസ്ക്കാരം, കനോനാ നിയമംഎന്നതിലൊക്കെ 'നോനാ' എന്നതിന്റെ അർത്ഥം നിയമാധിഷ്ഠിതമായ, നിഷ്കൃഷ്ടമായ, അംഗീകൃതമായ, ഔദ്യോഗികമായ എന്നൊക്കെയാണ്. സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയാണ് കാനോനാ നമസ്ക്കാരം. അതു സഭയുടെ പൊതു പ്രാർത്ഥനയാണ്. 'സഭ...കർത്താവിനെ നിരന്തരം സ്തുതിക്കുന്നതിലും, ലോകം മുഴുവന്റേയും രക്ഷയ്ക്കുവേണ്ടി അപേക്ഷിക്കുന്നതിലും വ്യാപൃതയായിരിക്കുന്നു. ദിവ്യബലിസമർപ്പണംകൂടാതെ മററു പല മാർഗ്ഗങ്ങളുംവഴി, പ്രത്യേകിച്ച് കാനോനികനമസ്ക്കാരംവഴി അവരം അതു സാധിക്കുന്നു.

(CSL 83)

5. Breviary

ഈ വാക്കിന്റെ അർത്ഥംതന്നെ ചുരുക്കിയതു്, ചെറുതാക്കി ക്രമപ്പെടുത്തിയ പുസ്തകം എന്നൊക്കെയാണ്.

www.malankaralibrary.com

കാനോനാനമസ്ക്കാരത്തിന്റെ പ്രധാനഭാഗമാണ് സങ്കീർത്തനം. മുൻകാലങ്ങളിൽ വൈദികഗണത്തിന് സങ്കീർത്തനങ്ങളെല്ലാം ഹൃദിസ്ഥമായിരുന്നു. അതിനിടയ്ക്കു ചേർക്കുന്ന പല്ലവി-ആവർത്തിക്കുന്ന പ്രത്യുത്തരം-മാത്രം ജനങ്ങൾ അന്നു പാടിയിരുന്നു. അതുകൊണ്ട് അധികം പുസ്തകങ്ങളുടെ പ്രശ്നമേ ഇല്ലായിരുന്നു. വേദപുസ്തക ഭാഗങ്ങളും മററും ഒരാൾ പാടുമ്പോൾ മററുള്ളവർ അതു ശ്രദ്ധിച്ച് കേട്ടിരുന്നു.

ഇടയ്ക്കിടയ്ക്ക് എല്ലാവരുംകൂടി കീർത്തനങ്ങളും ആലപിക്കുന്നു. പിൽക്കാലത്ത് ഈ കീർത്തനങ്ങളൊക്കെ പ്രത്യേക പുസ്തകമായി തയ്യാറാക്കിയിരുന്നു; അതുപോലെതന്നെ ഇടയ്ക്കിടയ്ക്കു ചൊല്ലുന്ന പ്രാർത്ഥനകളും. അങ്ങനെ പലതരത്തിലുള്ള ഘടകങ്ങൾ കാനോനാനമസ്ക്കാരത്തിലുണ്ടായിരുന്നെങ്കിലും അവയെല്ലാം ഒന്നിച്ച് ഒരു പുസ്തകമായിരുന്നില്ല; ഓരോന്നും പ്രത്യേകം പ്രത്യേകമായിരുന്നു. ഈ പ്രാർത്ഥന, സമൂഹത്തിൽ നടത്താനുള്ളതായിരുന്നതുകൊണ്ട് അതു മതിയായിരുന്നുതാനും. പിന്നീട് വ്യക്തിഗതമായി ചൊല്ലുവാനുള്ള 'കടമ' ഉണ്ടായപ്പോൾ (ലത്തീൻ റീത്തിൽ 12-ാം നൂററാണ്ട്) എല്ലാം കൂടി ഒന്നാക്കി ഒരു പുസ്തകമാക്കി. തൃശ്ശൂരിൽനിന്നും മാർതോമ്മാ ധർമ്മോതയ്യാറാക്കി മൂന്നു വാല്യത്തിൽ പ്രസിദ്ധം ചെയ്ത കാനോനാനമസ്ക്കാരം പല പുസ്തകങ്ങളുടെ സമാഹാരമാണെന്നു വ്യക്തമായി പറയുന്നു. സങ്കീർത്തനപുസ്തകം, ഖ്ദാംബാസർ പുസ്തകം, സ്ളോസാ (Orations) പുസ്തകം, കീർത്തനപ്പുസ്തകം.. എന്നിവയൊക്കെ കൂട്ടിച്ചേർത്തതാണ് പ്രസ്തുത ഗ്രന്ഥം.

ഇത്തരത്തിലുള്ള പുസ്തകം വളരെ വലുപ്പമുള്ളതായിരുന്നതിനാൽ പല റീത്തിലും ക്രമം ചുരുക്കേണ്ടിവന്നു.

www.malankaralibrary.com

വളരെ ദീർഘിച്ച കീർത്തനങ്ങൾ വെട്ടിച്ചുരുക്കി. അങ്ങനെയൊക്കെ ചുരുക്കിക്കിട്ടിയപുസ്തകമായതിനാലാണ് കാനോനാ നമസ്ക്കാരത്തിന് Breviary, Breviarium= ചെറിയ പുസ്തകം എന്ന പേരുണ്ടായത്.

ഇന്ന് സാധാരണയായി കാനോനാ നമസ്ക്കാരം എന്ന സംജ്ഞകൊണ്ട് വൈദികന്മാരുടെ പ്രാർത്ഥനപ്പുസ്തകം എന്നാണ മനസ്സിലാക്കുക. പല സന്യാസിനികളും, അവൈദിക സന്യാസികളും ഓരോതരത്തിലുള്ള ചെറിയ ഒപ്പീസുകൾ ചൊല്ലി തൃപ്തിപ്പെടുകയും അൽമായർക്ക് സാമാന്യഗതിയിൽ അജ്ഞാതമായ ഭാഷയിൽ കാനോനിക നമസ്ക്കാരം ആകയുംചെയ്തതിനാൽ അത് വൈദികന്മാരുടെ 'കുത്തക'യായി കണക്കാക്കപ്പെട്ടുവരുന്നു. എന്നാൽ ഈ ആശയം ഇടക്കാലത്തു കയറിപ്പററിയതാണ്. അതുതന്നെയും ലത്തീൻ റീത്തിലും അതിൻെറ പ്രേരണ ലഭിച്ച മററു പൗരസ്ത്യ റീത്തുകളിലും മാത്രം. കാനോനാ നമസ്ക്കാരം സഭയുടെ ആദിമ നൂററാണ്ടുകളിൽ വിശ്വാസികളേയും ബാധിക്കുന്നതായി കണക്കാക്കപ്പെട്ടിരുന്നു. ആ ഭക്തകൃത്യം പരസ്യമായി നടത്തിയിരുന്നപ്പോൾ അവരും പങ്കെടുത്തിരുന്നു. ആരാധനക്രമനവോത്ഥാനമാരംഭിച്ചതോടെ ഈ രീതി പുനരുദ്ധരിക്കാനുള്ള ശ്രമം നടന്നുവരികയാണ്. ബനഡിക്ടൈൻ സന്യാസികളുടെ ചില ആശ്രമങ്ങളിൽ ഈ യത്നം ഫലമണിയുന്നുണ്ട്. ജർമ്മനിയിലെ 'മരിയലാക്' ആശ്രമവും, സ്പെയിനിലെ 'മോൺ സെററാറു' ആശ്രമവുമൊക്കെ ഇത്തരത്തിലുള്ള ഒന്നാംതരം പരീക്ഷണരംഗങ്ങളാണ്. അവിടങ്ങളിൽ അനുദിനം ആയിരക്കണക്കിനു വിശ്വാസികൾ വേസ്പര (സായംകാല) നമസ്ക്കാരത്തിൽ ഭക്തിനിർഭരമായി പങ്കുകൊള്ളുന്നതു് കാണുകതന്നെ ആനന്ദദായകമാണ്. വിജയപ്രദങ്ങളായ

www.malankaralibrary.com

ആ പരീക്ഷണങ്ങളുടെയൊക്കെ അനുമാനമെന്ന നിലയിൽ മനോവിശ്വാസത്തോടെ കൗൺസിൽ പിതാക്കന്മാർ ഉൽബോധിപ്പിക്കുന്നു: 'ഞായറാഴ്ചകളിലെയും കൂടുതൽ ആഘോഷമുള്ള തിരുനാളുകളിലെയും പ്രധാനമായ പ്രാർത്ഥന ദൈവാലയത്തിൽ വച്ചുതന്നെ കൂട്ടമായി നടത്താൻ ആത്മപാലകർ ശ്രദ്ധിക്കണം. അൽമായരും വൈദികരോടൊന്നിച്ചോ, അവർ കൂട്ടമായോ അല്ലെങ്കിൽ അവരിൽ ഓരോരുത്തരും തനിച്ചോ, കാനോനിക പ്രാർത്ഥന നടത്തുവാൻ അവരെ പ്രോൽസാഹിപ്പിക്കണം.' (C S L 100)

www.malankaralibrary.com

മൂന്ന്

# യാമപ്രാർത്ഥനകൾ

## രൂപവൽക്കരണം

### 1. പഴയനിയമത്തിൽ

'പുരാതനമായ ക്രിസ്തീയപാരമ്പര്യമനുസരിച്ച് ദൈവസ്തുതിവഴി പകലിൻേറയും രാത്രിയുടേയും ഗതി മുഴുവനും പവിത്രമാക്കുന്നതിനു സംവിധാനം ചെയ്തിട്ടുള്ളതാണ് കാനോനാ നമസ്ക്കാരം' (C.S.L 84). ആദിമസഭയിൽ ഞായറാഴ്ചയിലും പ്രധാനപ്പെട്ട തിരുന്നാളുകളിലുമേ വി. ബലി അർപ്പിക്കപ്പെട്ടിരുന്നുള്ളു. എന്നാൽ ഒന്നിച്ചു പ്രാർത്ഥിക്കുന്നതിനു് എല്ലാ ദിവസവും ക്രിസ്ത്യാനികൾ സമ്മേളിച്ചിരുന്നു. ജറുസലേം ദൈവാലയത്തിലെ സായാഹ്നബലിയും പ്രഭാതബലിയും സിനഗോഗിലെ സമ്മേളനങ്ങളും യഹൂദമതം ഉപേക്ഷിച്ചുവന്ന ആദിമക്രിസ്ത്യാനികൾക്കു സുപരിചിതമായിരുന്നല്ലൊ. ക്രിസ്ത്യാനികളായശേഷവും ആദിമ ക്രിസ്ത്യാനികൾ യഹൂദമുറയ്ക്കുള്ള യാമപ്രാർത്ഥനകൾ നടത്തിയിരുന്നതായി വേദപുസ്തകം പരിശോധിച്ചാൽ കാണാം.

പഴയനിയമത്തിൽ ബലിയർപ്പണമാകുന്ന പ്രവൃത്തി കൊണ്ടെന്നപോലെതന്നെ, വാക്കുകൊണ്ടും ദൈവത്തെ സ്തുതിക്കണമെന്നു് ദൈവം കല്പിച്ചു: 'കർത്താവിനു ഞാൻ സ്തോത്രബലിയർപ്പിക്കുകയും, തിരുനാമം വിളിച്ചപേക്ഷിക്കുകയും ചെയ്യും.' (Ps. 114: 17) ഈ സ്തോത്രബലിയുടെയും അപേക്ഷയുടെയുമൊക്കെ സമയവും നാം സങ്കീ

www.malankaralibrary.com

ർത്തനത്തിൽ കാണുന്നുണ്ടു്. 'അങ്ങേ നീതിവിധികൾക്കു നന്ദി പറയുവാൻ പാതിരാത്രി ഞാനെഴുന്നേററു.' (Ps. 118: 62) 'അങ്ങേ പ്രമാണങ്ങളെക്കുറിച്ചു് ദിവസം ഏഴു പ്രാവശ്യം ഞാനങ്ങയെ 'സ്തുതിച്ചു' (Ps. 118: 162)

മോശയുടെ കാലത്തു് വാങ്മൂലമുള്ള സ്തോത്രത്തിന് അധികം പ്രചാരമുള്ളതായി നാം കാണുന്നില്ല. എങ്കിലും 'മോശയുടെ സ്തുതിപ്പു്' എന്ന പേരിൽ അറിയപ്പെടുന്ന കീർത്തനങ്ങൾ നാം വേദപുസ്തകത്തിൽ കാണുന്നുണ്ടു്. (ഇത്തരത്തിലുള്ള മൂന്നെണ്ണം കൽദായറീത്തിൽ സങ്കീർത്തനങ്ങളോടുചേർത്തു ചൊല്ലാറുണ്ടു്. അവ പുറപ്പാടു് 15-ാം അദ്ധ്യായം, ആവർത്തനം23-ാം അദ്ധ്യായം ഇവയിൽ നിന്നെടുത്തിട്ടുള്ളവയാണു്. ഇവയിൽ ആദ്യത്തേതു് ലത്തീൻ റീത്തിൽ വ്യാഴാഴ്ചത്തെ നമസ്ക്കാരത്തിൽ–Lauds–ചൊല്ലുന്നതാണെന്നതും പ്രസ്താവ്യമത്രേ.)

പഴയനിയമത്തിൽ നിയമനിഷ്കൃഷ്ടമായ സ്തോത്രാർപ്പണം നാം ആദ്യമായി കാണുന്നതു് ദാവീദിൻെറ കാലത്താണു്. ജറുസേലം നഗരിയിൽ ആധിപത്യം സ്ഥാപിച്ചശേഷം അതിൽ 'വാഗ്ദത്തപേടകത്തിനായി ദാവീദു് ഒരു സ്ഥലം ഒരുക്കി; അവിടെ ഒരു കൂടാരം പണിതു. ദൈവത്തിൻെറ പേടകം കൊണ്ടുവന്നു്, ദാവീദു് അതിനായി നിർമ്മിച്ചിരുന്ന കൂടാരത്തിൻെറ മദ്ധ്യത്തിൽവച്ചു കർത്താവിൻെറ പേടകത്തിൻെറ മുമ്പിൽ ശുശ്രൂഷ ചെയ്യുന്നതിനും ഇസ്രായേലിൻെറ ദൈവമായ കർത്താവിനെ സ്തുതിക്കുന്നതിനും, പ്രകീർത്തിക്കുന്നതിനും, അവിടുത്തെ പ്രവൃത്തികൾ സ്മരിക്കുന്നതിനും വേണ്ടി ലേവ്യരെ അദ്ദേഹം നിയമിച്ചു...കർത്താവു് ഇസ്രായേൽ ജനത്തോടു് ആജ്ഞാപിച്ചിരുന്നതും, കർത്താവിൻെറ നിയമത്തിൽ എഴുതപ്പെട്ടിരുന്നതുമായ, രീതിയിൽ പ്രഭാതത്തിലും പ്ര

www.malankaralibrary.com

ദോഷത്തിലും മുടങ്ങാതെ ഹോമബലികളർപ്പിക്കാൻ പുരോഹിതന്മാർ നിയമിതരായി....ഇവർക്കു പുറമേ പേരു പറഞ്ഞു തെരഞ്ഞെടുക്കപ്പെട്ട മററുള്ളവരും കർത്താവിൻെറ അനന്തകാരുണ്യം പ്രകീർത്തിക്കുന്നതിനു നിശ്ചയിക്കപ്പെട്ടു.' (1 ദിനവൃത്താന്തം 15, 16 അദ്ധ്യായങ്ങൾ) പേടകത്തിനു മുമ്പിൽ ശനിയാഴ്ച തുടങ്ങി, ആഴ്ച മുഴവൻ സ്തോത്രബലിയർപ്പിക്കാൻ ഇരുപത്തിനാലു ഗണത്തിലായി നാലായിരം സംഗീതകരെ ദാവീദു നിയമിച്ചു; സംഗീതം പഠിപ്പിക്കാനായി 288 അദ്ധ്യാപകരേയും.

വാഗ്ദത്തപേടകത്തിൻെറ മുമ്പിൽ ചെയ്തിരുന്ന പ്രഭാത പ്രദോഷശുശ്രൂഷകൾ സോളമൻെറ ദൈവാലയത്തിലും അനുഷ്ഠിച്ചിരുന്നു. ജറുസലേം ദൈവാലയത്തിൽനിന്നു ആ രീതി പാലസ്തീനായിലും പുറത്തുമുള്ള സിനഗോഗുകളിലേയ്ക്കും (യഹൂദന്മാർ വേദപുസ്തകപാരായണത്തിനും പ്രാർത്ഥനയ്ക്കുമായി കൂടിയ ആലയങ്ങൾ) പടർന്നുപിടിച്ചു.

## 2. കാനോനാ നമസ്ക്കാരവും സിനഗോഗും

ജറുസലേം ദൈവാലയം നശിപ്പിക്കപ്പെട്ടപ്പോൾ (ക്രിസ്ത്വാബ്ദം 70–ൽ) ജറുസലേമിൽ തന്നെ 394 സിനഗോഗുകളുണ്ടായിരുന്നു (Talmud). ദൈവാലയത്തിൽ മാത്രമേ ബലിയർപ്പിക്കുക അനുവദനീയമായിരുന്നുള്ളു. അതുകൊണ്ടു് സാധാരണ ജനങ്ങൾ സമ്മേളിച്ചിരുന്ന സിനഗോഗുകളിൽ പ്രാർത്ഥനകളും വേദപുസ്തകപാരായണവും പ്രബോധനവും നടത്തിയിരുന്നതിൽ അത്ഭുതമില്ലല്ലോ. ജനങ്ങൾക്കു സമ്മേളിക്കാനുള്ള സ്ഥലം സിനഗോഗായിരുന്നു.

ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിൽ ഹീബ്രു പ്രൊഫസ്സറായിരുന്ന C. W. Dugmore സിന

www.malankaralibrary.com

ഗോഗും കാനോനാ നമസ്ക്കാരവും തമ്മിലുള്ള ബന്ധത്തെപ്പററി ഒരു സമഗ്രപഠനം നടത്തിയിട്ടുണ്ട്. (The Influence of the Synagogue upon the Divine Office, Oxford University Press, 1945) അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ച് ശനിയാഴ്ചയും (സാബത്തു) ഉപവാസ ദിവസങ്ങളായ തിങ്കളാഴ്ചയും വ്യാഴാഴ്ചയും പ്രഭാത സായാഹ്ന ജപങ്ങൾ പതിവായിരുന്നു. പഴയ നിയമവായനകൾ (നിയമവും പ്രവചനവും) സങ്കീർത്തനങ്ങൾ, പ്രസംഗം, പ്രാർത്ഥനകൾ ഇവയായിരുന്നു ആ ശുശ്രൂഷകളുടെ പ്രധാന ഘടകങ്ങൾ. മററിടദിവസങ്ങളിലും പ്രഭാത സായാഹ്ന ജപങ്ങൾ ഉണ്ടായിരുന്നെങ്കിലും അവയ്ക്കു വായനകളും പ്രസംഗവും ഉണ്ടായിരുന്നില്ല, കുറേ സങ്കീർത്തനങ്ങളും പ്രാർത്ഥനകളുമേ തത്സമയം ചൊല്ലിയിരുന്നുള്ളു.

## യാമപ്രാർത്ഥനകൾ

സിനഗോഗിൽ മൂന്നു നേരം പ്രാർത്ഥനയുണ്ടായിരുന്നു. പ്രഭാതത്തിലും, ഉച്ചകഴിഞ്ഞും, വൈകിട്ടും. ദാനിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽ (6:11) "ദിവസം മൂന്നു പ്രാവശ്യം അവൻ ആരാധിച്ചു പ്രാർത്ഥിച്ചു ദൈവത്തിനു നന്ദിപറഞ്ഞു" എന്നു കാണുന്നുണ്ടല്ലോ. സങ്കീർത്തനത്തിലാണെങ്കിൽ 'വൈകിട്ടും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും കർത്താവോടു ഞാൻ ആവലാതിപ്പെടുകയും അവിടുന്ന് എൻെറ ശബ്ദം കേൾക്കുകയും ചെയ്യും' എന്നു പറയുന്നുണ്ട്. (Ps. 55: 18) ക്രിസ്തുവബ്ദം 100-ൽ ഈ മൂന്നു യാമപ്രാർത്ഥനകളും നിയമപരമായി എല്ലാ യഹൂദനേയും ബാധിക്കുന്നതായി കരുതപ്പെട്ടു.

യഹൂദന്മാരുടെ Talmud എന്ന ആധികാരികഗ്രന്ഥം പ്രഭാതപ്രാർത്ഥനയ്ക്കും സായാഹ്നപ്രാർത്ഥനയ്ക്കും പററിയ

www.malankaralibrary.com

സമയങ്ങളായി നൽകുന്നതു് ഉഷസ്സും പ്രദോഷവുമാണു്. പ്രസ്‌താവ്യമാണു്. ഭക്തനായ യഹൂദൻ ദിവസം ഏഴു പ്രാവശ്യം പ്രാർത്ഥിച്ചിരുന്നു. (സങ്കീ. 118: 164) എന്നതു

### 3. പുതിയ നിയമത്തിൽ

ദിവസത്തിൻെറ ആരംഭത്തിലും അവസാനത്തിലും (പ്രഭാതജപവും സായാഹ്നജപവും) ദൈവത്തെ സ്തുതിക്കുന്ന യഹൂദരീതി ആദിമ ക്രിസ്‌ത്യാനികളും ഉപേക്ഷിച്ചില്ല. യഹൂദന്മാരെപ്പോലെ ക്രിസ്‌ത്യാനികളും ഈ രണ്ടു ശുശ്രൂഷകൾ പ്രാർത്ഥനയ്ക്കുള്ള പ്രധാന യാമങ്ങളായി കരുതി. പ്രാർത്ഥനയും സങ്കീർത്തനവും വേദപുസ്‌തകവായനയുമായിരുന്നു. ഈ ശുശ്രൂഷയുടെ പ്രധാന ഘടകങ്ങൾ, ആദ്യം യഹൂദന്മാരുടെ സമ്മേളനങ്ങളിലും പിന്നീടു സ്വതന്ത്ര സമ്മേളനങ്ങളാരംഭിച്ചപ്പോൾ (A. D. 65) ക്രൈസ്‌തവ സമ്മേളനങ്ങളിലും ക്രിസ്‌ത്യാനികൾ പ്രഭാതപ്രാർത്ഥനയും (സപ്രാ സായംകാല പ്രാർത്ഥനയും (റംശാ, Vespers) അനുഷ്ഠിച്ചുപോന്നു. അപ്പോഴേയ്ക്കും ഈ പ്രാർത്ഥനകളുടെ ഘടകങ്ങൾ ഏതാണ്ടു് നിശ്ചിതമായിരുന്നു. അതുകൊണ്ടാണു്, ഈ ശുശ്രൂഷകളിൽ എല്ലാ റീത്തുകൾക്കും പൊതുവായി ചില സങ്കീർത്തനങ്ങളും കീർത്തനങ്ങളും ഇന്നു കാണുന്നതു്. സിനഗോഗിലെ പ്രഭാതപ്രാർത്ഥനയ്ക്കുള്ള 91, 100 എന്നീ സങ്കീർത്തനങ്ങൾ പൗ. സിറിയൻസഭയിൽ—സീറോ മലബാർ റീത്തിലും—പ്രഭാതപ്രാർത്ഥനയിൽ ചൊല്ലുന്നതിൻെറ കാരണം, യഹൂദരുടെ നാട്ടിൽ പൗരസ്ത്യസിറിയൻ ആരാധനക്രമം വളർന്നുവന്നതാണു്. 140—ാം സങ്കീർത്തനം സായാഹ്ന പ്രാർത്ഥനയ്ക്കു് എല്ലാ റീത്തുകളിലും ചൊല്ലുന്നുണ്ടു്.

www.malankaralibrary.com

ആദിമക്രിസ്ത്യാനികൾ 'അപ്പം മുറിക്കലിലും പ്രാർത്ഥനയിലും' ബദ്ധശ്രദ്ധരായിരുന്നുവെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. (നടപടി 2 : 44) അവർ പ്രഭാതത്തിലും പ്രദോഷത്തിലും ആറാം മണിക്കൂറിലും ഒൻപതാം മണിക്കൂറിലും പ്രാർത്ഥിച്ചിരുന്നവത്രേ (നടപടി 3: 1, 10; 9)

## 4. കാനോനനമസ്കാരം ആദ്യശതകങ്ങളിൽ

രണ്ടാം നൂററാണ്ടിൽ ദിവ്യബലിയും ദൈവവചനശുശ്രൂഷയും സഭയിൽ സാധാരണമായിരുന്നുവെന്ന് തെർത്തുല്യനും ഒറിജനും രേഖപ്പെടുത്തിയിട്ടുണ്ട്. Either the sacrifice is offered or the Word of God is sei forth P.L. 1, 1445) ദിവ്യബലിയുടെ ആരംഭത്തിൽ 'ദൈവവചന' ശുശ്രൂഷ നടത്തുക പതിവായിത്തീർന്നു. പാശ്ചാത്യസഭയിൽ അനുദിനബലി ഏതാണ്ട് സാധാരണമാവുകയും (3-ാം നൂററാണ്ട്) പാശ്ചാത്യസഭയിലും പൗരസ്ത്യസഭയിലും സന്യസ്തജീവിതം തഴച്ചുവളരുകയും ചെയ്തപ്പോൾ സന്യാസികളുടെ പ്രഭാത സായാഹ്ന ജപങ്ങളിലെ 'ദൈവവചന' ശുശ്രൂഷയ്ക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചു.

### പ്രഭാതജപം

പ്രഭാതജപത്തെപ്പററി റോമിലെ ഹിപ്പോളിററസ് (235) സാക്ഷിക്കുന്നു: 'മെത്രാൻ നിർദ്ദേശിക്കുന്നസ്ഥലത്ത് വൈദികരും ഡീക്കന്മാരും സമ്മേളിക്കുന്നു; സമൂഹത്തിന് ഉപദേശം നൽകിയശേഷം പ്രാർത്ഥിക്കുന്നു. തുടർന്ന് എല്ലാവരും പോകുന്നു....ഉണരുന്ന സമയം മുതൽ വിശ്വാസികളേവരും പ്രാർത്ഥിക്കുന്നു. ഉപദേശമുണ്ടെങ്കിൽ എല്ലാവരും അതിൽ പങ്കെടുക്കുന്നു...എല്ലാവരുമൊന്നിച്ച്

www.malankaralibrary.com

സമൂഹത്തിൽ പ്രാർത്ഥിക്കമ്പോഠം ദിവസത്തിലുണ്ടാകുന്ന തിന്മകളകററാൻ ഓരോരുത്തനും ശക്തി ലഭിക്കും. പ്രഭാതജപത്തെപ്പററിയാണല്ലോ ഇവിടെ സൂചന. തമസ്സിനു ശേഷം വരുന്ന സൂര്യകിരണം പുതിയ ജീവനെ സൂചിപ്പിക്കുന്നു. ആ സമയം നിദ്രയിൽ നിന്നുണർന്ന മനുഷ്യൻ പുതിയ ജീവിതമാരംഭിക്കാനായി പ്രാർത്ഥിക്കുന്നു. അതിനുള്ള പ്രചോദനം പ്രഭാതസൂര്യന്റെ കിരണങ്ങഠം നൽകുന്നുവെന്നു പറയാം.

## സായാഹ്നജപം

സൂര്യൻ അസ്തമിക്കുന്നു; 'തിമിരം തള്ളിക്കയറുന്നു'. സന്ധ്യാവിളക്ക് കൊളുത്തുന്ന സമയം ദൈവം നൽകിയ പ്രകാശത്തിനും, നിരവധി അനുഗ്രഹങ്ങഠംക്കും സൃഷ്ടികർമ്മത്തിനും പരിത്രാണനത്തിനും നന്ദി പറയുക; സൗഭാഗ്യം നിറഞ്ഞ രാത്രിക്കായി അഭ്യർത്ഥിക്കുക. ഇവയാണ് ആദ്യകാലത്ത് സായാഹ്നജപത്തിന്റെ പ്രധാന ലക്ഷ്യങ്ങളായി പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നതു്.

## മററു യാമപ്രാർത്ഥനകഠം

ക്രിസ്ത്വബ്ദം ഒന്നാം ശതകത്തിൽ ചാവുകടലിനടുത്തു വസിച്ചിരുന്ന എബ്രായ സന്യാസികഠം സൂര്യോദയത്തിലും മദ്ധ്യാഹ്നത്തിലും സന്ധ്യയ്ക്കും പാതിരായ്ക്കും വെളുപ്പിനും പ്രാർത്ഥിച്ചിരുന്നതായി 1947–ൽ കണ്ടെടുത്ത അവരുടെ നിയമപുസ്തകം (Manual of discipline) സാക്ഷിക്കുന്നു.

ആദ്യശതകത്തിന്റെ അന്ത്യത്തിൽ വിരചിതമായ Didache എന്ന ഗ്രന്ഥത്തിൽ പ്രത്യേക സമയം നിർദ്ദേ

www.malankaralibrary.com

ശിക്കാതെ മൂന്നു പ്രാവശ്യം പ്രാർത്ഥിക്കണമെന്നു പറയുന്നു. (8:3) തെർത്തുല്യനും ഇപ്രകാരം മൂന്നു യാമപ്രാർത്ഥനകളെപ്പററി പറയുന്നുണ്ടു്. ദിവസത്തിലെ വിവിധ പ്രാർത്ഥനാവിനാഴികകൾ തെരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങൾ തെർത്തുല്യൻ നൽകുന്നതിപ്രകാരമാണു്: മൂന്നാം മണിക്കൂറിലാണു് പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ ഇറങ്ങിയതു് (നടപടി 2:15. ആറാം മണിക്കൂറിൽ പത്രോസ് പ്രാർത്ഥനയ്ക്കായി പുരമുകളിൽ കയറി (നടപടി 10:9). 'പ്രാർത്ഥനാവിനാഴികയായ ഒൻപതാം മണിക്കൂറിലാണ പത്രോസും യോഹന്നാനും ജറുസലേം ദൈവാലയത്തിലേയ്ക്കു് പ്രാർത്ഥിക്കുവാൻ പോയതു് (നടപടി 3:1; ഒൻപതാം മണിക്കൂർ പ്രാർത്ഥനാസമയമായി ഉപയോഗിക്കാറുണ്ടായിരുന്നുവെന്നു് നടപടി 10:3, 30 സൂചിപ്പിക്കുന്നു)

കർത്താവിന്റെ ജീവിതത്തിലെ അന്ത്യവിനാഴികകൾ അനുസ്മരിച്ചുകൊണ്ടു് പ്രത്യേക യാമങ്ങളിൽ പ്രാർത്ഥിക്കണമെന്നു് വി. അത്തനേഷ്യസ് De Virginitate എന്ന ഗ്രന്ഥത്തിൽ കന്യകകളെ ഉപദേശിക്കുന്നു. മൂന്നാം മണിക്കൂറിൽ പ്രാർത്ഥിക്കണം, കാരണം കർത്താവിന്റെ കുരിശിനുള്ള രണ്ടു തടിക്കഷണങ്ങൾ വച്ചുറപ്പിച്ചതു് അപ്പോഴാണു്. ആറാം നാഴികയിൽ പ്രാർത്ഥിക്കണം; ആ സമയത്താണു് കർത്താവു കുരിശിൽ തറക്കപ്പെട്ടതു്. ഒൻപതാം മണിക്കൂറിൽ കർത്താവു മരിച്ചതുകൊണ്ടു് അപ്പോഴും പ്രാർത്ഥിക്കണം. രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പു് കർത്താവു പാതാളത്തിലേക്കിറങ്ങിയതോർത്തു പ്രാർത്ഥിക്കണം. കർത്താവിന്റെ ഉയർപ്പിനെ അനുസ്മരിച്ചുകൊണ്ടു പാതിരാവിൽ പ്രാർത്ഥിക്കാനും ഉപേക്ഷ വിചാരിക്കരുതു്.

www.malankaralibrary.com

"അർദ്ധരാത്രിയിൽ ഇതാ മണവാളൻ വരുന്നു; അവനെ എതിരേൽക്കുവാൻ പുറപ്പെടുവിൻ എന്നു് ആർപ്പുവിളിയുണ്ടായി,, (മത്തായി 25. 6). ഈ വേദപുസ്തകഭാഗം സൂചിപ്പിച്ചുകൊണ്ടു് പാതിരാവിൽ കർത്താവിന്റെ രണ്ടാമത്തെ വരവിനെ പ്രതീക്ഷിച്ചു പ്രാർത്ഥിക്കണമെന്നു് ചിലർ പറഞ്ഞിരുന്നു; പ്രഭാതത്തിൽ നിദ്രയിൽ നിന്നുണരുമ്പോൾ, ശവകുടീരത്തിൽനിന്നു് ഉയർത്തെഴുന്നേററ ക്രിസ്തുവിനെ അനുസ്മരിക്കണമെന്നും. നാലാം നൂററാണ്ടായപ്പോഴേക്കും ക്രൈസ്തവാശ്രമങ്ങളിൽ ഏഴുയാമ പ്രാർത്ഥനകൾ നടത്തിയിരുന്നു.

www.malankaralibrary.com

നാല്

## കത്തീഡ്രൽ ക്രമവും സന്യാസ ക്രമവും

കാനോനാ നമസ്കാരത്തിൽ ജനങ്ങളെ പൊതുവെ ബാധിക്കുന്ന ശുശ്രൂഷകളും (Cathedral Office) സന്യാസികൾക്ക് മാത്രമുള്ള ശുശ്രൂഷകളും (Monastic Office) എന്ന തരം തിരിവുണ്ടായി. സായാഹ്നജപവും ജാഗരണജപവും (vigil) പ്രഭാതജപവും വിശ്വാസികൾ ഒന്നിച്ചുകൂടി നടത്തിയിരുന്നവയാണ്. അവയിൽ സമയത്തിനു യോജിച്ചതെന്ന് സ്പഷ്ടമായി കാണിക്കുന്ന സങ്കീർത്തനങ്ങളും കീർത്തനങ്ങളും തെരഞ്ഞെടുത്തു. ഈ പ്രാർത്ഥനകളിൽ വിശ്വാസികളെല്ലാവരും കത്തീഡ്റലിലോ പള്ളിയിലോ വന്നു സംബന്ധിച്ചിരുന്നതുകൊണ്ട് അതിന് കത്തീഡ്റൽ ശുശ്രൂഷ (Cathedral Office) എന്നു പേർ പറയാറുണ്ട്. മറ്റു യാമങ്ങളിൽ സങ്കീർത്തനങ്ങൾ തെരഞ്ഞെടുക്കാതെ തുടർച്ചയായി ചൊല്ലിത്തീർത്തിരുന്നു. ഇത്തരത്തിൽ ഓരോ ദിവസവും ചൊല്ലാറുള്ള സങ്കീർത്തനങ്ങളുടെ എണ്ണം ഓരോ രീതിയിലും വിഭിന്നമായിരുന്നുവെന്നു മാത്രം. സാമാന്യമായി പറഞ്ഞാൽ ഈ ശുശ്രൂഷകളിൽ പലതും കത്തീഡ്റൽ ശുശ്രൂഷകളെക്കാൾ ദീർഘങ്ങളുമായിരുന്നു. ഈ യാമപ്രാർത്ഥനകൾ സന്യാസാശ്രമങ്ങളിലാണ് ആദ്യകാലത്താരംഭിച്ചത്. അതുകൊണ്ട് അവയ്ക്കു സന്യാസക്രമങ്ങൾ (Monastic Office) എന്നു പറയാറുണ്ട്. പിൽക്കാലത്തു ഈ യാമപ്രാർത്ഥനകളും എല്ലാ വൈദികരും സ്വീകരിച്ചു.

www.malankaralibrary.com

## ജറുസലേമിൽ രണ്ടു ക്രമങ്ങൾ

സായാഹ്നത്തിലും (Hora autem decima 4P.M.) പ്രഭാതത്തിലും (lucescente = വെളിച്ചം വീശുമ്പോൾ) വിശ്വാസികളേവരുമൊന്നിച്ചു നടത്തുന്ന ശുശ്രൂഷകൂടാതെ സന്യാസികൾ നടത്തുന്ന മററു ശുശ്രൂഷകളുമുണ്ടെന്നു് എജറിയ എന്ന സ്പാനീഷ് തീർത്ഥക തന്റെ ജറുസലേം യാത്രാവിവരണത്തിൽ (415—418) രേഖപ്പെടുത്തിയിട്ടുണ്ടു്. വൈദീക ഗണവും വിശ്വാസികളും ചിലപ്പോഴെല്ലാം അവയിൽ സന്നിഹിതരായിരുന്നെങ്കിലും ഏകാന്ത ജീവിതം കഴിക്കുന്ന സന്യാസികളും (monazante) സന്യാസിനികളും (parthenae), കന്യകകളും കൂടിയാണിവ നടത്തിയിരുന്നതു്.

പ്രഭാതജപവും സായാഹ്നജപവും വെളുപ്പിനുള്ള ജാഗരണജപവും സന്യാസികളെപ്പോലെ മെത്രാനും വൈദീകരും വിശ്വാസികളും നടത്തിയിരുന്നു. സന്യാസികൾ രാത്രിജപം ആരംഭിച്ചപ്പോൾ മററുള്ളവർ സാമാന്യമായി ദൈവാലയം വിട്ടുപോയിരുന്നത്രെ. ഭക്തരായ ചില വൈദീകരും വിശ്വാസികളും മാത്രം രഹസ്യഭക്താനുഷ്ഠാനമായിക്കരുതി സന്യാസികളുടെ നമസ്ക്കാരങ്ങളിൽ സംബന്ധിച്ചിരുന്നു.

മററു യാമപ്രാർത്ഥനകൾ (Terce, Sext, None) തികച്ചും രഹസ്യഭക്താനുഷ്ഠാനമായിട്ടാണു് അക്കാലത്തു് കണക്കാക്കപ്പെട്ടിരുന്നതു്. ജറുസലേമിൽ Sext, None ഇവ അനുദിനം അനുഷ്ഠിച്ചിരുന്നെങ്കിലും Terce (9 a. m) വലിയ നോമ്പിൽ മാത്രമേ ചൊല്ലിയിരുന്നുള്ളുവെന്നു് എജറിയ രേഖപ്പെടുത്തിട്ടുണ്ടു്. Prime വി. ബനഡിക്ടി

www.malankaralibrary.com

ൻെറ കാലം വരെ നടപ്പിലില്ലായിരുന്നെന്നാണ് അടുത്ത കാലത്തെ ഗവേഷണങ്ങളിൽനിന്നും മനസ്സിലാകുക. Steuart B. P. 205). ജറുസലേമിൽ ഇപ്രകാരമുള്ള പ്രാർത്ഥന ക്രമപ്പെടുത്തിയതു് ജറുസലേമിലെ വി. സിറിൽ ആയിരിക്കാം (350).

കത്തീഡ്റൽ ക്രമത്തിൽ പുരോഹിതന്മാർക്കും പ്രത്യേക കടമകളുണ്ടായിരുന്നു. പ്രാർത്ഥനകൾ ചൊല്ലുന്നതിനും നിയോഗങ്ങൾ നല്കുന്നതിനും സങ്കീർത്തനങ്ങൾ ആരംഭിച്ചുകൊടുക്കുന്നതിനും സുവിശേഷം വായിക്കുന്നതിനും സമാപനാശീർവ്വാദം കൊടുക്കുന്നതിനും വൈദികഗണം ആവശ്യമാണ്. വൈദികഗണത്തിൽ ഓരോ ഭാഗം മാറിമാറി വന്ന നമസ്ക്കാരത്തിൽ സംബന്ധിച്ചാലും മതി. വൈദികരെ കൂടാതെ ആ പ്രാർത്ഥനകൾ അപൂർണ്ണമാണെന്നു് വിശ്വാസികൾ കരുതിയിരുന്നു. വൈദീകരുടെ ഭാഗം ഏറ്റെടുക്കാൻ വിശ്വാസികൾ തുനിഞ്ഞിരുന്നുമില്ലെന്ന എജറിയാ സൂചിപ്പിക്കുന്നുണ്ട്.

## 2. ജാഗരണ ജപം

പ്രഭാതജപവും സായാഹ്ന ജപവും കൂടാതെ ആദ്യകാലത്തു് രംഗപ്രവേശനം ചെയ്തതു് ജാഗരണ ജപമാണ് (Vigil). ഉറക്കമിളച്ചുകൊണ്ടുള്ള പ്രാർത്ഥനയാണതു്. കർത്താവിൻെറ ഉത്ഥാനത്തിൻെറ വാർഷികം ആഘോഷിക്കുന്നതിനു് ദുഃഖശനിയാഴ്ച രാത്രിയിലാണതു് നടത്തിയിരുന്നതു്. കർത്താവിൻെറ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചുള്ള ചിന്തയും ജാഗരണജപത്തിൽ ദൃശ്യമാണ്. ഈ ശുശ്രൂഷയിൽ ശിശുക്കളടക്കം എല്ലാ വിശ്വാസികളും സന്നിഹിതരായിരുന്നു. അതുപോലെ തന്നെ മാമോദീസാ സ്വീകരിക്കുവാൻ ഒരുങ്ങിവന്നസ്നാനാർത്ഥികളും (Catechumens).

www.malankaralibrary.com

റോമിൽ മാർപ്പാപ്പാ തന്നെയായിരുന്നു ഈ ശുശ്രൂഷയിൽ കാർമ്മികൻ. ശനിയാഴ്ച സന്ധ്യയ്ക്കു് 'വിളക്കു കൊളുത്തി'ക്കൊണ്ടു ശുശ്രൂഷ ആരംഭിക്കും. സങ്കീർത്തനവും വേദപുസ്തകവായനകളും ശുശ്രൂഷയുടെ പ്രധാന ഘടകങ്ങളായിരുന്നു. ഇതിപ്രകാരം തുടർന്നു. ഏതാണ്ടു പാതിരാത്രി മുമ്പു സ്നാനാർത്ഥികൾക്കു മാമോദീസാ നല്കുകയും പാതിരാത്രി കോഴി കൂവുന്നതോടെ ബലിയർപ്പിക്കുകയും ചെയ്തിരുന്നു. എല്ലാവരും അതിൽ വി. കർബ്ബാന സ്വീകരിക്കും. തുടർന്നു പ്രഭാത പ്രാർത്ഥന (laud, സപ്ര) ചൊല്ലി ജനങ്ങൾ പിരിഞ്ഞു പോകുന്നു.

ഓരോ ഞായറാഴ്ചയും ചെറിയ പെസഹാത്തിരുനാളായി-ഉയർപ്പുതിരുനാളായി-കണക്കാക്കി (C. S. L. 106) യിരുന്നു. ആദിമ ക്രിസ്ത്യാനികൾ എല്ലാ ഞായറാഴ്ചകളിലും ഇത്തരത്തിലുള്ള ജാഗരണജപം (vigil) നടത്തിയിരുന്നത്രേ. പിൽക്കാലങ്ങളിൽ അതു് ശനിയാഴ്ച സന്ധ്യയ്ക്കു് തുടങ്ങിയിരുന്നില്ല. ഏതാണ്ടു് പാതിരാത്രിമാത്രം ആരംഭിച്ചു. എന്നാൽ പാതിരാത്രി ആരംഭിച്ച ശുശ്രൂഷ സാധാരണമായി സന്യാസികൾക്കുള്ളതായി മാറി. ജനങ്ങൾ നാലാമത്തെ യാമത്തിന്റെ ആരംഭത്തിൽ കോഴി കൂവുമ്പോൾ (വെളുപ്പിനു് മൂന്നുമണിക്കു) ദേവാലയത്തിൽ വന്നു ശുശ്രൂഷയിൽ പങ്കുകൊണ്ടിരുന്നു. പൗരസ്ത്യ സിറിയൻ സഭയിൽ ഈ ശുശ്രൂഷക്കു് 'ഖാലാദ് ശഹറാ' (=ജാഗരണജപം) എന്നാണു് പേർ. അതിനുമുമ്പു് സന്യാസസമൂഹം വൈദിക-ഗണം-മാത്രം നടത്തിയ നമസ്ക്കാരത്തിനു് രാത്രിജപം (ലെലിയ) എന്ന നാമമാണു് ആ റീത്തിൽ നൽകിയിരിക്കുന്നതു്. ഈ രാത്രിജപവും ജാഗരണജപവും തിരുനാളുകളിലേക്കുകടന്നു പററി; കൂടാതെ രാത്രിജപം മാത്രം സാധാരണ ദിവസങ്ങളിലേക്കും എ

www.malankaralibrary.com

ങ്കിലും അതെക്കാലവും സന്യാസികളുടേതായിത്തന്നെ കരുതപ്പെട്ടു.

## 3. രാത്രിജപം

സന്യാസികൾ കൂട്ടമായി ജീവിക്കാൻ തുടങ്ങിയതോടെ ഉറക്കമിളച്ചുകൊണ്ടു സങ്കീർത്തനം ചൊല്ലുന്ന രീതി സാധാരണമായിത്തീർന്നു. സങ്കീർത്തനം മുഴുവൻ ഒരു രാത്രികൊണ്ടുപോലും ചില സന്യാസികൾ ചൊല്ലിത്തീർക്കാൻ തുടങ്ങി. മററു ചിലർ അതു ഒരാഴ്ചകൊണ്ടോ, രണ്ടാഴ്ചകൊണ്ടോ മാത്രം തുടർന്നു ചൊല്ലിത്തീർത്തിരുന്നു. പ്രത്യേകപ്രാർത്ഥനകളും കീർത്തനങ്ങളും തെരഞ്ഞെടുക്കപ്പെട്ട സങ്കീർത്തനങ്ങളും ഉൾക്കൊള്ളുന്ന പ്രഭാതജപത്തിനു് സമയമാകുന്നതുവരെ സന്യാസികൾ സങ്കീർത്തനം ആലപിച്ചിരുന്നുവെന്നു വി. ബനഡിക്ടിന്റെ (ആറാം നൂററാണ്ടു്) നിയമങ്ങളിൽ നാം കാണുന്നുണ്ടു്. ഇടവകയുമായി ബന്ധമില്ലാതെ മരുഭൂമിയിൽ വസിച്ചിരുന്ന ഈജിപ്റ്റിലെ സന്യാസികൾക്കു് അവരുടെ നിയമമനുസരിച്ചു് കാനോനാനമസ്കാരം ചൊല്ലുവാൻ കടമയുണ്ടായിരുന്നു. അവരുടെ നമസ്കാരങ്ങളിൽ വിശ്വാസികളോ മററു വൈദികഗണമോ സന്നിഹിതരായിരുന്നില്ല.

കപ്പദോച്ചിയായിലാകട്ടെ, വി. ബേസിൽ പറയുന്നതുപോലെ, സന്യാസികൾ താമസിച്ചിരുന്നതു് ഇടവകപ്പള്ളിയോടു ചേർന്നായിരുന്നു. ഭക്തരും തീക്ഷ്ണമതികളുമായ വിശ്വാസികളായി മാറുള്ളവരുടെ മുമ്പാകെ അവർ കാണപ്പെട്ടു. ജറുസലേമിലും സിറിയായിലുമെന്നപോലെ അവരുടെ നമസ്കാരക്രമങ്ങളിൽ പ്രത്യേകിച്ചു് പ്രഭാതജപത്തിലും സയാഹ്നജപത്തിലും സാധാരണ വി

www.malankaralibrary.com

ശുാസികളും പങ്കെടുത്തിരുന്നു. A. D. 425-ൽ ഗാല്ലിയായിൽ നമസ്ക്കാരക്രമത്തെപ്പററി നിശ്ചിത നിയമാവലി തന്നെയുണ്ടായിരുന്നു. അതിൽ താമസിച്ചുവന്ന സന്യാസികളെ ശിക്ഷിക്കാനും നിയമം അനുശാസിച്ചിരുന്നുവെന്നു് സന്യാസശ്രേഷ്ഠനായ കാസിയാൻ പറയുന്നുണ്ടു്.

## 4. കത്തീഡ്രൽ ക്രമത്തിൽ സന്യാസക്രമത്തിൻെറ സ്വാധീനം

കത്തീഡ്രലുകളോടും ഇടവകപ്പള്ളിയോടും ചേർന്നു സന്യാസികൾ താമസിച്ചു് യാമപ്രാർത്ഥനകൾ നടത്തിത്തുടങ്ങിയപ്പോൾ അവരുടെഭക്തിക്രമങ്ങളിൽ സാധാരണക്കാരും ആകൃഷ്ടരായിത്തീർന്നു. കത്തീഡ്രൽ ക്രമങ്ങളായ പ്രഭാതജപത്തിനും സായാഹ്നജപത്തിനും പുറമേ മററു യാമപ്രാർത്ഥനകളിലും ജനങ്ങൾ സംബന്ധിക്കുവാൻ തുടങ്ങി. ആദ്യകാലത്തു് മെത്രാന്മാരെ തെരഞ്ഞെടുത്തിരുന്നതു് സന്യാസികളിൽ നിന്നായിരുന്നു. അവരുടെ പ്രാർത്ഥനാജീവിതം മററുള്ളവർക്കു് അനുകരണീയമായിത്തോന്നി. ചില മെത്രാന്മാർ സന്യാസികളുടെ യാമപ്രാർത്ഥനകൾ കത്തീഡ്രലിൽ നടത്തുവാൻ നിഷ്കർഷിച്ചു. അതോടെ സന്യാസക്രമങ്ങളിലും വൈദികഗണം പങ്കെടുക്കുക സാധാരണമായി (ആദ്യകാലത്തു് സന്യാസികൾ സാധാരണമായി വൈദികന്മാരായിരുന്നില്ല).

## 5. വൈദികഗണവും കാനോനാനമസ്കാരവും

ആദിമ നൂററാണ്ടുകളിൽ ആരാധനക്രമമെല്ലാംതന്നെ കേന്ദ്രീകൃതമായിരുന്നതു് മെത്രാനിലാണു്. അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിലാണു് കർമ്മങ്ങളൊക്കെ നടന്നതു്. പട്ടണത്തിലെ ഓരോ ഇടവകയിലായി ഓരോ ദിവസം

www.malankaralibrary.com

നിശ്ചയിക്കുകയും പട്ടണത്തിലെമെത്രാനും വൈദിക ഗണവും അവിടെ സമ്മേളിക്കുകയും ചെയ്തിരുന്നു. പിൽക്കാലങ്ങളിൽ ഇടവകകളിൽ ഓരോ വൈദികഗണമുണ്ടായപ്പോഴും മെത്രാനാണ് പ്രധാന കർമ്മങ്ങളൊക്കെ നടത്തിയിരുന്നത്. പല കത്തീഡ്റലുകളിലും ഇടവകകളിലും ഒരുഗണം സന്യാസികളും ഒരുഗണം വൈദികന്മാരും ഉണ്ടായിരുന്നു: കൂദാശകളുടെ പരികർമ്മത്തിനു വൈദികന്മാരും യാമപ്രാർത്ഥനകൾ (പ്രത്യേകിച്ചും സന്യാസക്രമങ്ങൾ) നിയന്ത്രിക്കാൻ സന്യാസികളും.

മെത്രാന്റെയോ അദ്ദേഹത്തിന്റെ പ്രതിനിധിയായ വൈദികന്റെയോ നേതൃത്വത്തിൽ വൈദികഗണവും വിശ്വാസികളും ഒന്നിച്ചുകൂടി പ്രഭാതജപവും സായാഹ്നജപവും ചൊല്ലിയിരുന്നതായി പല രേഖകളുമുണ്ട്. റോമിലെ ഹിപ്പോളിട്ടസും, വി. അംബ്രോസും, ആഗസ്തീനോസും, ഹിലാരിയുമൊക്കെ ഇതിനു സാക്ഷ്യം നൽകുന്നു. പലയിടങ്ങളിലുമുണ്ടായിരുന്ന ഈ പതിവ് പിന്നീട് നിയമമായി, നിർദ്ദിഷ്ടരൂപം സ്വീകരിച്ചു.

പ്രഭാതജപത്തിൽ കീർത്തനങ്ങളും പ്രാർത്ഥനകളും കൂടാതെ പ്രത്യേകം തെരഞ്ഞെടുത്ത സങ്കീർത്തനങ്ങളുമുണ്ടായിരുന്നു. പുരാതന രേഖകളിൽ 50, 86, 117, 148 150 ഈ സങ്കീർത്തനങ്ങളെപ്പററി പറയുന്നുണ്ട്. 5—ാം നൂററാണ്ടിൽ റോമിൽ കർതൃ പ്രാർത്ഥനയും പ്രഭാത ജപത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

## 6. MATINS LAUDS

ലത്തീൻ റീത്തിൽ ജാഗരണജപത്തിനു് Matins എന്നാണ് പേർ. ഗ്രീക്ക 'പ്രഭാത' ദേവതയ്ക്കു് Matuta

www.malankaralibrary.com

എന്നാണ് ലത്തീൻ നാമം. പ്രഭാതവുമായി ബന്ധപ്പെട്ടത്തിയാണ് ഈ പ്രാർത്ഥന ക്രമപ്പെടുത്തിയിരുന്നത്. അതിന് matutina laus (ഉഷ:കാലസ്തുതിപ്പ്) എന്ന് ആദ്യകാലത്ത് പേർവിളിച്ചിരുന്നു. രാത്രിജപത്തിന് (Vigil, nocturn, darkness, tenebrae) എന്നൊക്കെ ആയിരുന്നു പേർ. പിൽക്കാലത്ത് ഈ ശുശ്രൂഷ രാത്രിയിൽ നടത്താതെ വെളുപ്പിനു നടത്തുകയും അതിനെ തുടർന്ന് പ്രഭാതജപം ചൊല്ലുകയും ചെയ്യപ്പോൾ അതു രണ്ടും കൂടി ഏതാണ്ട് ഒരു ശുശ്രൂഷയായിത്തീർന്നു. അപ്പോൾ പ്രഭാതപ്രാർത്ഥനയ്ക്കു laudes (laud സ്തുതിപ്പ്) എന്നും രാത്രിജപത്തിന് matins എന്നും പേർ നൽകി. പ്രഭാതജപത്തിന് 'സ്തുതിപ്പ്' എന്ന പേർ വരാനുള്ള കാരണം, അതിൽ സ്തുതിപ്പിന്റെ ആശയമുള്ള 148, 149, 150 എന്നീ സങ്കീർത്തനങ്ങളുള്ളതാണ് (ആകാശമണ്ഡലങ്ങളിൽ കർത്താവിനെ സ്തുതിപ്പിൻ....; കർത്താവിനു പുതിയ കീർത്തനം പാടുവിൻ ....; കർത്താവിന്റെ വിശുദ്ധഭവനത്തിൽ അവിടത്തെ സ്തുതിപ്പിൻ....). എല്ലാ റീത്തുകളിലും ഈ സങ്കീർത്തനങ്ങൾ പ്രഭാതശുശ്രൂഷയിലുണ്ട്. 1911 വരെ ഇവ റോമൻ റീത്തിൽ പ്രഭാതശുശ്രൂയിലുണ്ടായിരുന്നവയാണ്.

## 7. PRIME

വെളുപ്പിനുള്ള പ്രാർത്ഥനയ്ക്കു ശേഷം (lauds) സന്യാസികൾക്ക ഉറങ്ങാൻ അല്പസമയം നൽകിയിരുന്നു—രാത്രിയിൽ ഉറക്കമിളച്ചു പ്രാർത്ഥിച്ചവരാണല്ലോ-അതിനു ശേഷം ജോലി ആരംഭിക്കുന്നതിനു മുമ്പ് ചൊല്ലിയതാണീ പ്രാർത്ഥന. വി.ബനഡിക്ടിന്റെ ആശ്രമത്തിൽ എല്ലാദിവസവും രാവിലെ ആശ്രമനിയമാവലിയിൽ നിന്നൊരദ്ധ്യായം (Capitulum Chapter) വായിക്കാറുണ്ടാ

www.malankaralibrary.com

യിരുന്നു. അതിനെ തുടർന്ന് ഓരോരുത്തർക്കും അതതു ദിവസത്തെ ജോലി നിശ്ചയിച്ചു കൊടുക്കുകയും ജോലിയുടെ നിർവ്വഹണത്തിനുവേണ്ട ദൈവാനുഗ്രഹം അഭ്യർത്ഥിക്കുകയും ചെയ്യുക പതിവായി. ദിവസത്തിന്റെ ആദ്യയാമത്തിൽ (Prime, 6 A. M.) ചെയ്തു ഈ ചടങ്ങുകൾ രൂപം കൊടുത്തതാണ് Prime എന്ന പ്രാർത്ഥന. (STUEART, B. The development of Christian Worship p. 204) തികച്ചും സന്യാസാശ്രമബന്ധവും, ഒരു തരത്തിൽ പ്രഭാതജപത്തിന്റെ (lauds) ആവർത്തനവുമായ Prime നിർത്തിക്കളയുവാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് നിഷ്കർഷിച്ചിരിക്കുന്നു.

(C. S. L. 89).

www.malankaralibrary.com

# അഞ്ച്

## ദിവസം വിശുദ്ധീകരിക്കപ്പെടുന്നു

ദിവസവും അതിന്റെ നിർണ്ണായകഘടകമായ പ്രകാശവുമായി ബന്ധപ്പെട്ടതാണ് കാനോനാനമസ്കാരം. പ്രകാശം പുറപ്പെടുന്ന സൂര്യന്റെ ഉദയവും അസ്തമയവും പ്രധാന പ്രാർത്ഥനായാമങ്ങളാണ്. മോശയുടെ കാലം മുതലുള്ളതാണ് പ്രഭാതപ്രദോഷബലികൾ. ദാവീദ് ഈ ബലികളോടുകൂടി കീർത്തനങ്ങൾ കൂട്ടിച്ചേർത്തു. യഹൂദന്മാർ ബലിയും കീർത്തനവും ഈ രണ്ടു നേരവും അർപ്പിച്ചു പോന്നു.

### പ്രകാശം

പ്രഭാതത്തിലും പ്രദോഷത്തിലും ദൈവം നല്കിയ സൂര്യപ്രകാശത്തിന് യഹൂദന്മാർ നന്ദിപറഞ്ഞിരുന്നു. വൈകുന്നേരം വിളക്കു കൊളുത്തിക്കൊണ്ട് പ്രകാശം പുറപ്പെടുവിക്കാൻ ദൈവം മനുഷ്യനു നൽകിയ ശക്തിയെക്കുറിച്ചു ദൈവത്തെ സ്തുതിക്കുന്നു. ദൈവം നമുക്കു നൽകിയ ആത്മീയ പ്രകാശത്തിന് ദൈവത്തെ പ്രകീർത്തിക്കുവാൻ നാമും കടപ്പെട്ടവരാണെന്ന യാഥാർത്ഥ്യത്തെപ്പററി സഭയെക്കാലവും അവബോധമുള്ളവളായിരുന്നു. ആ പ്രകാശം നാം സ്വീകരിക്കുന്നതു മുഖ്യമായും ക്രിസ്തുവിന്റെ ഉയിർപ്പ് മൂലമാണല്ലോ. അതനുസ്മരിക്കുന്നത് പ്രധാനമായും പ്രഭാതജപത്തിലാണ്.

സായാഹ്നത്തിൽ വിളക്കുകൊളുത്തിക്കൊണ്ടാരംഭിച്ചതിനാൽ lucernarium (lucerna = വിളക്ക്) എന്നു ലത്തീനിൽ ഈ ജപത്തിന് പേരുണ്ടായി. "വിളക്കു കൊളുത്തുമ്പോൾ ചൊല്ലുന്ന കൃതജ്ഞതാസ്തോത്രം ആന്ദര

www.malankaralibrary.com

ചിച്ചുവെന്നു പറയുക സാദ്ധ്യമല്ലെങ്കിലും ജനങ്ങളെല്ലാം പഴയരീതിയനുസരിച്ച് അതുപയോഗിക്കുന്നുവെന്നു വി. ബേസിൽ പറയുന്നുണ്ട് (PG 32: 205). വിളക്കുകൊളുത്തി ക്കൊണ്ടുള്ള ഒരു ശുശ്രൂഷയായി Testament of our Lord (A. D. 350) എന്ന ഗ്രന്ഥം ഇതിനെ വിശേഷിപ്പിക്കുന്നു.

യഹൂദന്മാരുടെ പ്രാർത്ഥനക്രമത്തിലും സായാഹ്ന സമയം വിളക്കുകൊളുത്തുന്ന അവസരത്തിൽ ഇപ്രകാര മൊരു പ്രാർത്ഥനയുള്ളതാണ്. പ്രകാശദാതാവും സമയ ത്തിന്റെയും കാലത്തിന്റെയും കർത്താവുമായ ദൈവ ത്തെ അതിൽ സ്തുതിക്കുന്നു: "Blessed art thou, O Lord our God, King of the universe, who at Thy word bringest on the evening twilight, with wis- dom openest the gates of hevens and with under- standing changest times and variest the seasons. Thou createst day and night, Thou rollest away the light from before the darkness, and the darkness from before the light, Thou makest the day to pass the night to approach, and dividest the day from the night." (The authorised daily pra- yer book of the unified Hebrew Congregations, translated, Rev. S. Singer, London, 1962. P. 116)

## 2. പ്രഭാതം

ജറുസലേം ദേവാലയത്തിന്റെ (Second temple: 530—511 B. C.) കിഴക്കുവശത്തു കെദ്രോൻ താഴ്‌വരയെ അടക്കിഭരിക്കാനെന്നു തോന്നത്തക്കവിധം ഒരു ഗോപുരം ഉയർന്നു നിന്നിരുന്നു. അതിനു 450 അടി പൊക്കമുണ്ടാ യിരുന്നു. എല്ലാ പ്രഭാതത്തിലും ഒരു പുരോഹിതൻ അ

www.malankaralibrary.com

തിന്റെ ഉച്ചിയിൽ കയറി ഹെബ്രോൻ മലയ്ക്കു മീതേക്കൂടി സൂര്യന്റെ ആദ്യകിരണം ദർശിച്ചിട്ടു "നേരം വെളുത്തു" എന്നു വിളിച്ചു പറയും. അപ്പോൾ താഴെക്കൂടിയിരിക്കുന്നവരിൽ പ്രധാനി "ഹെബ്രോനിൽ നേരം വെളുത്തോ?" എന്നു് ചോദിക്കുകയും സമ്മിളിതർ "ഉവ്വ്" എന്നു് ഉത്തരം പറയുകയും ചെയ്യും. ഉടനെ ബലിയാടിനെ കൊണ്ടുവരികയായി. ബലിക്കുശേഷം പുരോഹിതഗണം കീർത്തനമാരംഭിക്കും. കാഹളമൂതുന്നതിനനുസരിച്ചു് ഇടയ്ക്കിടയ്ക്കു കീർത്തനം നിർത്തുകയും ജനം തലകുനിച്ചാരാധിക്കുകയും ചെയ്തിരുന്നു. സന്ധ്യയ്ക്കും ഇതേരീതിയിലുള്ള ബലിയും കീർത്തനവും നടത്തിയിരുന്നു. അതോടൊപ്പംതന്നെ ഔപചാരികമായി ഏഴുതിരിയുള്ള വിളക്കു കൊളുത്തുകയും ചെയ്തിരുന്നു.

ഇങ്ങനെ പ്രകാശത്തെ കേന്ദ്രീകൃതമായാണു നമസ്കാരം വിരചിതമായിരിക്കുന്നതു്. ദിവസത്തിന്റെ വിവിധ യാമങ്ങൾ വിശുദ്ധീകരിക്കണമെന്നതാണു് ഉദ്ദേശം. ജാഗരണജപം (Vigil) തീരുന്നതിനു മുമ്പു പ്രഭാതമായെങ്കിൽ ബാക്കി ഉപേക്ഷിച്ചിട്ടു പ്രഭാതജപം ചൊല്ലിക്കൊള്ളുവാൻ വി. ബനഡിക്ട് തന്റെ സന്യാസികൾക്കു നിർദ്ദേശം നൽകിയതു് ഇക്കാരണത്താലാണു്.

## 3. സായാഹ്നം

യഹൂദന്മാരുടെ കണക്കനുസരിച്ചു് ദിവസം ആരംഭിക്കുന്നതു് സായംകാലത്താണു്. അതുകൊണ്ടാണു് സുറിയാനിരീതികളിൽ ഒരു ദിവസത്തിന്റെ നമസ്കാരം അതിന്റെ തലേദിവസം സായംകാല പ്രാർത്ഥനയോടെ ആരംഭിക്കുന്നതും സായംകാലജപം, രാത്രിജപം, പ്രഭാതജപം എന്നീക്രമത്തിൽ പ്രാർത്ഥനകൾ ചൊല്ലുന്ന

www.malankaralibrary.com

ളും. ഉദാഹരണത്തിനു ഞായറാഴ്ചത്തെ നമസ്ക്കാരം എടുക്കാം. ആദ്യത്തെ ജപം സായംകാലത്തിന്റേതാണ്. അതു ചൊല്ലുന്നതു ശനിയാഴ്ച സായംകാലത്തിലാണ്. തുടർന്ന് രാത്രിജപം ശനിയാഴ്ചരാത്രിയിൽ ചൊല്ലുന്നു. ഞായറാഴ്ചത്തെ പ്രഭാതജപം അന്നു രാവിലെതന്നെയാണു ചൊല്ലുക. ലത്തീൻ റീത്തിൽതന്നെയും പ്രധാന തിരുനാളുകൾക്ക് തലേനാളിൽ ഒരു വേസ്പര സായാഹ്നജപം കൂടിയുണ്ടല്ലോ? തിരുനാളിനൊരു ഒരുക്കം കൂടിയാണതു് തിരുനാളിന്റെ കുർബ്ബാനയ്ക്കു പ്രത്യേകമായും.

ആദ്യകാലത്തുണ്ടായിരുന്ന പ്രധാനപ്പെട്ട ജപങ്ങളാണല്ലോ പ്രഭാതജപവും സായാഹ്നജപവും. എന്നാൽ ഇവയിൽ കൂടുതൽ പ്രാധാന്യം സിദ്ധിച്ചതു് സായാഹ്നപ്രാർത്ഥനയ്ക്കാണ്. മദ്ധ്യാഹ്ന സൂര്യന്റെ കനൽക്കിരണങ്ങൾ ശമിച്ചു കഴിഞ്ഞു, ദിവസത്തിന്റെ ഭാരിച്ച ജോലിയെല്ലാം കഴിഞ്ഞു് സ്വസ്ഥമായിത്തീർന്ന സായാഹ്നത്തിൽ എല്ലാവരും ഒന്നിച്ചു കൂടി പ്രാർത്ഥിക്കുക എളുപ്പമായിരുന്നു, അതോടൊപ്പം ആനന്ദദായകവും. ആദിമാതാപിതാക്കളുമായി ദൈവം പറുദീസായിൽ 'നടന്നതു്' ശാന്തമായ സായാഹ്നത്തിലായിരുന്നല്ലോ (Gn 3:8). "സായാഹ്നബലിപോലെ എന്റെ പ്രാർത്ഥന അങ്ങേയ്ക്കു പ്രീതിജനകമായിത്തീരട്ടെ.' (സങ്കീ. 114) ദൈവം പ്രത്യേകം പരിഗണിക്കുന്ന ജപമാണ് സായാഹ്നജപമെന്നു തോന്നിപ്പോകും.

സായാഹ്നജപത്തിനു ധൂപാർച്ചനജപം (hour of incence) ദീപജപം (office of lights) സന്ധ്യാനക്ഷത്രജപം (hour of Evening Star) എന്നൊക്കെ പേരുകളുണ്ട്.

www.malankaralibrary.com

## 4. ജാഗരണജപവും മററുയാമപ്രാർത്ഥനകളും.

ആലസ്യം തോന്നാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന കർത്താവിൻെറ പ്രമാണം (Lk 18:1) ക്ൻഅക്ഷരാർത്ഥത്തിൽ സന്യാസികൾക്ക മാത്രമേ സാധിച്ചുള്ളു. മരുഭൂമികളിൽ വസിച്ചിരുന്ന സന്യാസികൾക്ക കൃത്യയാമങ്ങളിൽ ഒന്നിച്ചു പ്രാർത്ഥിക്കാൻ കഴിഞ്ഞപ്പോഴും മതപീഡനം നിമിത്തം സാധാരണ ക്രിസ്ത്യാനികൾക്ക പ്രാർത്ഥനക്കായി പലപ്പോഴും സമ്മേളിക്കുക അത്ര എളുപ്പമായിരുന്നില്ല. 'ദിവസം ഏഴുപ്രാവശ്യം നിന്നെ ഞാൻ സ്തുതിച്ചു' 'നിന്നെ സ്തുതിക്കുന്നതിനു പാതിരാവിൽ ഞാൻ ഉണർന്നു' (Ps. 118:164; 118:62) എന്നിങ്ങനെ എണ്ണിററു പറയുക സന്യാസികൾക്കേ എളുപ്പമായിരുന്നുള്ളു. ഇതു പ്രാവർത്തികമാക്കാൻ വി. ബനഡിക്ട് തൻെറ കീഴിലുള്ള സന്യാസികളോടു നിഷ്ക്കർഷിച്ചിരുന്നത്രേ. (Rule of St. Benedict Chapter 16). Prime, Terce, Sext, None Compline, Lauds, (6 a. m, 9 a.m, 12, 3 p. m, രാത്രി, ഉഷസ്സ്) എന്നീ യാമപ്രാർത്ഥനകൾ സന്യാസികൾ അനുഷ്ഠിച്ചിരുന്നു.

എന്നാൽ മുകളിൽ പറഞ്ഞതുപോലെ പ്രഭാതജപവും സായാഹ്നജപവും കത്തീഡ്റൽ ക്രമങ്ങളായിരുന്നു. അതോടൊപ്പം ജാഗരണജപവും. ഉയിർപ്പുതിരുനാളിനു മാത്രമേ ജാഗരണ ജപം ഉണ്ടായിരുന്നുള്ളുവെന്നു പറയുന്നതു ശരിയല്ല. ഞായറാഴ്ചകളിലും തിരുനാളുകളിലും വിശ്വാസികൾ വെളുപ്പിനു ജാഗരണജപം ചൊല്ലുക പൗരസ്ത്യദേശങ്ങളിൽ സാധാരണമായിരുന്നു. ഈ ശുശ്രൂഷ രാത്രിജപത്തിൽനിന്നു വിഭിന്നമായിരുന്നുതാനും. (Liturgy, January 1949, pp.1-10, Eastern Churches Quarterly 1945, pp. 170–200). തെർത്തുല്യൻെറ

www.malankaralibrary.com

കാലത്തു് ജാഗരണജപം സാധാരണമായിരുന്നത്രെ. അതേപ്പററി അദ്ദേഹം നിശാസമ്മേളനങ്ങൾ എന്നു പറയുന്നുണ്ടു് (nocturnae convocationes Pl. 1, 1406). സാധാരണയായി വെളുപ്പിനു് ബലിക്കു് ഒരുക്കമായിട്ടാണിതു നടത്തിയിരുന്നതു്. പൗരസ്ത്യ സിറിയൻ റീത്തിൽ ഞായറാഴ്ചകളിലും തിരുനാളുകളിലും മാത്രം ജാഗരണജപം (ഖാലാദ്ശഹറാ) ഉള്ളതിൻെറ കാരണം ഇതായിരിക്കണം. ആദിവസങ്ങളിലേ ദിവ്യബലി അർപ്പിച്ചിരുന്നുള്ളതാനും.

"ദിവസത്തെ വിശുദ്ധീകരിക്കുകയെന്നതാണു് കാനോനാനമസ്കാരത്തിൻെറ ലക്ഷ്യം" (csl 88). അതിനാൽ പാരമ്പര്യാനുസരണം ഓരോ യാമപ്രാർത്ഥനയും അതതിൻെറ സമയത്തിനൊത്തു ചൊല്ലുവാൻ കഴിവതും ശ്രദ്ധിക്കേണ്ടതാണു്. പ്രാർത്ഥനയുടെ ആശയവും സമയവും തമ്മിൽ പൊരുത്തക്കേടുണ്ടാകരുതെന്നു സാരം. ഉദാഹരിക്കാം: പ്രഭാതത്തിൽ ഞാൻ ഒരുങ്ങി അങ്ങേപ്പക്കൽ വരുന്നു" എന്നു് സന്ധ്യക്കു ചൊല്ലുക അർത്ഥശൂന്യമാണല്ലോ.

www.malankaralibrary.com

## 1. സങ്കീർത്തനം. എന്താണത്?

കാനോനനമസ്ക്കാരത്തിൽ സങ്കീർത്തനങ്ങൾ, വേദപുസ്തകഭാഗങ്ങൾ, ഗാനങ്ങൾ, യാചനകൾ, സഭാപിതാക്കന്മാരുടെ ലിഖിതങ്ങൾ എന്നിവയൊക്കെ ഘടകങ്ങളായുണ്ടെങ്കിലും ഇവയിൽ ഏററം പ്രാധാന്യം അർഹിക്കുന്നതു് സങ്കീർത്തനങ്ങളാണു്.

ഇസ്രായേൽ ജനം പരസ്യപ്രാർത്ഥനകളിലും രഹസ്യാനുഷ്ഠാനങ്ങളിലും ഉപയോഗിച്ചിരുന്ന ഗാനങ്ങളാണ് സങ്കീർത്തനങ്ങൾ. ആകെ 150 സങ്കീർത്തനങ്ങൾ ഉണ്ടു്. ഇവയിൽ ചിലതു മാത്രമേ ദാവീദ് എഴുതിയിരിക്കാനിടയുള്ളവെങ്കിലും അദ്ദേഹം പഴയനിയമചരിത്രത്തിൽ വളരെ പ്രശസ്തനായിരുന്നതുകൊണ്ടു് സങ്കീർത്തനങ്ങൾക്ക് പൊതുവായി ദാവീദിന്റെ സങ്കീർത്തനങ്ങൾ എന്ന പേരുണ്ടായി. പുരാതന ഹീബ്രു കൈയെഴുത്തുപ്രതികളിൽ 'കീർത്തനങ്ങളുടെ പുസ്തകം' എന്ന തലക്കെട്ടാണുള്ളതു്.

സങ്കീർത്തനങ്ങളിൽ ചരിത്രശകലങ്ങൾ അങ്ങിങ്ങായി കാണാമെങ്കിലും ബൈബിളിലേ ചരിത്ര പുസ്തകങ്ങളുടെ ഗണത്തിലല്ല അതുൾപ്പെടുന്നതു്. അതിൽ ദൈവത്തെ സംബന്ധിച്ച പല പല വിശ്വാസസത്യങ്ങളും പ്രതിപാദിക്കുന്നുണ്ടെങ്കിലും, അതൊരു സമഗ്രമായ ദൈവശാസ്ത്രഗ്രന്ഥമല്ല. ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിക്കുന്ന ഭക്തന്റെ വികാരവിചാരങ്ങളാണു് അതിലെ ഉള്ളടക്കം. ദൈവസ്നേഹവും ദൈവവിശ്വാസവും അതിൽ

www.malankaralibrary.com

ഉടനീളം കാണാം. ദൈവത്തെ ഭയപ്പെടുകയും പാപത്തെപ്പററി മനസ്തപിക്കുകയും ചെയ്യുന്ന ആത്മാവിൻെറ വികാരം അതിൽ വ്യക്തമാണ്. ജീവിതക്ലേശങ്ങളിൽപ്പെട്ടുഴലുന്ന മനുഷ്യൻ സഹായവും രക്ഷയും പ്രതീക്ഷിച്ചുകൊണ്ട് സ്വാഭാവികമായി ദൈവത്തിങ്കലേക്കു തിരിയുന്നത് അതിൽ കാണാം. പഴയനിയമത്തിലെ ആദ്ധ്യാത്മിക ചൈതന്യം ഗ്രഹിക്കുന്നതിന് സങ്കീർത്തനം വേണ്ടവിധം മനസ്സിലാക്കുക ആവശ്യം തന്നെ. ഇസ്രായേലിൻെറ അവിശ്വസ്തതയും ദൈവത്തിൻെറ പൈതൃകമായ സ്നേഹവും സ്നേഹസംപൂർണ്ണമായ കരുണയും അവിടെ നാം കാണുന്നു. അപൂർണ്ണനെങ്കിലും പരിപൂർണ്ണതയ്ക്കുവേണ്ടി ആത്മാർത്ഥമായി ആഗ്രഹിക്കുന്നവനും ദൈവരാജ്യം എല്ലായിടത്തും വ്യാപിച്ചുകാണുവാൻ ആഗ്രഹിക്കുന്നവനുമാണു സങ്കീർത്തകൻ.

അഗ്രാഹ്യനും അപരിമേയനുമായ ദൈവം ഇസ്രായേലിൻെറ ഇടയനും വത്സലപിതാവുമായി ചിത്രീകരിക്കപ്പെടുന്നു. സങ്കീർത്തകനും തിരഞ്ഞെടുക്കപ്പെട്ട ജനവും സ്വീകരിച്ചിട്ടുള്ള നിരവധി ദൈവാനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രകടിപ്പിക്കുന്നതും അതിൽ സാധാരണമാണ്. പാപിയായാലും നീതിമാനായാലും ദൈവത്തെ സമീപിക്കുമ്പോൾ ഉണ്ടാകേണ്ട വികാരവിചാരങ്ങൾ സങ്കീർത്തനത്തിലുണ്ട്. ഈ കീർത്തനത്തിനുള്ള വിശേഷം നാമതു ചൊല്ലുമ്പോൾ അതു നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനയായി മാറുന്നുവെന്നതാണ്. തൻെറ ആത്മാവിൻെറ ചലനത്തെ സങ്കീർത്തനാലാപത്തിൽ ഒരുവനു ദർശിക്കുവാൻ സാധിക്കും. വ്യക്തിയുടെയും സമൂഹത്തിൻെറയും പ്രാർത്ഥനയായിത്തീരുവാൻ കഴിവുള്ള സങ്കീർത്തനത്തിന് ആരാധനക്രമത്തിൽ വളരെയധികം സ്ഥാനമുണ്ട്. സങ്കീർത്തനങ്ങളുടെ അർത്ഥം ശരിയാംവണ്ണം ഗ്രഹിച്ച്

www.malankaralibrary.com

ആലപിച്ചാൽ അപരൻ രചിച്ചുവെങ്കിലും ഏതു മനുഷ്യനും ഏതു സമയത്തും പ്രാർത്ഥനയ്ക്കു അതു് ഉപയുക്തമാണെന്നു അനുഭവിച്ചറിയാൻ കഴിയും. ഇക്കാരണത്താലാണു് വിശുദ്ധരുടെ പ്രാർത്ഥനപ്പുസ്തകമായി സങ്കീർത്തനം തീർന്നതു്. നമ്മുടെ പിതാക്കന്മാരുടെ പ്രാർത്ഥനചൊല്ലിക്കൊണ്ടു ഒരു വിധത്തിൽ നാം അവരെ സമീപിക്കുകയാണു്. അവരുടെ വിശ്വാസം തന്നെ നാം ഏററു പറയുകയാണു്; ദൈവത്തിൻെറ നേർക്കുള്ള ഇസ്രായേൽ മക്കളുടെ ഭക്തി വിചാരങ്ങളിൽ നാം പങ്കുകൊള്ളുകയുമാണു്.

ക്രിസ്തീയ ഗായകനായ വി. അപ്രേമിനെപ്പോലുള്ളവർ ആശയത്തിനു സങ്കീർത്തനത്തോടു വളരെയധികം കടപ്പെട്ടിട്ടുണ്ടു്. പരസ്യാരാധനയിൽ സഭ സങ്കീർത്തനത്തിനു നൽകിയ സ്ഥാനം (1 Cor. 14 : 15; Eph. 5: 19) സസൂക്ഷ്മം ദർശിച്ച ഗായകർക്കു സങ്കീർത്തനം ഗാനവിഷയമായതിൽ അത്ഭുതത്തിനവകാശമില്ല. സഭയുടെ പരസ്യാരാധനയിലെന്നപോലെതന്നെ കുടുംബപ്രാർത്ഥനയിലും അതിനു സ്ഥാനം ലഭിച്ചു. ആശ്വാസദായകമായൊരു പുസ്തകം, പ്രാർത്ഥനയ്ക്കുള്ളപുസ്തകം, സന്തോഷത്തിലും സന്താപത്തിലും ദൈവത്തിങ്കലേക്കു മനുഷ്യനെ നയിക്കുന്ന വഴികാട്ടി, ഇതൊക്കെയാണു് സങ്കീർത്തനം. ഇതു പൂർണ്ണമായി ഗ്രഹിക്കുക സാദ്ധ്യമല്ല; എത്രകണ്ടിതിനെ വിലമതിച്ചാലും മതിയാകയില്ല; അതുവഴി മനുഷ്യനു സിദ്ധിക്കുന്ന ശക്തിയും സഹായവും അവർണ്ണനീയമാണു്. നരകത്തെയും ദൈവകോപത്തെയും പററിയെന്നതുപോലെ സ്വർഗ്ഗത്തെയും ദൈവപ്രസാദത്തെയും പററി പ്രസംഗിക്കാനുള്ള അതിൻെറ കഴിവു അതിരററതുതന്നെ. ഒരു ദർപ്പണത്തിലെന്നപോലെ ക്രിസ്തീയസഭയെ അതിൽ ദർശിക്കാവുന്നതാണു്. ആ സഭയിൽ നാമോരോരുത്തരെയും ദൈവത്തെയും സകല സൃഷ്ടികളെയും, നമുക്കു

www.malankaralibrary.com

കാണുവാൻ കഴിയും. ഏതു സാഹചര്യത്തിലും കഴിഞ്ഞു കൂട്ടുന്നയാളിനു പ്രാർത്ഥിക്കുന്നതിനും ദൈവത്തെ സമീപിക്കുന്നതിനുള്ള ന്യായങ്ങളും വിധവും ആതു പ്രദാനം ചെയ്യുന്നു. ഇക്കാരണത്താലാണ് സങ്കീർത്തനം വിശുദ്ധരുടെ സഹവാസിയായിത്തീർന്നതു്.

## 2. ക്രിസ്തുവിന്റെ പ്രാർത്ഥനപ്പുസ്തകം

സങ്കീർത്തനം നമ്മുടെ കർത്താവിന്റെ തന്നെയും പ്രാർത്ഥനപ്പുസ്തകമായിരുന്നു. സിനഗോഗിലും ജറുസലേം ദേവാലയത്തിലും മററു യഹൂദന്മാരോടുകൂടെ അവിടുന്നു താലപിച്ചിട്ടുണ്ടു്. സങ്കീർത്തനം തന്നെപ്പററി പ്രവചിച്ചെന്നു് അവിടുന്നു പ്രസ്താവിച്ചിട്ടുണ്ടു്. "നിയമത്തിലും പ്രവചനത്തിലും സങ്കീർത്തനങ്ങളിലും എന്നെപ്പററി പറഞ്ഞിട്ടുള്ളവ....". (Lk. 24: 44). കുരിശിൽ കിടന്നുകൊണ്ടു് "ഏലി ഏലി ലമ്മാ ശബക്താനി" (ദൈവമെ, ദൈവമെ എന്തുകൊണ്ടു് എന്നെ കൈവെടിഞ്ഞു) എന്നു വിളിച്ചു പറഞ്ഞതു് 21—ാമത്തെ സങ്കീർത്തനത്തിന്റെ പ്രാരംഭമാണല്ലോ. അന്ത്യത്താഴത്തിനുശേഷം ഒലിവു് മലയിലേക്കു കീർത്തനങ്ങൾ ആലപിച്ചുകൊണ്ടു് കർത്താവും ശിഷ്യരുംപോയി എന്നു സുവിശേഷത്തിൽ കാണുന്നുണ്ടു് (Mt. 26: 30). അതിലെ കീർത്തനങ്ങൾ പെസഹാവിരുന്നിനു് യഹൂദനിയമവിധിയനുസരിച്ചു് ആലപിക്കേണ്ട 'ഹല്ലേൽ' സങ്കീർത്തനങ്ങളാണു്. (Ps. 113—118)

## 3. ക്രിസ്തുവിൽ കേന്ദ്രീകൃതം

എന്തുകൊണ്ടാണു് പഴയനിയമത്തിലെ ഈ കീർത്തനത്തിനു് ക്രിസ്തീയാരാധനയിൽ ഇത്രവലിയ സ്ഥാനംഉ

www.malankaralibrary.com

ണ്ടായതു്? സങ്കീർത്തനം സഭയുടെ ശബ്ദമായിത്തീന്നർതു്? സമൂഹത്തിന്റെ പ്രാർത്ഥനയായിത്തീർന്നതു്? പഴയ നിയമത്തിൽ പ്രത്യേക സാഹചര്യത്തിൽ എഴുതപ്പെട്ട സങ്കീർത്തനങ്ങൾക്കു് സമ്പൂർണ്ണമായ അർത്ഥം സിദ്ധിക്കുന്നതു് പുതിയനിയമത്തിന്റെ വെളിച്ചത്തിലാണു്. കാരണം, ദൈവപരിപാലനയിലും ദൈവനിവേശനത്തിലും സങ്കീർത്തനം ഉന്മുഖമായിരിക്കുന്നതു് ക്രിസ്തുവിങ്കലേക്കാണു്. അതിന്റെ 'കർത്താവും' 'കർമ്മവും' (subject & object) ക്രിസ്തുവാണു്. ചില സങ്കീർത്തനങ്ങൾ പ്രത്യക്ഷത്തിൽ തന്നെ ക്രിസ്തുവിനെകുറിക്കുന്നതാണു്. മററു ചിലതു് ക്രിസ്തുവിനെയും അവിടുത്തെ രാജ്യത്തെയും പററി പരോക്ഷമായി പ്രതിപാദിക്കുന്നു. ചിലയിടത്തു് മൗതിക ശരീരത്തിന്റെ ശിരസ്സെന്നനിലയിൽ അവിടുന്നു് പിതാവിനെ സ്തുതിക്കുന്നതിനു് അംഗങ്ങളെ ക്ഷണിക്കുകയും അവരോടുകൂടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. "എന്നോടുകൂടി ദൈവമായ കർത്താവിനെ വാഴ്ത്തുവിൻ, നമുക്കു പരിശുദ്ധനാമത്തെ പുകഴ്ത്താം." (Ps. 34 : 3). ഇങ്ങനെ നോക്കിയാൽ ഒരു വിശ്വാസിക്കു് സങ്കീർത്തനങ്ങളിൽ ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ വിഷമമില്ല.

പുതിയ നിയമത്തിന്റെ പൂർത്തീകരണത്തിൽ സങ്കീർത്തനത്തിനു് സമ്പൂർണ്ണാർത്ഥം സിദ്ധിക്കുന്നു. പ്രതിരൂപത്തിലും പ്രതിഛായയിലും പഴയനിയമത്തിൽ കണ്ട പലതും പൂർത്തീകൃതങ്ങളായ യാഥാർത്ഥ്യങ്ങളായി മാറുന്നു. സങ്കീർത്തനത്തിലെ 'രാജാവു്' അക്ഷരാർത്ഥത്തിൽ ദാവീദാണെങ്കിലും, ദൈവത്തിന്റെ അഭിഷിക്തനെ, വരുവാനിരിക്കുന്ന രക്ഷകനെ, ആ പദം സൂചിപ്പിക്കുന്നുവെന്നു് യഹൂദശാസ്ത്രജ്ഞന്മാർ തന്നെയും പഠിപ്പിച്ചിരുന്നതാണു്.

www.malankaralibrary.com

സങ്കീർത്തനത്തിൽ ക്രിസ്തു, വ്യക്തി എന്ന നിലയിലും സമൂഹത്തിന്റെ തലവനെന്നനിലയിലും പ്രാർത്ഥിക്കുന്നു. സങ്കീർത്തനങ്ങൾ ആലപിക്കുമ്പോൾ ദൈവത്തെ സ്തുതിക്കുന്ന ക്രിസ്തുവിനോട് നാം ചേരുകയാണ്. അപ്പോൾ ക്രിസ്തുവിന്റെ പ്രാർത്ഥന നമ്മുടേതും നമ്മുടെ പ്രാർത്ഥന ക്രിസ്തുവിന്റേതുമായിത്തീരുന്നു. അങ്ങനെ അതിലൂടെ സഭ ഒന്നാകെ പിതാവായ ദൈവത്തെ കീർത്തിച്ചാരാധിക്കുകയാണ്.

സങ്കീർത്തനങ്ങൾ പ്രാർത്ഥനയ്ക്കുപയോഗിക്കുമ്പോൾ ആരെയാണു സംബോധന ചെയ്യുക.? ചില സങ്കീർത്തനങ്ങളിലൂടെ പിതാവിനോടുതന്നെ പ്രാർത്ഥിക്കുന്നതായി നാം മനസ്സിലാക്കാറുണ്ട് (Ps 21 . എല്ലാസങ്കീർത്തനത്തിന്റെയും അന്ത്യത്തിൽ നാം ത്രിത്വസ്തുതി ചൊല്ലുന്നുണ്ട്. സങ്കീർത്തനങ്ങൾ പൊതുവിൽ ത്രിതൈക ദൈവത്തെ അഭിസംബോധന ചെയ്യുന്നു എന്നു കരുതി പ്രാർത്ഥിക്കുന്നതു് ഉപകാരപ്രദമാണ്.

## 4. ക്രൈസ്തവാരാധനയിൽ

കർത്താവിനെ അനുകരിച്ചും യഹൂദരീതിയനുസരിച്ചും ആദിമ ക്രിസ്ത്യാനികൾ സങ്കീർത്തനം പ്രാർത്ഥനപ്പുസ്തകമായി ഉപയോഗിച്ചിരുന്നു. ക്രൈസ്തവാരാധനാക്രമത്തിൽ സങ്കീർത്തനത്തിനു് അതുല്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. വി. ക്രിസോസ്തോം ക്രിസ്തീയ പ്രാർത്ഥനകളെപ്പററി പറയുകയാണ്: "അതിന്റെ ആദിയും മദ്ധ്യവും അന്ത്യവും ദാവീദിന്റെ സങ്കീർത്തനങ്ങളാണ്" ആരാധനാസമ്മേളനങ്ങളെപ്പററിയുള്ള ആദിമ നൂററാണ്ടുകളിലെ ചരിത്ര രേഖകളെല്ലാം ഇതു് സാക്ഷിക്കുന്നുണ്ട്.

രണ്ടാം നിഖ്യാസൂനഹദോസ് (756) നിഷ്ക്കർഷിക്കുകയാണ്: വൈദീകമേലദ്ധ്യക്ഷന്മാരായി തിരഞ്ഞെടു

www.malankaralibrary.com

ക്കപ്പെടുന്നവർക്കു സങ്കീർത്തനങ്ങളെപ്പററി അഗാധമായ ജ്ഞാനമുണ്ടായിരിക്കണമെന്നു്, സന്യാസികൾ സങ്കീർത്തനം മുഴുവൻ ഹൃദിസ്ഥമാക്കിരുന്നെന്നു് വി. ബനഡിക്ടു് വി. ജറോം മുതലായവരുടെ ഉപദേശങ്ങളിൽനിന്നു് വ്യക്തമാകുന്നുണ്ടു. ജറുസലേമിലെ വി. പൗലാ നിഷ്കർഷിച്ചിട്ടുണ്ടു്, സങ്കീർത്തനം മുഴുവൻ ഹൃദിസ്ഥമാക്കാത്ത സന്യാസികൾക്കു് മഠത്തിൽ സ്ഥാനമില്ലെന്നു്.

## 5. പരിശുദ്ധ നാമം

'പരിശുദ്ധ നാമം' 'പരിശുദ്ധൻെറ നാമം,' 'നിൻെറ നാമം' എന്നിങ്ങനെയാണു് സങ്കീർത്തനങ്ങളിൽ പലപ്പോഴും ദൈവത്തെ അഭിസംബോധന ചെയ്യുക. യഹൂദന്മാർ "ദൈവം" എന്ന നാമം ബഹുമാനംകൊണ്ടു് സാധാരണമായി ഉപയോഗിക്കാറില്ല. അതിനുപകരം ദൈവത്തിൻെറ പ്രകൃതിയെ, പ്രവർത്തനത്തിൻെറയും ഗുണങ്ങളുടേയും സത്തയെ, സൂചിപ്പിക്കാനായി ഉപയോഗിച്ചിരുന്നതാണു് ഈ 'നാമം.' അതു ദൈവത്തെത്തന്നെ സൂചിപ്പിക്കുന്നു.

## 6. സങ്കീർത്തന വിഭജനം

വിവിധ ബൈബിൾ ടെക്സ്റ്റുകൾ സങ്കീർത്തനങ്ങൾക്കു ക്രമനമ്പരുകൾ നൽകുന്നതു് വ്യസ്ത്യസ്ഥമായാണു്. ഇക്കാര്യത്തിൽ ഗ്രീക്കു് (Septuagint) ലത്തീൻ (Vulgate) ടെക്സ്റ്റുകൾ ഒരു വശത്തും ഹീബ്രു സുറിയാനി ടെക്സ്റ്റുകൾ മറുവശത്തുംനിൽക്കുന്നു. ഒരു സങ്കീർത്തനത്തെ ഒരുകൂട്ടർ ഒന്നായി എണ്ണുമ്പോൾ മറേറകൂട്ടർ അതിനെ രണ്ടായിവിഭജിച്ചു രണ്ടു സങ്കീർത്തനങ്ങളായി എണ്ണുന്നു.

www.malankaralibrary.com

അങ്ങനെ ക്രമനമ്പർ വ്യത്യാസപ്പെട്ടിട്ടുണ്ടെന്നു് താഴെക്കാണുന്ന സംഗ്രഹത്തിൽനിന്നും ഗ്രഹിക്കാം. ഇപ്പോഠം ഹിബ്രുവിലെ ക്രമനമ്പരാണു് സാധാരണമായി കൂടുതൽ സ്വീകരിച്ചുവരിക. ചിലപ്പോഴെല്ലാം ഹിബ്രുവിൽ നിന്നു് വ്യത്യസ്ഥമായ നമ്പരാണു് സുറിയാനി ടെക്സ്റ്റ് (പ്ശീത്താ) നല്കുന്നതു്.

| ഗ്രീക്ക, ലത്തീൻ. | ഹിബ്രു | സുറിയാനി. |
|---|---|---|
| L·XX, Vulgate | Hebrew | Psitta |
| 1–8 | 1–8 | 1–8 |
| 9 (1–21) | 9 | 9 |
| 9 (22–39) | 10 | 10 |
| 10 | 11 | 11 |
| 11–112 | 12–113 | 12–113 |
| 113 (1–8) | 114 | 114 (1-8) |
| 113 (9–26) | 115 | 114 (9–26) |
| 114 | 116 (1–9) | 115 1–9) |
| 115 | 116 (10–9) | 115 (10-19) |
| 116 | 117 | 116 |
| 117-145 | 118–146 | 117–145 |
| 146 | 147 (1–11) | 146 |
| 147 | 147 (12–20) | 147 |
| 148–150 | 148–150 | 148–150 |

## 7. വിവിധ റീത്തുകളിൽ സങ്കീർത്തന വിഭജനം

മിക്കവാറും എല്ലാ റീത്തുകളിലും സങ്കീർത്തനങ്ങഠം ഉപയോഗസൗകര്യത്തിനായി വിഭാഗമായും ഉപവിഭാഗമായും തിരിച്ചിട്ടുണ്ടു്. ഉദാഹരിക്കാം, പൗരസ്ത്യസിറിയൻ റീത്തു് 150 സങ്കീർത്തനങ്ങളെ 57 ചെറി

www.malankaralibrary.com

യ യൂണിററുകളായും (മർമീസാ) 20 വലിയ യൂണിററുകളായും (ഹുല്ലാല) തിരിച്ചിരിക്കുന്നു. ഓരോ ചെറിയ യൂണിററിലും രണ്ടോ മൂന്നോ നാലോ സങ്കീർത്തനങ്ങൾ കാണും. ഇതുപോലെ വിവിധ റീത്തുകളിൽ സങ്കീർത്തനങ്ങൾ വിഭജിക്കപ്പെട്ടിട്ടുള്ളതു് താഴെ കൊടുക്കുന്നു. എത്ര വലിയ യൂണിററുകൾ ഓരോ രാത്രിജപത്തിൽ ചൊല്ലുന്നുവെന്നതും ഇവിടെ കാണാവുന്നതാണു്:

| റീത്തു്. | വ. യൂ. | ചെ. യൂ. | രാത്രിജപം. |
|---|---|---|---|
| ബൈസൻറയിൽ | 20 | 60 | രണ്ടോമൂന്നോ. |
| പൗ. സിറിയൻ | 20 | 57 | മുൻകാലം. 7<br>ഇപ്പോൾ 3 |
| അർമേനിയൻ | 8 | 56 | 1 |
| കോൺസ്റ്റാൻറിനോപ്പോളിററൻ | | 68 | 7–18 ചെ. യൂ. |

(സീറോമലബാറിൽ മുമ്പു് പൗ. സിറിയൻറീത്തിലെ ഒരു വലിയ യൂണിററും, ഇപ്പോൾ ഒരു ചെറിയ യൂണിററു ഉപയോഗിക്കുന്നു.)

www.malankaralibrary.com

# തെരഞ്ഞെടുക്കപ്പെട്ട സങ്കീർത്തനങ്ങളും മററു വേദപുസ്തകഭാഗങ്ങളും

## 1. തെരഞ്ഞെടുത്ത സങ്കീർത്തനങ്ങൾ

യഹൂദന്മാരുടെ ഇടയിൽ സങ്കീർത്തനത്തിനു വളരെയധികം പ്രാധാന്യമുണ്ട്. ജറുസലേം ദേവാലയത്തിലെയും സിനഗോഗിലെയും ശുശ്രൂഷകൾക്കിതു ബാധകമാണ്. പല സങ്കീർത്തനങ്ങളും. നിർദ്ദിഷ്ടദിവസങ്ങൾക്ക നിശ്ചയിക്കപ്പെട്ടവയായിരുന്നു: 3—ാം സങ്കീർത്തനം ദൈവാലയ പ്രതിഷ്ഠക്കും 100—ാമത്തെ സങ്കീർത്തനം കൃതജ്ഞതാബലിക്കും 92—ാമത്തെ സങ്കീർത്തനം സാബത്തിനും 24—ാമത്തെ സങ്കീർത്തനം ഞായറാഴ്ചയും 94—ാമത്തെ സങ്കീർത്തനം ബുധനാഴ്ചയും 51—ാം സങ്കീർത്തനം വ്യാഴാഴ്ചയും 93—ാം സങ്കീർത്തനം വെള്ളിയാഴ്ചയും തിരഞ്ഞെടുക്കപ്പെട്ടവയാണ്. ഈ സങ്കീർത്തനങ്ങൾ അതതു ദിവസം പ്രഭാതത്തിലെ ഹോമബലിക്ക് ആലപിച്ചിരുന്നു. ഹല്ലെൽ സങ്കീർത്തനങ്ങൾ (113 മുതൽ 118 വരെ) പെസഹാത്തിരുനാളിന് ഉപയോഗിച്ചിരുന്നു. "ഹല്ലേലുയ്യാ സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്നവയും (95, 106, 111, 112 113' 115, 117, 135, 146, 149, 150) ആരാധനാസമൂഹം ഹല്ലേലുയ്യാ എന്ന പല്ലവി ചൊല്ലിയിരുന്നതാവാം.

www.malankaralibrary.com

## ദ. സായാഹ്നജപ സങ്കീർത്തനങ്ങൾ

### 140–ാം സങ്കീർത്തനം—മറിയാ ക്രേസാക്

"കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു. എനിക്കുത്തരമരുളണമേ............"

ഈ സങ്കീർത്തനം സായാഹ്നജപത്തിനു വളരെ യോജിച്ചതാണ്. 'കർത്താവേ, എന്റെ ഈ പ്രാർത്ഥന എന്റെ സായാഹ്നബലിയായി സ്വീകരിക്കണമേ' എന്ന് അതിൽ പറയുന്നുണ്ടല്ലോ. നാലാം നൂററാണ്ടുകളിലെ രേഖകളിൽ ഈ സങ്കീർത്തനം സായാഹ്നജപത്തിൽ ചൊല്ലിയിരുന്നതായി കാണാവുന്നതാണ്. (Const, Apostolica Lib VIII, II). പിതാക്കന്മാരുടെ നിശ്ചയ പ്രകാരം സായാഹ്നജപത്തിൽ ഈ സങ്കീർത്തനം ചൊല്ലിവരുന്നുവെന്നു വി. ക്രിസോസ്തോം പറയുന്നു. (decretum a patribus ut hic psalmus vespere dieeretur quotidie P G 55, 426–7) നാലാംനൂററാണ്ടിൽ ജറുസലേമിൽഉച്ചകഴിഞ്ഞു നാലുമണിയോടുകൂടി ഈ സങ്കീർത്തനം ചൊല്ലിയിരുന്നതായി എജറിയാ രേഖപ്പെടുത്തിയിട്ടുണ്ട്; തത്സമയം മെത്രാനും വൈദികരും സജ്ജീകൃതപീഠങ്ങളിൽ ഇരിക്കുന്നതായും (Hora autem decima, dicunntr etiam psalmi lucernares et antiphonae diutius. Episcopus sedet. .nec non etiam presbyteri sedent locis suisdi cuntur hymi et antiphonae. Petre' 192) സായാഹ്നജപത്തിന്റെ കാതലാണീ സങ്കീർത്തനം.

www.malankaralibrary.com

## മററു സായാഹ്ന സങ്കീർത്തനങ്ങൾ

140–ാം സങ്കീർത്തനത്തിൻെറ കൂടെ മററുചില സങ്കീർത്തനങ്ങളും ചില റീത്തുകരം തെരഞ്ഞെടുത്തിട്ടുണ്ടു്. പൗരസ്ത്യ പാശ്ചാത്യ സുറിയാനി റീത്തുകളിൽ 141, 118 (105—112), 116 എന്നീ സങ്കീർത്തനങ്ങളും ബിസന്റിയിൻ റീത്തിൽ 141, 129, 116 എന്നീ സങ്കീർത്തനങ്ങളും അർമ്മേനിയൻ റീത്തിൽ 130, 141 എന്നീ സങ്കീർത്തനങ്ങളും ഉപയോഗിക്കുന്നുണ്ടു്. കോൺസ്റ്റാൻറിനോപ്പോളിട്ടൻ റീത്തിൽ 149—ാം സങ്കീർത്തനം മാത്രമേ സായാഹ്നസങ്കീർത്തനമായി പാടുന്നുള്ളു. മറ്റുള്ള സങ്കീർത്തനങ്ങളിൽ 113ഉം 129ഉം സായാഹ്നജപത്തിൻെറ പ്രകൃതിയുള്ളവതന്നെ.

## b) പ്രഭാതജപസങ്കീർത്തനങ്ങൾ

### ✓ 51 –ാം സങ്കീർത്തനം

(Miserere: ദൈവമേ എന്നോടു കൃപ ചെയ്യണമേ, ദയാപൂർവ്വം എൻെറ പാപങ്ങരം മായിച്ചു കളയണമേ).

ഈ അനുതാപസങ്കീർത്തനം എല്ലാ റീത്തുകളിലും പ്രഭാത ജപത്തിലുള്ളതാണു്. മിക്കറീത്തുകളിലും അതു പ്രാരംഭത്തിൽ തന്നെ. ബനഡിക്ടൈൻ, കോൺസ്റ്റാൻറിനോപ്പോളിട്ടൻ, ബിസൻറിയിൻ, അർമ്മേനിയൻ, പാശ്ചാത്യസിറിയൻ എന്നീ റീത്തുകളിൽ ഇതു ഇടദിവസങ്ങളിലേ ചൊല്ലുന്നുള്ളു. മാറോനീത്താക്കാർ ഈ അനുതാപസങ്കീർത്തനം ഞായറാഴ്ച മാത്രം ആലപിക്കുന്നു.

'ഉഷസ്സാകുമ്പോരം' (die jam eluiscente) ഓരോരുത്തനും അനുതാപപ്രകരണം ചൊല്ലുന്നവെന്നു വി. ബേസിൽപറയുന്നു. (P. G. 52, 764). ഇററാലിയിലെ എല്ലാ

www.malankaralibrary.com

ദൈവാലയങ്ങളിലും ഈ സങ്കീർത്തനം പ്രഭാതത്തിൽ ചൊല്ലിയിരുന്നുവെന്നു കാസ്സിയൻ രേഖപ്പെടുത്തിയിട്ടുണ്ടു്.

62—ാമത്തെ സങ്കീർത്തനം

Deus Deus meus ad te de luce vigilo: പ്രകാശത്തിൻെറ ഉദയം മുതൽ കർത്താവേ നിന്നെ ഞാൻ കാത്തിരിക്കുന്നു.

വ്യക്തമായും ഒരു പ്രഭാതസങ്കീർത്തനമാണിതു്. 'പ്രഭാതസങ്കീർത്തന' മെന്നുതന്നെയാണു് വി. ക്രിസോസ്തോം അതിനു നൽകിയിരിക്കുന്ന നാമം (P. G. 55 426—7). സഭാചരിത്രകാരനായ എവുസേബിയൊസും അപ്പസ്തോലിക്കു് കോൺസ്റ്റിട്യൂഷൻ എന്ന രേഖയും (നാലാം നൂററാണ്ടു്) പ്രഭാതസങ്കീർത്തനങ്ങളുടെ കൂടെ ഇതും ഉൾപ്പെടുത്തുന്നുണ്ടു്.

റോമൻ, പാശ്ചാത്യസിറിയൻ എന്നീ റീത്തുകളിൽ ഇതു് അനുദിനം ആലപിക്കുന്നു. ബനഡിക്ടൈൻ റീത്തിൽ ഞായറാഴ്ച ദിവസമേ ചൊല്ലാറുള്ളു. ബിസൻറിയൻ റീത്തിലും പിന്നീടു കോൺസ്റ്റൻറിനോപ്പോളിട്ടൻ റീത്തിലും ഈ സങ്കീർത്തനം രാത്രിജപത്തിലാണു് ചൊല്ലിവരിക.

148—150 സങ്കീർത്തനങ്ങൾ: കത്തീഡ്രൽ ക്രമങ്ങളിൽ സാർവത്രികമാണിവ. അഞ്ചാം നൂററാണ്ടിൽ ഇവ പ്രഭാതജപത്തിൻെറ അവിഭാജ്യഘടകങ്ങളായിരുന്നു. സിനഗോഗിലെ പ്രഭാതപ്രാർത്ഥനയിലും ഈ സങ്കീർത്തനങ്ങൾ ചൊല്ലിവരുന്നു. കർത്താവിനെ "സ്തുതിക്കുവിൻ" എന്ന പ്രാരംഭത്തോടുകൂടിയ സങ്കീർത്തനങ്ങളും ഇവയോടു ചേർത്തു ചില റീത്തുകളിൽ ചൊല്ലാറുണ്ടു്. ഇങ്ങനെ 'കർത്താവിൻെറ ദാസന്മാരെ കർത്താവിനെ സ്തുതിക്കുവിൻ' (Cantate pueri Dominum) എന്ന 113—ാമത്തെ സങ്കീർത്തനം ചില സിറിയൻ റീത്തുകളിൽ ചൊല്ലുന്നുണ്ടു്.

www.malankaralibrary.com

## പ്രകാശ സങ്കീർത്തനങ്ങൾ

പ്രകാശത്തോടു ബന്ധമുണ്ടെന്നു (Psalms of light) കരുതിക്കൊണ്ടു 67—ാം സങ്കീർത്തനവും (രണ്ടാം വാക്യം: തന്റെ മുഖം നമ്മുടെ നേരെ പ്രകാശിക്കട്ടെ. illuminet vultum suum super nos) 103—ാം സങ്കീർത്തനവും (രണ്ടാം വാക്യം: മേലങ്കിപോലെ അങ്ങു പ്രകാശമണിഞ്ഞിരിക്കുന്നു) പ്രഭാതജപത്തിൽ ഉപയോഗിക്കാറുണ്ടു്. പ്രഭാത സങ്കീർത്തനമെന്നപേരിൽ പതിനെട്ടു സങ്കീർത്തനങ്ങളിൽനിന്നു കൂട്ടിച്ചേർത്തുക്രമപ്പെടുത്തിയ ഒരു സങ്കീർത്തനം പുരാതന വിസിഗോത്തിക്കു് റീത്തിലുണ്ടായിരുന്നു (5, 19, 43, 59, 63, 65, 67, 76, 87, 92, 101, 118, 130, 143, 118 (145—52) എന്നിങ്ങനെയുള്ള സങ്കീർത്തനങ്ങളിൽനിന്നുമാണു് മേല്പറഞ്ഞ പ്രഭാതസങ്കീർത്തനം രൂപപ്പെടുത്തിയതു്).

## ഉയിർപ്പിന്റെ സങ്കീർത്തനങ്ങൾ

ഉയിർപ്പിനെപ്പററിയുള്ള സൂചന നൽകുന്ന സങ്കീർത്തനങ്ങളും (Psalms of resurrection) പ്രഭാതജപത്തിൽ ചേർക്കാറുണ്ടു്. പ്രത്യേകിച്ചും ഞായറാഴ്ച നമസ്കാരത്തിൽ ഇവ പ്രസക്തമാണല്ലോ. ഇങ്ങനെ 118—ാം സങ്കീർത്തനം (കർത്താവിനു നന്ദിപറയുവിൻ, എന്തെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാകുന്നു). ബനഡിക്ടൈൻ ക്രമത്തിൽ ഞായറാഴ്ചയും അമ്പ്രോസിയൻ റീത്തിൽ ശനിയാഴ്ചയും ചൊല്ലുന്നു. 93—ാമത്തെ സങ്കീർത്തനം (കർത്താവു മഹത്വത്തോടെ ഭരിക്കുന്നു. Dominus Regnat) അമ്പ്രോസിയൻ റീത്തിലും റോമൻ റീത്തിലും ഞായറാഴ്ചയും, പൗ. സിറിയൻ റീത്തിൽ ദിവസേനയും ചൊല്ലുന്നു

www.malankaralibrary.com

ണ്ട്. (തെരഞ്ഞെടുക്കപ്പെട്ട ഈ സങ്കീർത്തനങ്ങളെപ്പററിയുള്ള വ്യാഖ്യാനത്തിന് "പൗരസ്ത്യസിറിയൻ രീതിയിൽ" എന്ന അദ്ധ്യായം കാണുക.)

## 2. വേദപുസ്തക കീർത്തനങ്ങൾ

## (Benedicite)

ദാനിയേൽ ദീർഘദർശിയുടെ പുസ്തകത്തിന്റെ മൂന്നാമദ്ധ്യായത്തിൽ നിന്ന് മൂന്ന് കീർത്തനങ്ങൾ പ്രഭാതജപത്തിൽ ഉപയോഗിക്കാറുണ്ട്:

അദ്ധ്യയം III 26–45 (അസറിയായുടെ പ്രാർത്ഥന)

52–57 (മൂന്നു ബാലകന്മാരുടെ ഒന്നാം കീർത്തനം.)

57–88 (മൂന്നു ബാലകന്മാരുടെ രണ്ടാം കീർത്തനം)

ഇവയിൽ ഏററവുമധികം ഉപയോഗിക്കുന്നതു മൂന്നു ബാലകന്മാരുടെ രണ്ടാമത്തെ കീർത്തനമാണ്:

"അവനീപതിയാമഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടെ"

ഞായറാഴ്ചകളിലും തിരുനാളുകളിലുമാണിതു സാധാരണമായി ആലപിക്കുക. ഉദാഹരണത്തിന്: റോമൻ, ബനഡിക്ടൈൻ കോൺസ്റ്റാൻറിനോപ്പോളിററൻ, പൗ. സിറിയൻ മൊസാറബിക്ക്, അംബ്രോസിയൻ എന്നീരീതികൾ. അനുദിനം ഈ കീർത്തനം ആലപിക്കുന്നത് ബിസൻറിയൻ അർമ്മേനിയൻ രീതികളിലാണ്. കോൺസ്റ്റാൻറിനോപ്പോളിററൻ രീതിയിൽ പെസഹാക്കാലത്തു തിരുനാളിന്റെ പ്രതീതികാണിക്കാൻ ഈ കീർത്തനം അനുദിനം ചൊല്ലുന്നുണ്ട്.

5–ാം നൂററാണ്ടിലെ വേദപുസ്തകത്തിന്റെ കൈയെഴുത്തുപ്രതിയായ Codex Alexandrinus–ൽ സങ്കീ

www.malankaralibrary.com

ത്തനങ്ങളോടുകൂടി 14 കീർത്തനങ്ങളുണ്ടു്. അത്യന്തങ്ങളിൽ ദൈവത്തിനസ്തുതി (gloria in excelsis) കൂടാതെ പഴയനിയമത്തിലെ പത്തും പുതിയനിയമത്തിലെ മൂന്നും കീർത്തനങ്ങൾ അതിൽ ചേർത്തിട്ടുണ്ടു്. പഴയനിയമത്തിൽ നിന്നുള്ളവ: പുറപ്പാടു 15, ആവർത്തനം 32, അന്നയുടെകീർത്തനം, ഏശയ്യ 26, യോനാസിൻെറയും ഹബക്കൂക്കിൻെറയും കീർത്തനങ്ങൾ, ഏശയ്യ 38, മൂന്നുബാലകന്മാരുടെ രണ്ടും മനസ്സായുടെയും കീർത്തനങ്ങൾ. അസ്സറിയായുടെ പ്രാർത്ഥന. ഇവയിൽ മൂന്നു ബാലകന്മാരുടെ രണ്ടാമത്തെ കീർത്തനമേ സാധാരണ പ്രഭാതജപത്തിലുള്ളു. മററുള്ളവ രാത്രിജപത്തിലാണു് ചൊല്ലാറുള്ളതു്.

പുതിയ നിയമത്തിൽ പരി. കന്യക ചൊല്ലിയ കീർത്തനം (Magnificat) പാശ്ചാത്യസിറിയൻ ബിസന്ററിയൻ അർമ്മേനിയൻ റീത്തുകളിൽ അനുദിനം ചൊല്ലുന്നു. സക്കറിയായുടെ കീർത്തനമായ Benedictus റോമൻ ബിസൻറയിൻ റീത്തുകളിൽ പ്രഭാതജപത്തിലുണ്ടു്.

## സഭയുടെ കീർത്തനങ്ങൾ (Ecelesiastical hymns)

ദാവീദിൻെറ സങ്കീർത്തനം കൂടാതെ ക്രൈസ്തവർ രചിച്ച പല ഗാനങ്ങളും ആരാധനാസമൂഹത്തിൽ ആലപിച്ചിരുന്നു. ആദിമ സഭയിലുണ്ടായ അബദ്ധസിദ്ധാന്തങ്ങൾ ഭയന്നു അവയിൽ പലതും ഉപയോഗിക്കാതെയായി. അക്കാലങ്ങളിൽ വിരചിതമായ Gloria in Excelsis പല പൗരസ്ത്യറീത്തുകളിലും പ്രഭാതജപത്തിൽ ചൊല്ലിവരുന്നതാണു്. പിന്നീടു പൗരസ്ത്യവും പാശ്ചാത്യവുമായ ബലികളിലും അതു കടന്നുകൂടി. (വെള്ളിയാൻ, വി. കർബാന, ഒരു വ്യാഖ്യാനം) ഫോസ് ഹിലാറോൺ (Delicions light) എന്ന ഗ്രീക്കുഗാനവും Te Deum

www.malankaralibrary.com

(ലാക് ആലാഹാ) എന്ന ലത്തീൻഗാനവും ആദ്യനൂററാണ്ടുകളിൽത്തന്നെ വിരചിതങ്ങളായി.

## 3. വേദപുസ്തകപാരായണം

സങ്കീർത്തനത്തിനെന്നപോലെ ദൈവവചനത്തിനും കാനോനാനമസ്ക്കാരത്തിൽ സ്ഥാനമുണ്ടായിരുന്നു. സങ്കീർത്തനം ചില യാമ ജപങ്ങളിൽ തെരഞ്ഞെടുത്തു ചൊല്ലിയിരുന്നതുപോലെ വേദപുസ്തകഭാഗങ്ങളും തെരഞ്ഞെടുത്തു വായിച്ചിരുന്നു. സന്യാസക്രമങ്ങളിൽ വേദപുസ്തകം തുടർച്ചയായി വായിക്കുകയാണു ചെയ്തതു്. വായനയ്ക്കു ശേഷം കത്തീഡ്റൽ ക്രമത്തിൽ മെത്രാൻ പ്രസംഗിച്ചിരുന്നു.

www.malankaralibrary.com

# ഇസ്രയേലിന്റെ രക്ഷകനായ ദൈവം

## സങ്കീർത്തനങ്ങളിൽ

യഹൂദമതത്തിന്റെ പ്രമുഖ തത്വങ്ങളിലൊന്ന്, ഇസ്രായേൽ ജനത്തെ അടിമത്തത്തിൽനിന്ന വിമുക്തമാക്കുകയും വാഗ്ദത്ത നാടു നല്കി 'സ്വകാര്യവസ്തു'വെന്ന നിലയിൽ തെരഞ്ഞെടുത്തു രക്ഷിക്കുകയുംചെയ്ത 'യാഹ്വേ' യിലുള്ള വിശ്വാസമാണ്. അതു് പഴയനിയമത്തിൽ പലപ്പോഴും കണ്ടുമുട്ടുന്ന മുഖ്യാശയമാണ്. സങ്കീർത്തനങ്ങളിലുടനീളം ഈ തത്വം പൊന്തിനില്പുണ്ട്; പ്രത്യക്ഷമായും പരോക്ഷമായുമുള്ള സൂചനകളിലൂടെ: സങ്കീ. 66,78, 105, 106, 114, 135, 136.

ഇസ്രായേൽ ജനം ഈജിപ്റ്റിൽനിന്നു പുറപ്പെട്ട ദിനം Exodus) തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ജന്മദിനമായിക്കരുതാറുണ്ട്. "ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാനവനെ സ്നേഹിച്ചു. എന്റെ മകനെ ഈജിപ്റ്റിൽനിന്ന ഞാൻ വിളിച്ചു" (Os 11:) 1.

## പ്ലേഗുകൾ

(സങ്കീർത്തനങ്ങൾ 78, 105, 106, 125, 136)

'പുറപ്പാടിൽ (7—12 അദ്ധ്യായങ്ങൾ) ഈജിപ്റ്റുകാർക്കെതിരായി ദൈവമയച്ച പത്തു് ഞെരുക്കങ്ങളെപ്പ

www.malankaralibrary.com

ററിപ്പറയുന്നു. വെട്ടുക്കിളികളുടെ വർദ്ധനവും തവളകളുടെ വിളയാട്ടവും വെള്ളത്തിന്റെ ഭാവഭേദവുമൊക്കെ അക്കൂട്ടത്തിൽപ്പെടും. ഇവയൊക്കെ വിവരിക്കാനായി വിശദാംശങ്ങളിലേയ്ക്കു് കടക്കുന്നില്ല, വേദപുസ്തകകർത്താവു്. ചരിത്രപരമായ യാഥാർത്ഥ്യം നല്കുകയെന്നതിനെക്കാളുപരിയായി ദൈവശാസ്ത്രപരമായ ഒരുപ്രബോധനംനല്കുകയാണു്, പുറപ്പാടിലുടനീളം: ദൈവം ശക്തനാണു്, സ്നേഹസമ്പൂർണ്ണനാണു്, അബ്രഹാമിനോടു് ചെയ്ത വാഗ്ദാനങ്ങൾ നിറവേറാൻ അവിടുന്നു് അത്ഭുതങ്ങൾ തന്നേയും ചെയ്യുന്നു.

## ചെങ്കടലിലൂടെ പ്രയാണം

(സങ്കീർത്തനങ്ങൾ 66, 87, 106, 114, 136)

(ഇസ്രായേൽക്കാർ ഈജിപ്റ്റിൽനിന്നു പോന്നപ്പോൾ 'ചെങ്കടൽ' (Red Sea) കടന്നുവെന്നാണു് സാധാരണ പറയുന്നതെങ്കിലും Reed Sea എന്നതാണു് കൂടുതൽ ശരി (ജറുസലേം ബൈബിൾ) Ps 106: 6-8 Ex 13: 18 etc. ഇതു സകാരണമത്രേ. ഹീബ്രുവിൽ യോം സൂഫ് (Yom Suf) എന്നും സുറിയാനിയിൽ യമ്മാദ്സോപ് എന്നുമുള്ള പദങ്ങളുടെ അർത്ഥം Sea of reeds എന്നു തന്നെയാണു്. ഇസ്രായേൽ കടന്നുപോയ സമുദ്രഭാഗത്തു് പപ്പിറുകളോ ഞാങ്ങണകളോ (reeds) വളർന്നിരുന്നതു കൊണ്ടായിരിക്കണം അതിനു് ഈ പേർ ലഭിച്ചതു്.

വെള്ളത്തെ മാററിനിറുത്തി, താൻ പ്രകൃതി ശക്തികളുടെ നാഥനാണെന്നു് കാണിച്ചു് അക്കാലത്തു് ഏററം പ്രബലസാമ്രാജ്യമായിരുന്ന ഈജിപ്റ്റിനെ, ഇസ്രയേലിന്റെ എതിരാളികളെ, ദൈവം അടിപതറിക്കയുണ്ടായി. ശക്തികൂടിയ രാജ്യത്തിനു് ശക്തിയേറിയ ദേവ

www.malankaralibrary.com

ന്മാരുണ്ടെന്നായിരുന്നു സങ്കല്പം. അതുകൊണ്ടു് ഈജിപ്തു കാരുടെ ദേവന്മാരെ ദൈവം തോല്പിച്ചുവെന്നു് ജനം മനസ്സിലാക്കി. "ഞാൻ കർത്താവാകുന്നുവെന്നു് ഈജിപ്തുകാർ ഗ്രഹിക്കുന്നതിനു് ഫറവോനിലും അവന്റെ സകല സൈന്യങ്ങളിലും ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തും "(Ex. 14, 4).

ഈജിപ്റ്റുസൈന്യം ചെങ്കടലിൽ നശിച്ചതു് ഇസ്രായേൽക്കാർക്കു് കൂടുതൽ മനസ്ഥൈര്യം പ്രദാനം ചെയ്തു. അവർക്കുവേണ്ടി ദൈവം എന്തും ചെയ്യുമെന്നതുകൊണ്ടു് അവർ ഭയപ്പെടേണ്ടതില്ല. "കർത്താവു് നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും" (Ex 14 : 14). "അന്നു് ഇസ്രായേൽ ജനത്തെ ഈജിപ്റ്റുകാരുടെ കൈയിൽനിന്നു രക്ഷിച്ചതു്" കർത്താവാണു് (Ex 14 : 30).

മരുഭൂമിയിലൂടെയുള്ള യാത്രയിലും (സങ്കീ 66, 78, 105, 106, 114, 136) തന്റെ ജനത്തോടുള്ള അതിരററ സ്നേഹം ദൈവം വെളിപ്പെടുത്തി. സ്വർഗ്ഗത്തിൽനിന്നു മന്നായിറക്കിഅവരെ പോഷിപ്പിച്ചു; പാനം ചെയ്യാൻ പാറപൊട്ടിച്ചു ജലം നല്കി. കയ്പുള്ള ജലത്തെ മധുരമുള്ളതാക്കിക്കൊടുത്തു (Ex 15: 25). അവർക്കു മുമ്പേ ആകാശത്തിൽ മേഘത്തൂണയച്ചു് അവരെ നയിച്ചു.

'പുറപ്പാടു്' ഒരു ചരിത്ര വസ്തുതയാണു്. എന്നാൽ അതിന്റെ വിശദാംശങ്ങൾ നമുക്കു ലഭിച്ചിട്ടില്ല. മൂശ ഒരു ചരിത്രപുരുഷനാണു്. എന്നാൽ അദ്ദേഹത്തിന്റെ ശരിയായ ജീവചരിത്രം നല്കാൻ മാത്രമുള്ള വിവരങ്ങൾ നമുക്കില്ല. എന്നാൽ ഇതിലെല്ലാം ദൈവത്തിന്റെ പ്രത്യേക ലക്ഷ്യം വ്യക്തമാണു്.

ഇസ്രയേലിനെ രക്ഷപ്പെടുത്തിയതു് ദൈവത്തിന്റെ ഒരു പ്രവൃത്തിയാണു്. പരിത്രാണകർമ്മതലത്തിൽ ദൈവം

www.malankaralibrary.com

ഇടപെട്ടതിൽ ഒട്ടും പ്രാധാന്യം കുറഞ്ഞതല്ല അതു്. അതിനെ പുതിയനിയമത്തിൽ ക്രിസ്തുവിലൂടെ പ്രദാനം ചെയ്ത രക്ഷയുടെ ഒരു പ്രതിഛായ മാത്രമായി കരുതുന്നതു ശരിയല്ല. അതു ദൈവത്തിൻെറ ഒരു കൃത്യമാണു്. വസ്തുനിഷ്ഠമായ ഒരു പ്രവൃത്തി. പടിപടിയായി ദൈവം മനുഷ്യരക്ഷയിലിടപെടുന്നു. പുറപ്പാടും (1250 B. C ) ക്രിസ്തുവിൻെറ മരണവും (33 A. D. ?) തമ്മിൽ വളരെ അകന്നതായി നമുക്കു തോന്നും. ഇങ്ങനെയാണു് സാധാരണമായി മനുഷ്യനു് അനുഭവപ്പെടുക. എന്നാൽ അനാദിയായ ദൈവം ഭാവിയും ഭൂതവും കൂടാതെ സദാ വർത്തമാനകാലമായിട്ടാണു് സ്ഥിതിചെയ്യുന്നതു് എന്നതു് അത്രസുഗ്രഹമല്ലെങ്കിലും, ഒരു സത്യമാണു്. അതു വച്ചുനോക്കുമ്പോൾ രക്ഷാകർകർമ്മത്തിനു്, മനുഷ്യൻെറനോട്ടത്തിൽ പല പടികളുണ്ടെങ്കിലും ദൈവത്തിനു് ഇവയെല്ലാം കൂടി ഒരു കൃത്യമാണു് എന്നുഗ്രഹിക്കാവുന്നതാണു്. അതിൻെറ കേന്ദ്രബിന്ദു ക്രിസ്തുവാണു്. ആ ബിന്ദുവിനെ ലക്ഷ്യം വച്ചുകൊണ്ടാണു് അതിനു് മുമ്പുള്ള ബിന്ദുക്കളെല്ലാം ചരിക്കുന്നതു്. അതുകൊണ്ടു് 'പുറപ്പാടു്' രക്ഷണീയവേലയിലെ ഒരു ദൈവികകൃത്യമാണെന്നും അതു് ക്രിസ്തുവിങ്കലേയ്ക്കു് ഉന്മുഖമായിരിയ്ക്കുന്നുവെന്നും സിദ്ധിക്കുന്നു. അതിനു് ക്രിസ്തുവിലുള്ള രക്ഷ പുറപ്പാടിൻെറ കാലത്തു് വെളിപ്പെട്ടതാണമെന്നില്ല. എങ്കിലും പരോക്ഷമായി അതിൽ ഉൾക്കൊണ്ടിരുന്നു; വി. പൗലോസ്ശ്ലീഹാ അതു വ്യക്തമാക്കുന്നുണ്ടല്ലോ. "നമ്മുടെ പിതാക്കന്മാരെല്ലാവരും മേഘപടലത്തിൻെറ കീഴിലായിരുന്നു...... ചെങ്കടലിൽ കൂടി അവരെല്ലാം കടന്നുപോയി........എല്ലാവരും ഒരേ ആത്മീയ ഭക്ഷണം ഭുജിച്ചു......എല്ലാവരും ഒരേ ആത്മീയ പാനീയം കുടിക്കുകയും ചെയ്തു: 'എന്തെന്നാൽ അവരെ അനുഗമിച്ചിരുന്ന ആത്മീയശിലയിൽ നിന്നാണു് അവർ കുടിച്ചതു്. ആ ശില മിശിഹായുമാണു്" (I Cor 10, 1–4).

www.malankaralibrary.com

രക്ഷയുടെ ചരിത്രത്തിൽ ക്രിസ്തുവിനു് 'പുറപ്പാട്' മായിട്ടുള്ള ബന്ധം, പരിത്രാണകർമ്മത്തിൻെറ ഉച്ചിയിലു യർന്നു നിൽക്കുന്ന ക്രിസ്തുവിൻെറ മരണത്തിൻെറയും ഉയിർപ്പിൻെറയും മുമ്പാകെ പലപ്പോഴും സുദൃശ്യമല്ലാതെ പോകുന്നു. പക്ഷേ ഒന്നിൻെറ പ്രാമുഖ്യംകൊണ്ടു് മററതു് അന്തർദ്ധാനം ചെയ്യരുതു്. രണ്ടും ദൈവത്തിൻെറ രക്ഷാകരകൃത്യങ്ങളാണു്. ഒന്നു പ്രാരംഭവും മറേറതു് പൂർത്തീകരണവും. പഴയനിയമത്തിൻെറയും പുതിയനിയമത്തിൻെറയും കർത്താവു് ഏകദൈവംതന്നെയാണെന്ന വസ്തുത നാം മറക്കരുതു്. പഴയനിയമത്തിൽ ദൈവത്തിൻെറ രക്ഷാകരകർമ്മങ്ങൾ പുതിയനിയമത്തിലേക്കും ക്രിസ്തുവിലേക്കും ഉന്മുഖമാണെങ്കിൽ അവ വസ്തുനിഷ്ഠമാണെന്നും നാം വിസ്മരിക്കുന്നതു് ശരിയല്ല. പഴയനിയമത്തിൻെറ ഹൃദയവികാരങ്ങൾ എടുത്തു പാടിക്കേൾപ്പിക്കുന്ന സങ്കീർത്തനങ്ങളുടെ ആസ്വാദ്യത ശാശ്വതമാണു്. പഴയനിയമവും പുതിയനിയമവും, ഇസ്രായേൽജനതയും തിരുസ്സഭയും, പഴയനിയമത്തിലെ ദൈവികപ്രവൃത്തികളും പുതിയ നിയമത്തിലെ ദൈവിക പ്രവൃത്തികളും തമ്മിലുള്ളബന്ധം ഗ്രഹിക്കുകയാണാവശ്യം. അപ്പോൾ സങ്കീർത്തനങ്ങളെ നാം കൂടുതൽ വിലമതിക്കും. അവ നമ്മുടെ പ്രാർത്ഥനകളായി ഉപയോഗിക്കുന്നതിൽ നാം ഉൽസുകരും സന്തുഷ്ടരുമാവുകയും ചെയ്യും.

## ഇസ്രായേലിൻെറ ഹൃദയമിടിപ്പു് സങ്കീർത്തനങ്ങളിൽ

പഴയനിയമത്തിൽ പ്രത്യേകിച്ചും ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ—ദൈവം പലപ്പോഴായി ലോകചരിത്രത്തിലിടപെടുന്നതു വിവരിക്കുന്നുണ്ടു്. ലോകത്തെ സൃഷ്ടിക്കുന്നതും ഒരു പ്രത്യേക ജനത്തെ തെരഞ്ഞെടുക്കുന്നതും അ

www.malankaralibrary.com

തിൽ കാണാം. സൃഷ്ടിയുടെ പുസ്തകം ഒരു നല്ല ഭാഗം അബ്രഹാം, ഇസഹാക്ക്, യാക്കോബ് തുടങ്ങിയ പാത്രിയർക്കന്മാരെ കേന്ദ്രമാക്കി വിരചിതമാണ്. പഞ്ചഗ്രന്ഥിയുടെ മററു പുസ്തകങ്ങളിൽ മോശ പ്രഥമസ്ഥാനം വഹിക്കുന്നുവെന്നു പറയാം. ഇസ്രായേലിൻെറ അവിശ്വസ്തത, പാരതന്ത്ര്യം, വിമുക്തി എന്നിവയുടെയും, ദൈവത്തിൻെറ വിശ്വസ്തതയുടെയും ഒരു നീണ്ട കഥയാണ് പഞ്ചഗ്രന്ഥി എന്നു പറയാം. ദൈവത്തിൻെറ നിയമങ്ങളും ശാസനകളും അതിൽ ജനത്തിനു മാർഗ്ഗദർശകമായിരിക്കുന്നതു് ഉടനീളം ദൃശ്യമാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ ചിന്തകൾ, ദൈവത്തിൻെറ വിശ്വസ്തരായ ദാസന്മാരുടെ ഹൃദയവികാരങ്ങൾ, മാനസിക ചലനങ്ങൾ ഇവയൊന്നും പഞ്ചഗ്രന്ഥിയിൽ വേണ്ടത്ര വിവരിക്കുന്നില്ല. അവ ശേഖരിച്ചു കാണുന്നതു് സങ്കീർത്തനങ്ങളിലാണ്.

(ഇത്തരത്തിൽ പഞ്ചഗ്രന്ഥിക്കു് ഒരു മകുടമാണീ സങ്കീർത്തനങ്ങൾ. പഞ്ചഗ്രന്ഥിയുമായുള്ള ഈ ബന്ധം കൊണ്ടാണാവോ സങ്കീർത്തനങ്ങൾ ക്രമപ്പെടുത്തിയ ആൾ അവയെ അഞ്ചു പുസ്തകങ്ങളാക്കി—പഞ്ചഗ്രന്ഥിപോലെ—വിഭജിച്ചതു്.

| | | | |
|---|---|---|---|
| ഒന്നാം | പുസ്തകം: | 1— 41 | സങ്കീർത്തനം |
| രണ്ടാം | പുസ്തകം: | 42— 72 | സങ്കീർത്തനം |
| മൂന്നാം | പുസ്തകം: | 73— 89 | സങ്കീർത്തനം |
| നാലാം | പുസ്തകം: | 90—106 | സങ്കീർത്തനം |
| അഞ്ചാം | പുസ്തകം: | 107—150 | സങ്കീർത്തനം) |

യഹൂദചിന്തകൾക്കു് പ്രാർത്ഥനാരൂപം നൽകിയതാണ് സങ്കീർത്തനങ്ങൾ. പാരമ്പര്യമായി സ്വീകരിച്ച അവയെ ഓരോ ഇസ്രായേൽക്കാരനും തൻെറ ഹൃദയമിടിപ്പായി അനുഭവിച്ചറിയാൻ വിഷമമുണ്ടായിരുന്നില്ല.

www.malankaralibrary.com

വിവിധോപകരണങ്ങളോടെ സങ്കീർത്തനമാലപിക്കുകയും ശ്രവിക്കുകയും ചെയ്യുക അയാൾക്കാനന്ദകരമായിരുന്നു.

ദൈവത്തിൽ പരിപൂർണ്ണമായാശ്രയിക്കുന്ന ഭക്തന്റെ വികാരവിചാരങ്ങളാണ് സങ്കീർത്തനങ്ങളുടെ ഉള്ളടക്കം. ദൈവസ്നേഹവും, ദൈവവിശ്വാസവും അതിലുടനീളം കാണാം. ദൈവത്തെ ഭയപ്പെടുകയും പാപത്തെപ്പററി പശ്ചാത്തപിക്കുകയും ചെയ്യുന്ന ആത്മാവിന്റെ വികാരം അങ്ങിങ്ങായി അതിൽ ചിത്രീകരിക്കുന്നുണ്ട്. ജീവിത ക്ലേശങ്ങളിൽപ്പെട്ടുഴലുകയോ പാപവഴിയിൽ ചരിക്കുകയോ ചെയ്യുന്ന മനുഷ്യൻ സഹായവും രക്ഷയും പ്രതീക്ഷിച്ചുകൊണ്ട് സ്വാഭാവികമായി ദൈവത്തിലേയ്ക്കു തിരിയുന്നതും ദൃശ്യമാണവിടെ. സൃഷ്ടവസ്തുക്കളിലൂടെ സ്രഷ്ടാവിലേയ്ക്ക് ചിന്തകളുയർത്തുന്ന 'മിസ്റ്റിക്' ആണ് സങ്കീർത്തകൻ. സങ്കീർത്തന പുസ്തകത്തിൽ കൃതജ്ഞതയുടേയും സ്തുതിയുടേയും സ്നേഹത്തിന്റേയും പ്രത്യാശയുടേയും മനസ്താപത്തിന്റേയുമൊക്കെ കീർത്തനങ്ങളുണ്ട്. തന്നെത്തന്നെ മുഴുവനായി ദൈവത്തിന്റെ 'സ്വകാര്യസ്വത്താ'യി അർപ്പിച്ച സങ്കീർത്തകൻ ദൈവരാജ്യം എല്ലായിടത്തും വ്യാപിച്ചുകാണാനാഗ്രഹിക്കുന്നു. ഈ ആഗ്രഹത്തിന്റെ സഫലീകരണത്തിന് വിലങ്ങായി നിൽക്കുന്നവരെ ശകാരിക്കാനോ ശപിക്കാൻ പോലുമോ അദ്ദേഹം മടിക്കുന്നില്ല.

www.malankaralibrary.com

ഒൻപതു്

## അനുഗ്രഹാശംസയും ശാപവും

ദൈവഭക്തർക്കു് മംഗളങ്ങളാശംസിക്കുന്നതോടൊപ്പം ദൈവവിരോധികൾക്കു് ദൗർഭാഗ്യം കാംക്ഷിച്ചുകൊണ്ടുമുള്ള ചില സങ്കീർത്തനങ്ങളുണ്ടു്. വിജാതീയരുടെ ചിന്താഗതിയിൽ ഈ ആശംസയ്ക്കും ശാപത്തിനും മാന്ത്രികമായ ആന്തരിക ശക്തി ഉള്ളതാണു്. ആദ്യ യഹൂദമതത്തിലായപ്പോൾ രക്ഷിക്കുവാനും ശിക്ഷിക്കുവാനും ശക്തനായ ദൈവത്തിന്റെ തിരുമനസ്സിനു തീർത്തും വിധേയമായി കരുതപ്പെട്ടു. ദൈവത്തിന്റെ ഉടമ്പടി കാക്കുകയും, ദൈവതിരുമനസ്സു നിവർത്തിക്കുകയും ചെയ്യുന്നവർക്കാണു സൗഭാഗ്യം ആശംസിക്കുക. സങ്കീ. 2: 11: 24: 8: 40: 4, 84: 51 ദൈവനിയമങ്ങളെ ലംഘിക്കുന്നവരും ദൈവജനത്തെ ദ്രോഹിക്കുന്നവരുമാണു് ശാപവിധേയരാകുന്നതു്. 129: 21, 83: 9 ശപിക്കുന്നവന്റെ ദുഷ്ടമനസ്സു് അല്ല, ശാപമർഹിക്കുന്നവന്റെ ദുഷ്ടതയാണു് പ്രകൃതത്തിൽ പ്രസക്തം. ദൈവത്തിന്റെ നേർക്കുള്ള തീക്ഷ്ണതയാണു ദുഷ്ടനെ ശപിക്കുവാൻ സങ്കീർത്തകനു പ്രേരണ നൽകുന്നതു്. ദൈവത്തിന്റെ ശത്രുക്കൾ പ്രബലപ്പെടാതിരിക്കാനുള്ളയാഗ്രഹം ശാപവാക്യങ്ങളിൽ നാം ദർശിക്കണം. ഇവിടെ ഇസ്രായേൽജനതയുടെ സ്വഭാവ വിശേഷം നാം വിസ്മരിക്കരുതു്. ക്ഷിപ്രകോപികളായ അവർക്കു പരുപരുത്ത വാക്കുകൾ ഉരുവിടാൻ വിഷമമില്ല.

സങ്കീർത്തകൻ വ്യക്തിപരമായി ഉപദ്രവിക്കപ്പെട്ടപ്പോഴും ഇതേ കോപവും തീക്ഷ്ണതയും അദ്ദേഹത്തിൽ ശ

www.malankaralibrary.com

ക്തമാകുന്നു. വിദ്വേഷവികാരങ്ങൾ വിജ്റംഭിക്കുന്നു. ദൈവം തെരഞ്ഞെടുത്ത് സ്വന്തമാക്കിയ ജനത്തിന്റെ ഒരംഗമാണു താനെന്നും, താൻ മുഴുവനായും ദൈവത്തിന്റെ വകയാണെന്നും അവബോധമുള്ള സങ്കീർത്തകൻ ദൈവജനത്തിനും തനിക്കുമെതിരായി ശത്രുക്കൾ ചെയ്യുന്നതെന്തും ദൈവത്തിനെതിരായിട്ടാണെന്നുകണക്കാക്കുന്നു; ദൈവജനത്തിന്റെ ശത്രുക്കളെല്ലാം തന്റെ ശത്രുക്കളായും. താനും തന്റെ വംശവും നിന്ദിക്കപ്പെടാതിരിക്കാൻ ദൈവത്തിന്റെ നീതി ശത്രുക്കളുടെ മീതെ ഉയർന്നു കാണാൻ സങ്കീർത്തകനാഗ്രഹിക്കുന്നു.

അങ്ങയെ അറിയാത്ത വിജാതീയരോടും
അങ്ങയോടു പ്രാർത്ഥിക്കാത്ത രാജ്യങ്ങളോടും
അങ്ങുന്നു കോപിക്കണമേ,
എന്തെന്നാൽ അവർ യാക്കോബിനെ വിഴുങ്ങുകയും
അദ്ദേഹത്തിന്റെ നാടു നശിപ്പിക്കയും ചെയ്തു.
'നിങ്ങളുടെ ദൈവമെവിടെ' എന്നു
വിജാതീയർ നിന്ദിക്കാതിരിക്കട്ടെ.
അങ്ങേ ദാസന്മാരുടെ രക്തം ചിന്തിയതിനാൽ
ഞങ്ങൾ കാൺകെ അവരെ ശിക്ഷിക്കണമെ.
(സങ്കീർത്തനം 79)

സങ്കീർത്തനങ്ങളിൽ പലതും പ്രവചനങ്ങളാണ്. ദൈവശത്രുവിനു വരാനിരിക്കുന്ന ശിക്ഷയുടെ ഒരു പ്രവചനമാകാം ശാപരൂപത്തിൽ പ്രസ്താവിക്കുന്നവ:

വിനാശകാരിയായ ബാബേൽ പുത്രീ,
നീ ഞങ്ങൾക്കു വരുത്തിയ നാശങ്ങൾക്കെല്ലാം
പകരം ചോദിക്കുന്നവൻ ഭാഗ്യവാൻ
അവൻ നിന്റെ കുഞ്ഞുങ്ങളെപിടിച്ച്
ഉറച്ച പാറമേൽ അടിക്കും. (സങ്കീ. 136)

www.malankaralibrary.com

## പുതിയ നിയമത്തിനു നിരക്കുന്നതോ?

സ്നേഹത്തിൽ പണുതുയർത്തിയിരിക്കുന്ന പുതിയ നിയമത്തിനു ഇതു ചേർന്നതോ?—നാം ചോദിച്ചേക്കാം. പഴയനിയമത്തിലും ദൈവം ഒരു വത്സല പിതാവായി ചിത്രീകരിക്കപ്പെടുന്നുണ്ടെന്നു് നാം അനുസ്മരിക്കണം. 'ഒരു മാതാവു് തന്റെ കുഞ്ഞിനെ മറന്നാൽത്തന്നെയും ദൈവം തന്റെ ജനത്തെ മറക്കില്ലെന്ന ( Is. 49: 15 നാമവിടെക്കാണുന്നുണ്ടു്. അടിസ്ഥാനപരമായി, സങ്കീർത്തകനും സ്നേഹത്തിന്റെ പ്രമാണത്തിൽ ജീവിക്കുന്നെന്നു് സങ്കീർത്തനങ്ങളിൽ അങ്ങിങ്ങായി കാണാവുന്നതാണു്.

"എന്റെ സ്നേഹത്തിനുപകരം
അവർ എന്നോടു വിരോധം കാണിച്ചു.
ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.
നന്മയ്ക്കുപകരം എന്നോടു തിന്മചെയ്തു
സ്നേഹത്തിനുപകരമായി തിന്മകാണിച്ചു"
(സങ്കീ: 109)

അതുകൊണ്ടു പഴയനിയമത്തിൽ ദൈവം ക്രൂരനും പ്രതികാരോത്സുകനുമാണെന്ന വേദപുസ്തകത്തിലെ ചില പ്രയോഗങ്ങൾ നോക്കി അനുമിച്ചാൽ ശരിയാവില്ല.

പുതിയ നിയമത്തിലേക്കു് കണ്ണോടിക്കുക. പാപികളെ സ്നേഹിക്കുകയും സ്നേഹം പ്രസംഗിക്കുകയും പരസ്നേഹം പ്രാവർത്തികമാക്കിക്കൊണ്ടു് മരിക്കുകയും ചെയ്ത ക്രിസ്തു ചിലപ്പോഴെല്ലാം കോപിഷ്ഠനാവുന്നതും, മറ്റുള്ളവരെ നിശിതമായി വിമർശിക്കുന്നതും ശക്തിയായി ശകാരിക്കുന്നതും കാണുന്നില്ലേ? 'അണലി സന്താനങ്ങളേ....വെള്ളപൂശിയ കുഴിമാടങ്ങളേ....നിങ്ങൾക്കു ദുരിതം....' (Mt. 23) 'ശപിക്കപ്പെട്ടവരേ, അകന്നുപോകുവിൻ' (Mt. 25) ഇവ

www.malankaralibrary.com

യെല്ലാം കർത്താവിൻേറതാണ്. ഇവയെന്താണു സൂചി പ്പിക്കുക? സ്നേഹനിധിയായ ദൈവം നീതിമാനുമാണ്, എന്ന്. മനുഷ്യൻെറ ദുഷ്പ്രവൃത്തികൾക്കുനേരെ അവി ടുന്നു കണ്ണടയ്ക്കില്ല. പാപങ്ങൾക്കു ദൈവം പരിഹാരമാവ ശ്യപ്പെടും.

ഇത്തരത്തിലുള്ള സങ്കീർത്തനഭാഗങ്ങൾ എന്തു ചിന്ത യാണ് ഒരു ക്രിസ്ത്യാനിയിലുളവാക്കേണ്ടതു്? ഏതു രര ത്തിലാണവ മനസ്സിലാക്കേണ്ടതു്? 'ഇസ്രയേലിൻെറ ശത്രുക്കൾ' എന്നതു് ഇന്നു് സഭയുടെ ശത്രുക്കളായിക്കരു താം. എന്നാൽ അവരുടെ നാശത്തിനാഗ്രഹിക്കാതെ അവ രുടെ ദ്രോഹപരമായ പദ്ധതികൾ പരാജയപ്പെടാൻ പ്രാർ ത്ഥിക്കുക. ദൈവശക്തിയുടെ വിജയവും ദുഷ്ടശക്തിയുടെ അപജയവും കാംക്ഷിക്കുക. ദൈവനഗരമായ ജറുസല മിൻെറ മഹത്വവും സാത്താൻെറ നഗരമായ ബാബിലോ ണിൻെറ അധഃപതനവും ആഗ്രഹിക്കുക. പാപിയെ സ്നേ ഹിക്കുന്നതോടൊപ്പം പാപത്തെ വെറുക്കുകയും ചെയ്യുക.

സങ്കീർത്തനങ്ങളിലെ 'കടുത്ത' പ്രയോഗങ്ങൾ നമ്മു ടെ ഓരോരുത്തരുടെയും നേർക്കു് തിരിച്ചുവിട്ടു നോക്കുക. ദൈവത്തിൻെറ പ്രമാണങ്ങളെ മാനിക്കാതെ അലസ മന സ്ക്കരായിട്ടാണോ നാം കഴിയുന്നതു്? ദൈവമഹത്വത്തി നെതിരായി നിൽക്കുന്നവരെ ദൈവമെത്രകണ്ടു് ശിക്ഷി ക്കുന്നുവെന്നു സങ്കീർത്തനങ്ങളിൽനിന്നു് മനസ്സിലാക്കി നാമും അതേ ശിക്ഷയർഹിക്കുന്നുണ്ടോ എന്നു പരിശോധി ക്കുക. സ്നേഹപിതാവായ ദൈവം നീതിമാനുമാണെന്ന സത്യം നമ്മിലുറപ്പിക്കാൻ ഈ സങ്കീർത്തനങ്ങൾ സഹാ യിക്കും.

www.malankaralibrary.com

പത്തു്

## കാനോനാനമസ്കാരം റോമൻ രീതിയിൽ

മററു രീതികളിലെന്നപോലെ സിനഗോഗിന്റെ സ്വാധീനം റോമൻ രീതിയിലും വളരെയധികം ഉണ്ടായിട്ടുണ്ടു്. ശനിയാഴ്ചത്തെ നമസ്കാരത്തിൽ 142-ഉം 143-ഉം സങ്കീർത്തനങ്ങൾ, റോമൻരീതിയിനും സിനഗോഗിനും പൊതുവായുള്ളവയാണു്. പ്രായശ്ചിത്തത്തിന്റെ അരുപിയുള്ള വിഭൂതിത്തിരുനാളിനും, യഹൂദരുടെ പ്രായശ്ചിത്തത്തിരുനാളിനും (feast of atonement) 103-ാം സങ്കീർത്തനം ആലപിക്കുന്നുണ്ടു്.

റോമിലെ ഹിപ്പോളിററസ് (3-ാം നൂററാണ്ടു്) റോമിൽ നടത്തിയിരുന്ന കാനോനാനമസ്കാരങ്ങളെപ്പററി പരാമർശിക്കുന്നവ മുകളിൽ കൊടുത്തിട്ടുണ്ടല്ലോ. സായാഹ്നജപവും പ്രഭാതജപവും ജാഗരണജപവും അക്കാലത്തു സാധാരണമായിരുന്നു. ദുഃഖശനിയാഴ്ചവൈകിട്ടു് ഉയിർപ്പുതിരുനാളിനു് ഒരുക്കമായി നടത്തിയിരുന്ന നമസ്കാരം ജാഗരണജപങ്ങളിൽവച്ചു് ഏററവും പ്രധാനപ്പെട്ടതാണെന്നു് (mother of all vigils) വി. ആഗസ്തീനോസു് പറയുന്നു.

313-ൽ സഭയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചതോടെ ആരാധനക്കർമ്മങ്ങളെല്ലാം ആഘോഷമായി അനുഷ്ഠിക്കാൻ തുടങ്ങി. സന്യാസികൾ അടുത്തില്ലാതിരുന്ന കത്തീഡ്രലുകളിലും പ്രധാനപ്പെട്ട ഇടവകകളിലും വൈദികർ 'കാനന്മാർ' എന്ന പേരോടുകൂടി കാനോനാനമസ്കാരം പരസ്യമായി ചൊല്ലുന്നതിനു നിയമിക്കപ്പെട്ടു. പിൽക്കാലങ്ങളിൽ ന

www.malankaralibrary.com

മ്മുടെ നാട്ടിൽ 'കോനകന്മാർ' എന്നറിയപ്പെട്ടിരുന്നവർ ഈ 'കാനന്മാരാ'ണ്.

വി. അംബ്രോസ് (4–ാം നൂററാണ്ട്) പൌരസ്ത്യറീത്തുകളിലെ ക്രമം മനസ്സിലാക്കി അവയിൽനിന്നും കീർത്തനങ്ങൾ (Ecclesiastical Hymns) എടുത്ത് അംബ്രോസിയൻറീത്തിൽ ഉപയോഗിക്കുകയുണ്ടായി; അതോടൊപ്പം പുതിയ കീർത്തനങ്ങൾ രചിക്കുകയും ചെയ്തു. (ഫാദർ വെള്ളിയാൻ, റീത്തും ബലിയും P. 44). 5–ാം നൂററാണ്ടിൽ വി. ബനഡിക്ററിൻെറ സന്യാസാശ്രമങ്ങളിൽ യാമപ്രാർത്ഥനകളെല്ലാംതന്നെ ചൊല്ലിത്തുടങ്ങി. ബനഡിക്ററൻ സന്യാസക്രമങ്ങളിൽനിന്ന് റോമൻറീത്തിനു ലഭിച്ചതായിരിക്കണം; Prime, Compline–എന്നീയാമപ്രാർത്ഥനകൾ. ഒരാഴ്ചകൊണ്ട് സന്യാസികൾ സങ്കീർത്തനങ്ങൾ മുഴുവനും ആലപിക്കണമെന്ന് വി. ബനഡിക്ട് നിശ്ചയിച്ചു. റോമൻ നമസ്കാരക്രമത്തെ അടിസ്ഥാനമാക്കിയും, സന്യാസജീവിതം ലക്ഷ്യം വച്ചുകൊണ്ടും വി. ബനഡിക്ട് ക്രമപ്പെടുത്തിയതാണ്, ബനഡിക്ടൈൻ കാനോനാനമസ്ക്കാരം. വി. ബനഡിക്ടും അദ്ദേഹത്തിൻെറ ആശയക്കാരനായ മഹാനായ ഗ്രിഗറി മാർപ്പാപ്പാ(4–ാം നൂററാണ്ട്) യും കൂടി രൂപം കൊടുത്തതാണ് ഇപ്പോഴത്തെ റോമൻ കാനോനാനമസ്ക്കാരം എന്നു പറയാം. (ഗ്രിഗറി മാർപ്പാപ്പാ ഒരു ബനഡിക്ടൈൻ സന്യാസി ആയിരുന്നു)

മാറിമാറി ചൊല്ലുന്നതിനുതകുന്ന കീർത്തനങ്ങളും പ്രാർത്ഥനകളും നിരവധിയായിരുന്നതിനാൽ കാനോനാനമസ്ക്കാരം ആദ്യകാലങ്ങളിൽ (പത്താം നൂററാണ്ടുവരെ) ഒരു പുസ്തകമായി ക്രമപ്പെടുത്താറില്ലായിരുന്നു. ദൈവാലയത്തിൽ സമൂഹമായി ദൈവസ്തുതി പാടുന്നതിന് ഇങ്ങനെ 'ഒരു പുസ്തകം' ആവശ്യമായിരുന്നില്ല. കാർമ്മികനും

www.malankaralibrary.com

ശ്രുശ്രൂഷകനും ചൊല്ലാനുള്ള ഭാഗങ്ങൾ പ്രത്യേകം പ്രത്യേകം പുസ്തകങ്ങളായി ക്രമപ്പെടുത്തിയാൽ മതിയായിരുന്നു. സഭാഭരണ കാര്യങ്ങളിൽ വ്യാപൃതരായി വളരെ യാത്ര ചെയ്യേണ്ടിയിരുന്ന റോമൻകൂരിയായിലെ അംഗങ്ങൾക്ക് സൗകര്യത്തിനു ഉപയോഗിക്കുവാൻ 'എളുപ്പമുള്ള' ത്തിലുള്ള ഒരു നമസ്ക്കാര പുസ്തകം ആവശ്യമായിത്തീർന്നു. അതിനുണ്ടാക്കിയ ചെറു പുസ്തകം (Breviary), നാടെങ്ങും നടന്നു് പ്രസംഗിച്ചിരുന്ന ഫ്രാൻസിസ്ക്കൻ സന്യാസികളും ഉപയോഗിക്കുവാൻ തുടങ്ങി. സന്യാസികളെപ്പോലെ തന്നെ. വൈദികർക്കും കാനോനാ നമസ്ക്കാരം ചൊല്ലാൻ ഗൗരവാവഹമായ കടമയുണ്ടെന്നും, സമൂഹമായി ചൊല്ലുവാൻ സാധിക്കാത്തപ്പോൾ (സ്വകാര്യമായി) (Privately) ചൊല്ലേണ്ടതാണെന്നുമുള്ള ആശയങ്ങൾ പ്രചരിച്ചതോടെ മേല്പറഞ്ഞ രീതിയിലുള്ള ചെറിയ പുസ്തകം (Breviary) ഉപയോഗിക്കുവാൻ സാധാരണ വൈദികരും നിർബന്ധിതരായിത്തീർന്നു.

1535-ൽ കാർഡിനൽ ക്യൂനോൻസ് (Quinones) ഇടവക വൈദികരെ സഹായിക്കുവാനായി വളരെ ചെറിയ ഒരു നമസ്ക്കാരപ്പുസ്തകം ഉണ്ടാക്കിയെങ്കിലും, ഞായറാഴ്ചകളിലും തിരുനാളുകളിലും ആഘോഷമായി നടത്തുവാൻ അതേ നമസ്ക്കാരം ഉപയോഗിച്ചു തുടങ്ങിയപ്പോൾ ചിലർ അതിനെ എതിർക്കുകയും കുറച്ചു വർഷങ്ങൾക്കുള്ളിൽ ആതു് അന്തർദ്ധാനം ചെയ്യുകയും ചെയ്തു. എട്ടാം ഉർബൻ (1644) മാർപ്പാപ്പാ റോമൻ നമസ്ക്കാരത്തിലെ കീർത്തനങ്ങൾക്ക് അനാശാസ്യമായ ചില വ്യതിയാനങ്ങൾ വരുത്തി. പത്താം പീയൂസ് (1903—1914) നമസ്ക്കാരങ്ങളിൽ സങ്കീർത്തനങ്ങളുടെ ഉപയോഗം, കൂടുതൽ അർത്ഥസമ്പുഷ്ടമാകത്തക്കവിധത്തിൽ ക്രമപ്പെടുത്തി. നമസ്ക്കാരംതന്നെ അല്പം

www.malankaralibrary.com

വെട്ടിച്ചുരുക്കി. ഞായറാഴ്ച നമസ്ക്കാരത്തിനു കൂടുതൽ പ്രാധാന്യം നല്കി. പന്ത്രണ്ടാം പീയൂസ് (1934–1958) മാർപ്പാപ്പാ സങ്കീർത്തനങ്ങളുടെ പുതിയ ലത്തീൻ വിവർത്തനം ഉണ്ടാക്കുകയും കാനോനാനമസ്ക്കാരത്തിൻെറ കർമ്മവിധികൾ ലളിതമാക്കുകയും ചെയ്തു. വിശുദ്ധരുടെ തിരുനാളുകൾ വെട്ടിക്കുറച്ച് കർത്താവിൻെറ തിരുനാളുകൾക്കുമുള്ള നമസ്ക്കാരത്തിന് പ്രാധാന്യം നൽകി.

പ്രഭാത ജപത്തിൻെറ ആവർത്തനവും, അതേസമയം, തീർത്തും സന്യാസക്രമാധിഷ്ഠിതവും ആയതിനാൽ, Prime എന്ന യാമപ്രാർത്ഥന രണ്ടാം വത്തിക്കാൻ സൂനഹദോസ് നിർത്തിക്കളഞ്ഞു (C. S. L. article 89) രഹസ്യമായി ചൊല്ലുമ്പോൾ Terce, Sext, None എന്നീയാമ പ്രാർത്ഥനകളിലൊന്നുമാത്രം ചൊല്ലിയാൽ മതിയാവും.

പ്രത്യേകതകൾ:— സായാഹ്നജപത്തിൽ അനുദിനം Magnificat എന്ന മാതാവിൻെറ കീർത്തനം ആലപിക്കുന്നുണ്ട്; പ്രഭാതജപത്തിൽ "benedictus" എന്ന കീർത്തനവും. യാമപ്രാർത്ഥനകളിൽ ഏററം ദൈർഘ്യം രാത്രിജപത്തിനാണ്. രാത്രിജപത്തിനു് പ്രധാനപ്പെട്ട തിരുനാളുകളിൽ 9 വായനകളുണ്ട്. ഞായറാഴ്ചകളിലും സാധാരണ ദിവസങ്ങളിലും 3 വായനകളേയുള്ളു. ഇവയിൽ വേദപുസ്തകവായനകളും, സഭാപിതാക്കന്മാരുടെ ലിഖിതങ്ങളും സുവിശേഷ വ്യാഖ്യാനങ്ങളും ഉൾപ്പെടുന്നു. കാനോനാനമസ്ക്കാരത്തിലാകെ നൂററിഎൺപതോളം കീർത്തനങ്ങളുണ്ട്.

www.malankaralibrary.com

പതിനൊന്നു്

## കാനോനാ നമസ്ക്കാരം

## പൗരസ്ത്യാരാധനക്രമങ്ങളിൽ

വ്യത്യസ്തമായ സംസ്ക്കാരവും ചരിത്രഗതിയും പശ്ചാത്തലവുമുള്ള പൗരസ്ത്യനാട്ടിലെ യാമപ്രാർത്ഥനകളുടെ ശരിയായ ചരിത്രം നൽകുക അത്ര എളുപ്പമല്ല. അതിനു പയുക്തമായ ചരിത്രരേഖകളും വിരളമാണു്. പൊതുവെ പറഞ്ഞാൽ അഞ്ചും പത്തും നൂററാണ്ടുകൾക്കിടയ്ക്കാണു് നമസ്ക്കാരത്തിനു് ഒരു ക്ലിപ്തരൂപം സിദ്ധിച്ചതു്. അതിനുമുമ്പുള്ള രൂപം സാരാംശത്തിൽ എല്ലാ റീത്തുകൾക്കും ഏതാണ്ടു് പൊതുവായിരുന്നുവെന്നു പറയാം.

### 1. അലക്സാന്ത്രിയൻ റീത്തു്

രണ്ടും മൂന്നും നൂററാണ്ടുകളിൽ അലക്സാന്ത്രിയൻ സഭയിലെ പ്രധാന യാമപ്രാർത്ഥനകൾ പ്രഭാതജപവും സായാഹ്നജപവുമായിരുന്നെന്നു് ഒരിജന്റെയുംഅലക്സാന്ത്രിയായിലെ വി. ക്ലെമന്റിന്റെയും ലിഖിതങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടു്. പകലിനേയും രാത്രിയേയും പലയാമങ്ങളായി തിരിച്ചിരിക്കുകയാണു്. Egyptian Church Ordinance എന്ന രേഖയിൽ (നാലാം നൂററാണ്ടു്) കാണുന്നു, പ്രഭാതത്തിലും പ്രദോഷത്തിലും പാതിരാവിലും വെളുപ്പിനും യാമപ്രാത്ഥനകൾ നടത്തിയിരുന്നെന്നു് (J. M. Hanssens, Aux Origenes de la priere liturgique, Nature et genere de office de matines, Rome, 1952, P. 59) അലക്സാന്ത്രിയൻ റീത്തുകളിൽ സങ്കീർ

www.malankaralibrary.com

ത്തനത്തിനു് കീർത്തനങ്ങളെ (Ecclesiastical compositions) ക്കാളധികം സ്ഥാനമുണ്ടു്.

## 2. ബിസൻറയിൻ റീത്തു്

സാധാരണയുള്ള യാമപ്രാർത്ഥനകാംകു പുറമെ, മററു റീത്തുകളിലില്ലാത്ത രണ്ടു ജപങ്ങാംകൂടി ബിസൻറയിൻ റീത്തിലുണ്ടു് — അർദ്ധരാത്രിജപവും (Mesonyktikon) വലിയസായാഹ്നജപവും (Megalos Hesperinos) ലത്തീൻ റീത്തിലെ Matins Lauds ഇവയുടെ രണ്ടിനും പകരമായിട്ടു് orthros (ഉഷഃകാലജപം) എന്നൊരു ജപമുണ്ടു്. ഇതിൽനിന്നും ഭിന്നമാണു് 'അർദ്ധരാത്രിജപ'മെന്നതു് പ്രസ്താവ്യമാണു്. 'വലിയ സായാഹ്നജപം' ശനിയാഴ്ചയും നീണ്ട രാത്രി ജപമുള്ള (Pannychis = all night service) തിരുനാളുകാംക്കും വേണ്ടിയാണു്. സാധാരണ ദിവസങ്ങളിലെ പ്രദോഷ പ്രാർത്ഥനയ്ക്കു് ചെറിയ സായാഹ്നജപം' എന്നാണു് പേർ.

തിരുനാളുകളിൽ സന്യാസികാം ആദ്യമേ ചെറിയ സായാഹ്ന ജപവും തുടർന്നു് വലിയ സായാഹ്നജപവും ചൊല്ലും. അത്താഴത്തിനു ശേഷം രാത്രിജപമുണ്ടു്. (Apodeipnon =after supper service compline) രാത്രി മുഴുവൻ ജാഗരണമില്ലെങ്കിൽ (pannychis) സന്യാസികാം അർദ്ധരാത്രിവരെയുറങ്ങും. അർദ്ധരാത്രിജപത്തിനുശേഷം (Mesonyktikon) പ്രഭാത ജപമായി (orthros). ഉച്ചവരെ (sext) ഇടവിടാതെയുള്ള പ്രാർത്ഥനയാണു്. തുടർന്നു ദിവ്യബലിയർപ്പണം. വലിയ സായംഹ്നജപമുള്ളപ്പോാം പലപ്പോഴും ചെറിയ സായാഹ്ന ജപവും അർദ്ധരാത്രിജപവും ഉപേക്ഷിക്കാറുണ്ടു്.

www.malankaralibrary.com

വലിയ സായാഹ്നജപത്തിൽ, സാമാന്യമായിപ്പറഞ്ഞാൽ, സന്യാസക്രമത്തിൻെറ സ്വാധീനം വളരെയേറെയാണ്. എങ്കിലും കത്തീഡ്റൽ ക്രമത്തിലേതുപോലെ തെരഞ്ഞെടുക്കപ്പെട്ട സായാഹ്നസങ്കീർത്തനങ്ങൾ (140, 141, 128, 133) ഇതിലുമുണ്ട്. വേദപുസ്തക വായനകൾ ഈ ശുശ്രൂഷയിൽ വിരളമല്ല. വലിയസായാഹ്നജപം പുരാതനമായ കത്തീഡ്രൽ ജാഗരണശുപത്തിൻെറ അവശിഷ്ടമായി നില്ക്കുന്നതല്ലേ? സമ്മതിക്കുന്നവരുണ്ട് (STEUART· B)

സാധാരണ ശനിയാഴ്ചകളിലും ചെറിയ തിരുനാളുകളിലും വൈകിട്ട്, വലിയ സായാഹ്നജപവും രാത്രിജപവും അർദ്ധരാത്രിജപവും പ്രഭാത ജപവും മാത്രമേയുള്ളൂ,

## ചെറിയ യാമങ്ങൾ

Prote, Trite, Hekte, Ennate, Apodeipnon—എല്ലാം തന്നെ സന്യാസക്രമങ്ങളാണ്. രാത്രിജപത്തിനു് വലുതും ചെറുതുമാണെന്ന് (Megalon, Mikron Apodeipnon) രണ്ടാണ് രൂപങ്ങൾ. അവയിൽ വലുതു് ഏറാവും പുരാതനമാണു. അതു്വലിയ നോമ്പിലെ തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം തുടങ്ങി ചില പ്രത്യേക ദിവസങ്ങളിലേ ചൊല്ലാറുള്ളൂ.

## കാനോനാനമസ്ക്കാരപ്പുസ്തകങ്ങൾ

Horologion—പ്രധാനമായും അനുദിന നമസ്ക്കാരത്തിൻെറ പൊതുവായ ഭാഗങ്ങൾ.

Triodion— വലിയ ആഴ്ചയുള്ള ത്രിതസ്തുതിപ്പുകൾ.

Pentecostarion—

Parakletike—Oktoekkos

www.malankaralibrary.com

Menaia–(Monthly) മാററം വരാത്ത തിരുനാാം പ്രാർത്ഥനകാം

## മററുപ്രത്യേകതകൾ

Troparia (lyric Stanza)

എന്നറിയപ്പെടുന്ന പദ്യശകലങ്ങാം ബിസൻറയിൻ റീത്തിൽ വളരെയധികം ഉപയോഗിക്കുന്നു. പ്രധാനപ്പെട്ട യാമപ്രാർത്ഥനകളിൽ സങ്കീർത്തനങ്ങളുടെ അവസാന വാക്യങ്ങളുടെയിടയ്ക്കു് അവചേർക്കാറുണ്ടു്. അതതു ദിവസത്തിൻെറയും തിരുനാളിൻെറയും പ്രത്യേകതകളിവ കാണിക്കുന്നു. പെന്താക്കുസ്താത്തിരുന്നാളിലെ ഒരു Tropaion ൽ ഇങ്ങനെ കാണുന്നു: 'മുക്കുവന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു്, അവരെ ഏററം വിജ്ഞന്മാരായി കാണിക്കുകയും അവർവഴി പ്രപഞ്ചത്തെ മുഴുവൻ പിടിച്ചെടുക്കുകയും ചെയ്ത മനുഷ്യസ്നേഹിയായ കർത്താവേ, നിനക്കു സ്തുതി.' (സ്ഥാനവ്യത്യാസമനുസരിച്ചു് Troparia പല സംജ്ഞകളിലറിയപ്പെടുന്നു: Stikhera, apolytikion).

## 3. അന്ത്യോക്യാ (പാശ്ചാത്യ) സിറിയൻ റീത്തു്

സാധാരണ ദിവസങ്ങളിലെ നമസ്ക്കാരങ്ങാം ശ്ഹീമാ യിലും തിരുനാളുകളുടെനമസ്ക്കാരങ്ങാം 'പെങ്കീതോ' എന്ന പുസ്തകത്തിലും അച്ചടിച്ചിട്ടുണ്ടു്. (മോസ്സൂാം 1886–96 ഷർഫെ, 1902, പാമ്പാക്കുട1962) 'ശ്ഹിമോ'സ്സൊ ബെ സ്ഗസ്സോ (ഭണ്ഡാരം) എന്നും പറയാറുണ്ടു്. റംശോ (സായാഹ്നജപം) സൂത്തോറോ (Compline) ലെലിയോ (രാത്രിജപം) സപ്രോ (പ്രഭാതജപം) ഇവ കൂടാതെ പകൽ 3, 6, 9, മണിക്കൂറുകളിൽ ചൊല്ലാനുള്ള ജപങ്ങളുമുണ്ടു്.

www.malankaralibrary.com

ശ്ഹീമാ നമസ്ക്കാരത്തിൻെറ ആമുഖോപന്യാസത്തിൽ (1943) മാർ ഈവാനിയോസ് നൽകുന്ന വിവരണം ശ്രദ്ധാർഹമാണ്:

"പ്രാർത്ഥനക്രമങ്ങളെ സംബന്ധിച്ചിടത്തോളം ദിവസമെന്നു പറയുന്നത് സന്ധ്യമുതൽ പിറേറദിവസം സന്ധ്യവരെയുള്ള ഇരുപത്തിനാലു് മണിക്കൂർ സമയമാണ്.

ദിവസത്തെ ഏഴു യാമങ്ങളായിട്ടു തിരിച്ചിരിക്കുന്നു:

1. റംശോ = സന്ധ്യ (vespers, 6 P. M)
2. സൂത്തൊറൊ (compline, 6 P. M.)
3. ലെലിയൊ (Matins & Lauds, night prayer)
4. സപ്രൊ (prime 6 a. m.)
5. മൂന്നാംമണി (Teree 9 a. m.)
6. ആറാംമണി (Sext 12 a. m.)
7. ഒമ്പതാം മണി (None 3 P. M.)

സന്ധ്യാ പ്രാർത്ഥനയോടുകൂടി ധൂപം അർപ്പിക്കുകയെന്നുള്ളതു് നിർബന്ധമായനുഷ്ഠിക്കപ്പെട്ടു പോരുന്ന പൂർവാചാരമാണ്.

സങ്കീർത്തനങ്ങൾ 15 മർമിയോസോകളായും ഓരോ മർമിസോയും 4 ചെറിയ യൂണിററുകളായും വിഭജിച്ചിരിക്കുന്നു. പണ്ടു് രാത്രിജപത്തിനു് ഓരോ മർമീസോ ചൊല്ലിയിരുന്നു. ഇപ്പോൾ ഈ രീതിൽ സങ്കീർത്തനത്തിൻെറ ആലാപം കുറച്ചു് കീർത്തനങ്ങളുടെ (Ecclesiastical hymns) ഉപയോഗം വർദ്ധിച്ചിരിക്കയാണ്. സങ്കീർത്തനങ്ങൾ തനിച്ചോ ഹലേലൂയ്യകൾ ചേർത്തോ (kyklion) കാനോനാകളോടുകൂടിയോ ചൊല്ലാറുണ്ടു്. ലത്തീൻ രീതിയിലെ ആൻറിഫോണിനോടു കാനോനായെ താരതമ്യപ്പെടുത്താം.

www.malankaralibrary.com

**കീർത്തനങ്ങൾ.** പാശ്ചാത്യ സുറിയാനി റീത്തുകളിൽ സങ്കീർത്തനത്തേക്കാം പ്രാമുഖ്യം കീർത്തനങ്ങാം ക്കാണു്. പല തരത്തിലുള്ള സുറിയാനിക്കവിതകാം സുറിയാനി റീത്തുകളിലെല്ലാം സ്ഥലംപിടിച്ചിട്ടുണ്ടു്.

**ബോവൂസാ** നാലു പാദങ്ങളിൽ വിരചിതമായ പദ്യശകലങ്ങളാണിതു്. 'ബാവൂസാ' എന്ന വാക്കിനു് യാചന (supplication) എന്നർത്ഥം. ഏഴു മാത്രകളിലും (മാർ അപ്രേം) പന്ത്രണ്ടു മാത്രകളിലും (സാറൂഗിലെ യാക്കോബു് + 521) അഞ്ചു മാത്രകളിലും (ബാലായു്, നാലാം നൂററാണ്ടു്) ഉള്ള ബാവൂസകളുണ്ടു്.

**മദ്റാശാ.** പ്രബോധനം എന്നർത്ഥം. പലപ്പോഴും ദൈർഘ്യമേറിയതാണിതു്. ചിലപ്പോളെങ്കിലും, പാദങ്ങളിലെ, പ്രഥമാക്ഷരങ്ങാം അക്ഷരമാലയുടെ ക്രമത്തിൽ വരത്തക്കവിധം വിരചിതമാണിതു്. ഇതിൻെറ ആദ്യ പാദം (ഊനായ) പല്ലവിയായി, പാടുന്നു.

**സോഗീസാ.** പലർ ചേർന്നുള്ള സംഭാഷണം ഗാനരൂപത്തിൽ നല്കുന്ന ഒരു പ്രത്യേകാശയം സംഭാഷണരീതിയിൽ പ്രകാശിപ്പിക്കുന്നതാണിതു്. പരി. കന്യകയും മാലാഖായും തമ്മിലും, തിരുസ്സഭാമാതാവും മക്കളുംതമ്മിലുമുള്ള സോഗീസാകാം ഇതിനുദാഹരണമാണു്.

**തെശ്ബോഹ്ത്താ** (സ്തുതിഗീതം). ത്രൈശുദ്ധകീർത്തനവും (Trisagion)—അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി എന്ന കീർത്തനവും (Gloria in Excelsis Deo) ഇത്തരത്തിലുള്ളവയാണു്.

**ഓനീസാ** (responsary). രണ്ടു ഗണമായി മാറിമാറി പാടുന്ന കീർത്തനമാണിതു്. ഇതു ധാരാളമായി നമസ്കാരത്തിലുപയോഗിക്കുന്നുണ്ടു്.

www.malankaralibrary.com

യാമപ്രാർത്ഥനകളെല്ലാംതന്നെ ആരംഭിക്കുന്നതു് ത്രിത്വസ്തുതി, ത്രൈശുദ്ധ കീർത്തനം (Sanctus, Trisagion) കർതൃപ്രാർത്ഥന ഇവകൊണ്ടാണു്. തുടർന്ന 'പ്രാരംഭ പ്രാർത്ഥന'യും. മലങ്കര സുറിയാനി റീത്തിൽ ഇവയുടെ കൂടെ നന്മനിറഞ്ഞമറിയമേ എന്ന പ്രാർത്ഥന പൂർവാചാരപ്രകാരം ചൊല്ലി വരുന്നു. ത്രൈശുദ്ധ കീർത്തനവും കർതൃ പ്രാർത്ഥനയും വിശ്വാസപ്രമാണവും ഹൂത്താമ്മയും (സമാപനാശീർവ്വാദം) എല്ലാ യാമപ്രാർത്ഥനകളുടെയും അന്ത്യത്തിൽ ചൊല്ലാറുണ്ടു്. രണ്ടുയാമപ്രാർത്ഥനകളൊന്നിച്ചുചൊല്ലുകയോ തുടർന്നു വിശുദ്ധബലി അർപ്പിക്കുകയോ ചെയ്താൽ ഇവയിൽ ചിലതെല്ലാം അവസാനഭാഗത്തുനിന്നു് ഉപേക്ഷിക്കാറുണ്ടു്. ത്രൈശുദ്ധകീർത്തനമാലപിക്കുമ്പോഴും നോമ്പുകാലത്തെ ചില പ്രാർത്ഥനകളുടെ അവസാനത്തിലും സാഷ്ടാംഗപ്രണാമം ചെയ്യുക പതിവാണു്.

2. സെദ്റോ. പാശ്ചാത്യസിറിയനു റീത്തിൻെറ പ്രത്യേകതയാണു് സെദ്റോ പ്രാർത്ഥന. സെദ്റോക്കു് ക്രമം, നിര എന്നെല്ലാമർത്ഥമുണ്ടു്. സാധാരണയായി ധൂപാർച്ചനയ്ക്കുവേണ്ടി ക്രമീകരിച്ചിട്ടുള്ള അഞ്ചു പ്രാർത്ഥനകളുടെ സമുച്ചയമാണു് സെദ്റോ.

1 പ്രു മിയോനം. അതതു ദിവസം അനുസ്മരിക്കപ്പെടുന്ന വിശുദ്ധരോടുകൂടി പരി. ത്രിത്വത്തെയോ ക്രിസ്തുവിനെയോ അഭിസംബോധന ചെയ്തു് സ്തുതിക്കുന്നതാണീഭാഗം.

2 സെദ്റോ. പലപ്പോഴും യാചനാത്മകവും അനുതാപസൂചകവുമായ നീണ്ട പ്രാർത്ഥനയാണിതു്. ഇതു് കാർമ്മികൻ പാടുന്നു.

3. കേലോ—മിക്കവാറും നാലുവരിയുള്ള പദ്യശകലം.

www.malankaralibrary.com

4. എത്രോ— ധൂമിക്കലിനുള്ള പ്രത്യേക പ്രാർത്ഥന

5. ഹൂത്താമ്മാ—സമാപന പ്രാർത്ഥന.

സെദറോയ്ക്കു് ഇത്തരത്തിലുള്ള ഘടനയുണ്ടെങ്കിലും മററു പ്രാർത്ഥനക്രമങ്ങളുടെ മദ്ധ്യേ വരുമ്പോൾ ഇതിലെ ചില ഘടകങ്ങൾ അന്തർദ്ധാനം ചെയ്യുന്നതായി കാണാം. കോലോയ്ക്കുപകരം പ്രത്യേക കീർത്തനങ്ങൾ വരാറുണ്ടു്. ഹൂത്താമ്മ സമാപനപ്രാർത്ഥനയാകയാൽ സെദറോ ഉൾക്കൊള്ളുന്ന പ്രാർത്ഥനക്രമത്തിന്റെ അന്ത്യത്തിലേക്കു് അതു് മാററാറുണ്ടു്. അപ്പോൾ രണ്ടിനുംകൂടി ഒരു ഹൂത്താമ്മയെ കാണുകയുള്ളു.

സെദ്റോയുടെ പ്രകൃതി മനസ്സിലാക്കാൻ ദുഃഖവെള്ളിയാഴ്ചത്തെ ഒരു സെദറോ ഉദാഹരണമായെടുക്കാം:

**പ്രൂമിയോൻ** "ഹരത്തിന്മേൽ തൂങ്ങുകയും തന്റെ കൈനീട്ടി സ്വജാതികളെയും പുറജാതികളെയും കൂട്ടിച്ചേർക്കുകയും ചെയ്ത സ്വർഗ്ഗീയനിരപ്പും .... തന്റെ ആട്ടിൻകൂട്ടത്തിനുവേണ്ടി തന്റെ ജീവനെ വെച്ചതിനാൽ തന്റെ ആർദ്രകരുണയുടെ ബഹുത്വത്തെ സ്ഥിരപ്പെടുത്തുകയും .... ചെയ്ത സത്യമുള്ള ഇടയനും ആയ തനിക്കു സ്ളീബാവന്ദനത്തിന്റെ ഈ നേരത്തും എല്ലാ പെരുനാളുകളിലും സ്തുതിയും സ്തോത്രവും .... യോഗ്യമാകുന്നു...."

**സെദ്റോ**...."മനുഷ്യരെ സ്നേഹിക്കുന്നവനെ, ഈ വെള്ളിയാഴ്ചദിവസം നിന്റെ സ്ളീബായാൽ ഞങ്ങളെ ജീവിപ്പിക്കുകയും നിന്റെ മരണത്താൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തതിനാൽ നിന്റെ രക്ഷയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. എന്തെന്നാൽ ആദിയിൽ ആറാംദിവസം നിന്റെ തിരുവിഷ്ടത്തിന്റെ ആഗ്രഹത്തെ ഞങ്ങളുടെ സൃഷ്ടിയാൽ നീ നിവൃത്തിച്ചു, നിന്റെ പരിശുദ്ധതൃക്കൈകളാൽ ആദംത്തായിൽ നിന്നു് മണ്ണെടു

www.malankaralibrary.com

ത്തു മനഞ്ഞു് നിൻെറ സാദൃശ്യത്തിൻെറ രൂപമായി അതിനെ നീ സൃഷ്ടിച്ചു. നിൻെറ വായിലെ ശ്വാസത്താൽ ജീവശ്വാസത്തെ അവൻെറ മുഖത്തു നീ ഊതുകയും.. ചെയ്തു. ഭോഷത്വത്താൽ കല്പനയെ ലംഘിച്ചു ദുഷിച്ചപ്പോൾ ശിക്ഷാവിധിയിൽ അവൻ ഉൾപ്പെടുകയും മരണത്താൽ ക്ഷയിക്കുകയും ചെയ്തു. കാരുണ്യവാനും ദയാലുവുമായ കർത്താവേ, അതിനു ശേഷം അവൻെറ നാശത്തെക്കുറിച്ചു നിൻെറ കരുണ നിന്നെ പ്രേരിപ്പിക്കുകയും അവൻെറ രക്ഷയെപ്രതി രഹസ്യസമ്പൂർണ്ണമാകുന്ന വെള്ളിയാഴ്ചയാകുന്ന ആറാം ദിവസം തന്നെ നിൻെറ കൈകൾ സ്ളീവാമേൽ ആണികളാൽ തറയ്ക്കപ്പെടുകയും ചെയ്തു. അവനെ ജീവിപ്പിക്കുവാൻ വേണ്ടി തിരുവിലാവിൽ കുന്തത്താൽ കുത്തപ്പെട്ടു. ആദിയിൽ നിനക്കു പ്രീതിതോന്നി നീ സൃഷ്ടിക്കുകയും അവസാനം രക്ഷിക്കുകയും ചെയ്ത പ്രകാരം ഇപ്പോഴും കരുണാപുരസ്സരം നിൻെറ സൃഷ്ടിയെ നീ ദർശിച്ചു്, നിൻെറ സ്ളീബാമൂലം ഭൂതലത്തിനു മഴ വനും സഹായം നൽകണമേ....

കോ. ലാ (ക്കുക്കോയോ)
"ദൈവതനുജൻ സ്ളീബായിൽ
സ്വയമർപ്പിച്ചേകി
ലോകാധിപനാം താതൻ തൻ
തൃക്കൈകളിലാത്മം...."
കബറുകൾപൊട്ടി—പാറകളും ചിതറി
സൃഷ്ടികളെല്ലാം സംഭ്രമമതിലാണ്ടു
ദൈവസുതൻെറ വിലാവയ്യോ
കുന്തത്താൽ ചീന്തി
മോചനമുലകിനു് നൽകും
ജലവും രക്തമതും
ഹാലേലൂയ്യ പ്രവഹിച്ചതിൽ നിന്നും"

www.malankaralibrary.com

ഏശ്രോ ''നിൻെറ ആനന്ദപരിമളത്താൽ ലോകത്തെ ആനന്ദിപ്പിക്കുന്നവനെ! നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിൻെറ സ്ലീബാ (കുരിശ്) ആത്മീയ ധൂപമായിത്തീരുകയും അതിൻെറ ആനന്ദപരിമളത്താൽ നിൻെറ പിതാവിനെ നീ സൃഷ്ടിയുമായി രമ്യപ്പെടുത്തുകയും ചെയ്തു. നിൻെറ കഷ്ടാനുഭവം അഗ്നിക്കും നിൻെറ സ്നേഹം സുഗന്ധവർഗ്ഗത്തിനും പകരമായി തീർന്നിട്ട് നിൻെറ മഹത്വത്തിൻെറ പൗരോഹിത്യം വഴിയായി നിൻെറ സ്കീപായാകുന്ന ധൂപം പിതാവിനു നീ സമർപ്പിച്ചു. ഇപ്പോൾ തിരുമുമ്പാകെ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ധൂപം ഞങ്ങളുടെ ദുർബല ഹസ്തങ്ങളിൽനിന്നു് അംഗീകരിച്ച് അതു മൂലം നിൻെറ ഇടവകയ്ക്കു് പാപപരിഹാരവും മോചനവും നൽകുകയും 'വിശ്വാസികളായ ഞങ്ങളുടെ സകല പരേതർക്കും ആശ്വാസവും നല്ല ഓർമ്മയും നൽകുകയും ചെയ്യണമേ.''

ഹുത്തോമ്മൊ നിൻെറ അജയ്യ ശക്തിയാൽ സകലവും പ്രവർത്തിക്കുന്നവനും.... ജീവനുള്ള ദൈവത്തെപ്പോലെ ജീവനുള്ളവനായിരിക്കെ ശരീരപ്രകാരം മരത്തിന്മേൽ തൂക്കപ്പെട്ട കർത്താവും വിവേകശക്തിയുള്ള ഇസ്രായേലിൻെറ പരിശുദ്ധനുമായുള്ളോവേ! ഞങ്ങൾക്കഭിമുഖമായി തൂങ്ങിക്കിടക്കുന്ന നിന്നിൽ ഞങ്ങളുടെ ദൃഷ്ടി പതിയുമാറാകേണമെ....നിൻെറ സ്ളീബായെന്ന ശ്രേഷ്ഠമായ അടയാളത്താൽ ഞങ്ങളുടെ ആത്മാക്കളെ കാത്തു സംരക്ഷിച്ചുകൊള്ളേണമേ....''

## 3. മററു പ്രത്യേകതകൾ

194?—ൽ അച്ചടിച്ച ശ്ഹീമായുടെ (സാധാരണദിവസങ്ങളിലെ നമസ്ക്കാരപ്പുസ്തകത്തിൻെറ) അവതാരി

www.malankaralibrary.com

കയിൽ ഇപ്രകാരം പറയുന്നു. "ദൈവമേ നീ പരിശുദ്ധ നാകുന്നു.", ഇത്യാദി കൗമായും, 'കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു' എന്നുള്ള കൗമായും ചൊല്ലുമ്പോറം മൂന്നുപ്രാവശ്യം കുരിശുവരച്ചു കുമ്പിടേണ്ടതാണു. എന്നാൽ ഞായറാഴ്ചയും മാറാനായ പെരുനാളുകളിലും ക്യംതാ മുതൽ പെന്തിക്കുസ്തി വരെയുള്ള കാലത്തും കുമ്പിടുക പതിവില്ല. വി. ത്രിത്വത്തിന്റെ നാമം ഉച്ചരിക്കുമ്പോഴും സ്ളീബാ എന്ന പദം ഉച്ചരിക്കുമ്പോഴും കുരിശു വരയ്ക്കേണ്ടതാണു. "നന്മ നിറഞ്ഞ മറിയം" കൗമായിൽ ഉറംപ്പെട്ടതല്ലെങ്കിലും മലങ്കരയിൽ അതു കൗമായോടു ചേർത്തു ചൊല്ലിവരുന്നു. "ബസ്മൽക്കോ" ഇത്യാദി കുക്കിലിയോൻ ചൊല്ലുമ്പോറം ദൈവമാതാവിനെ സംബന്ധിക്കുന്ന കോലോകളും "സാദിക്കോ" ഇത്യാദി ചൊല്ലുമ്പോറം ശുദ്ധിമാന്മാരെ സംബന്ധിക്കുന്ന കോലോകളു ഈ പ്രാർത്ഥനപുസ്തകത്തിന്റെ ഇതര ഭാഗങ്ങളിൽനിന്നും ചേർത്തു ചൊല്ലുക പതിവുണ്ടു. വ്യാഴ ഴ്ച അവസാനിച്ചു വെള്ളിയാഴ്ച ആരംഭിക്കുന്ന സന്ധ്യയിൽ സ്ളീബായുടെ ബഹുമാനാർത്ഥം "ബോക്ക്ന്ദാക്കാർ" എന്ന കുക്കിലിയോനും ഞായറാഴ്ച ആരംഭിക്കുന്ന സന്ധിയിൽ പരേതരായ മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും ആത്മാനുകൂലാർത്ഥം "കൊളനൈക് നെൽബശ്രുന" എന്ന കുക്കിലിയോനും കൂടി ചൊല്ലിക്കൊണ്ടു ധൂപം അർപ്പിക്കുക പതിവാണു, ഞായറാഴ്ചകളിലും പെരുന്നാളുകളിലും എങ്കിലും സന്ധ്യാനമസ്കാരം പള്ളിയിൽവച്ചു പരസ്യമായി നടത്തുകയും ഇതിൽ വിശ്വാസികറം സംബന്ധിക്കുവാൻ അവരെ ഉത്സാഹിപ്പിക്കയും ചെയ്യേണ്ടതാണു. ഞായറാഴ്ചകളിലും മററു പെരുന്നാളുകളിലും റംശൊയിക്കും സപ്രൊയിക്കും ഏവൻഗേലിയോൻ വായിക്ക പതിവുണ്ടു.' pp. v—vi.

www.malankaralibrary.com

## പന്ത്രണ്ട്

### പൗരസ്ത്യ സിറിയൻ രീതിൽ

1886—ൽ പാരീസിൽ നിന്നു 'Breviarium juxta ritum Syrorum Orientatium id est chaldaeorum' എന്ന പേരിൽ മൂന്നു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയതാണു് കൽദായ കത്തോലിക്കർ ഇന്നുപയോഗിക്കുന്ന കാനോനാനമസ്ക്കാരം. അതിന്റെ ഫോട്ടോകോപ്പിയെടുത്തു് പൗരസ്ത്യതിരുസംഘം രണ്ടാമതും പ്രസിദ്ധീകരിച്ചു, 1938 ൽ. (ഈ പതിപ്പു് മലബാറിലെകൽദായക്കാർക്കുകൂടിയാണെന്നു് പ്രസ്താവനയിൽ പറയുന്നുണ്ടു്.)

പുസ്തകരൂപത്തിൽ അച്ചടിച്ച നമസ്ക്കാരം ക്രമപ്പെടുത്തിയതു് 'അമെദി'ലെ മെത്രാപ്പോലീത്ത അബ്ദീശോ കയ്യാത്തും ഒരു ലാസറിസ്റ്റ് വൈദികനായ കൽദായക്കാരൻ പോൾ ബഡ്ജാനും കൂടിയാണു്. അവർ പുരാതനങ്ങളായ കൈയ്യെഴുത്തുപ്രതികൾ പഠിച്ചു്, ആവർത്തനങ്ങൾ നീക്കി, പിശകുകൾ തിരുത്തി ക്രമപ്പെടുത്തിയതാണതു്.

### മൂന്നു ഭാഗങ്ങൾ

**ഹുദറാ** (Circle) ആണ്ടോടുകൂടിയുള്ള ഞായറാഴ്ചകളുടെയും തിരുനാളുകളുടെയും (Movable feast) നമസ്ക്കാരം.

**ഗസ്സാ** (Treasury) ഹുദറായിലില്ലാത്ത പ്രാർത്ഥനകൾ നല്കുന്നു. എങ്കിലുമിന്നു് 'ഗസ്സാ' വിശുദ്ധരുടെ തിരുനാളായി —ആരാധനാക്രമവത്സരത്തോടു ചേർന്നു് തീയതിമാറിവരുന്ന തിരുനാളുകളല്ല — മനസ്സിലാക്കാറുണ്ടു്.

www.malankaralibrary.com

**കശ്കോൽ** (പിച്ചച്ചട്ടി) ഞായറാഴ്ചകളിൽനിന്നുമെടുത്തു ഇടദിവസങ്ങൾക്കായുണ്ടാക്കിയ നമസ്ക്കാരങ്ങൾ. ആണ്ടുവട്ടം മുഴുവനും ഇതുപകരിക്കുന്നു. പലയിടത്തുനിന്നുമെടുത്ത പ്രാർത്ഥനകൾ കൂട്ടിച്ചേർത്തുണ്ടാക്കിയതിനാലാണ് ഇതിന് കശ്കോൽ (പിച്ചച്ചട്ടി) എന്നുപേരുണ്ടായതു്. ഞായറാഴ്ചയുടെ ചൈതന്യം ആഴ്ചവട്ടംമുഴുവൻ ലഭിക്കുന്നതിന് ഞായറാഴ്ചനമസ്ക്കാരത്തിന്റെ ചില ഭാഗങ്ങൾ ഇടദിവസങ്ങളിലെ രാത്രിജപത്തിൽ (മൗത്തവായിലെ റേശ്ഖാല) ചേർത്തിരിക്കുന്നു:

ഞായറാഴ്ചയിലെഓനീസാദ്ബസാലിക്കേ(റ്ശ)-തിങ്കൾ
ഓനീസാദ്ലെലീയാ(ഖാലാദ്ശഹ്റ) —ചൊവ്വാ
ഓനീസാദ്സപ്ര —വ്യാഴം
ഓനീസാദ്റാസ (കുർബാന) —ശനി

(ബുധനാഴ്ച മാതാവിനും വെള്ളിയാഴ്ച പീഡാനുഭവത്തിനും പ്രത്യേകം നിയോഗിക്കപ്പെട്ടിരിക്കുകയാണല്ലോ.)

## മൂന്നു വാല്യങ്ങൾ

പൗരസ്ത്യസിറിയൻ നമസ്ക്കാരക്രമം — സീറോമലബാർസഭയ്ക്കും കൂടിയായി റോമിൽനിന്ന് പ്രസിദ്ധീകരിച്ചതു്—മൂന്നു വാല്യങ്ങളിലാണ് അച്ചടിച്ചിരിക്കുന്നതു്.

ഒന്നാം വാല്യം—മംഗലവാർത്തക്കാലം മുതൽ വലിയ നോമ്പുവരെയുള്ള നമസ്ക്കാരം.

രണ്ടാംവാല്യം—വലിയനോമ്പുമുതൽ പെന്തക്കുസ്താവരെ.

മൂന്നാംവാല്യം—പെന്തക്കുസ്താ മുതൽ മംഗലവാർത്തക്കാലം വരെ.

ഇതു ബ്റ്ഹത്തായ കാനോനാ നമസ്ക്കാരത്തിൽനിന്ന് ഇടദിവസങ്ങളിലേയും ഒരു ഞായറാഴ്ചയുടേയും നമസ്ക്കാരം കൂട്ടിച്ചേർത്തു ക്രമപ്പെടുത്തിയതാണ്, സീറോ—മലബാർ വൈദികർ ഉപയോഗിച്ചുവ

www.malankaralibrary.com

ന്ന സുറിയാനി നമസ്ക്കാരപ്പുസ്തകം. മൂലത്തിൽനിന്ന് ഭാഗങ്ങൾകൂട്ടിച്ചേർത്ത് അത് ധന്യമാക്കിമലയാളത്തിലാക്കിക്കൊണ്ടിരിക്കയാണല്ലോ ഇപ്പോൾ. സീറോമലബാർ കാനോനാനമസ്ക്കാരത്തിൻെറ ചരിത്രത്തിന് ഗ്രന്ഥകാരൻെറ 'സീറോമലബാർ ആരാധനക്രമം നൂററാണ്ടുകളിലൂടെ' കാണുക.)

### രൂപവൽക്കരണം

കൽദായ നമസ്ക്കാരപ്പുസ്തകത്തിൻെറ മുഖവുരയിൽ കർദ്ദിനാൾ ടിസറാങ്ങ് പറയുന്നു: 'പൗരസ്ത്യസിറിയൻ റീത്തിൻെറ ആദരണീയമായ പൗരാണികത്വത്തിനും ധന്യതയ്ക്കും അത്ഭുതകരമായ ലാവണ്യത്തിനും പ്രത്യേകം തെളിവുകളും അംഗീകാരവും ആവശ്യമില്ല. ക്രിസ്തീയസഭയുടെ പൗരസ്ത്യ പ്രാർത്ഥന പാരമ്പര്യത്തിൽനിന്ന് വ്യതിരിക്തമല്ലാത്തരീതിയിൽ പൗരസ്ത്യസിറിയൻ റീത്ത് വിശ്വസ്തതയോടെ പാലിച്ചിട്ടുണ്ടെന്ന് പണ്ഡിതന്മാർ ഏകകണ്ഠമായി പ്രഘോഷിക്കുന്നു.'

പൗരസ്ത്യസിറിയൻ റീത്തിലെ കാനോനാനമസ്ക്കാരം വായിക്കുകയും പഠിക്കുകയും ചെയ്തവരിലാരും അതിൻെറ ധന്യതയും ആസ്വാദ്യതയും പുകഴ്ത്താതിരുന്നിട്ടില്ല. ഇതിൻെറ രചനയെ സംബന്ധിക്കുന്ന രേഖകൾ തുലോം കുറവാണ്. സങ്കീർത്തനങ്ങളും വളരെയധികം കീർത്തനങ്ങളും ഇതുൾക്കൊള്ളുന്നു. ഈ നമസ്ക്കാരം അതിപുരാതനംതന്നെ.

കൽദായ പാത്രിയർക്കീസ് ഏലിയാസ് പത്രോസ് പന്ത്രണ്ടാമൻ കാനോനാനമസ്ക്കാരത്തിൻെറ സുറിയാനി ആമുഖത്തിൽ പറയുന്നുണ്ട് യാമപ്രാർത്ഥനാ ഭാഗങ്ങൾ രചിച്ചവരെപ്പററി: ''മഫെർഘട്ടിലെ മരൂത്താ, കാ

www.malankaralibrary.com

തോലിക്കാ ശെമയോൻ ബർസാബി, മാർ അപ്രേം, തീക്ഷ്ണമതികളായ പുരാതനകാലത്തെ വേദപാരംഗതന്മാർ എന്നിവർ രചിച്ച പലതും ഈ നമസ്ക്കാരത്തിലുണ്ട്. അവ ഏതൊക്കെയാണ് എന്ന് എടുത്തു കാണിക്കുക ദുസ്സാധമാണ്. ' മേല്പറഞ്ഞ പലരും നാലാം നൂററാണ്ടിൽ ജീവിച്ചവരാണ്.

**മാർ മത്രുത്താ**—നാലാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ മെസപ്പൊട്ടേമിയയിൽ ജനിച്ച മത്രുത്ത ഫെർഘട്ടിലെ മെത്രാനായി. പൗരസ്ത്യസിറിയൻ ആരാധന ക്രമത്തിനു ചില നിയമങ്ങളും പരിഷ്ക്കാരങ്ങളും നിർദ്ദേശിച്ച സെലൂഷ്യ-ടെസിഫോൺ സൂനഹദോസിൽ (410) ഇദ്ദേഹം സന്നിഹിതനായിരുന്നു. ആരാധനക്രമ സംബന്ധമായി, പ്രത്യേകിച്ചും കാനോനാനമസ്ക്കാര സംബന്ധമായി, പലതും മത്രുത്താ വിരചിച്ചതായി പറയുന്നുണ്ട് സായാഹ്നജപത്തിലെ 'ഓനീസാദറംശ' അദ്ദേഹം രചിച്ചതാണെന്നു ചിലർ പറയുന്നു.

**മാർ ശെമയോൻബർസാബാ**— സെലൂഷ്യാ ടെസിഫോണിലെ മെത്രാൻ. ഇദ്ദേഹം 344 ൽ സാപോർരാജാവിൻെറ മതപീഡനകാലത്തു് വധിക്കപ്പെട്ടു. മാർ ശെമയോൻെറ പല കീർത്തനങ്ങളുമുണ്ടു്.

'ലാകുമാറാ' അദ്ദേഹത്തിൻേറതെന്നു് ചിലർ അവകാശപ്പെടുന്നു. കാനോനാ നമസ്കാരം രണ്ടു ഗണമായി മാറി മാറി ചൊല്ലണമെന്നു് നിശ്ചയിച്ചതും നടപ്പാക്കിയതും മാർ ശെമയോനാണ്.

**വി. അപ്രേം.**— സാർവത്രിക സഭയുടെ മല്പാനായി പ്രഖ്യാപിക്കപ്പെട്ട വിശുദ്ധൻ. നാലാം നൂററാണ്ടിൻെറ അരംഭത്തിൽ (306) നിസിബസിൽ ജനിച്ചു. ക്രൈസ്തവ ഗായകനായ അപ്രേമിൻെറ നിരവധി കീർത്തനങ്ങളിൽപ

www.malankaralibrary.com

ലത്തും ആരാധനക്രമത്തിൽ ഉപയോഗിക്കുന്നുണ്ട്. 373-ലാണ് അദ്ദേഹം ദിവംഗതനായത്.

**നർസൈ** (+502) പൗരസ്ത്യ സിറിയൻ പദ്യസാഹിത്യത്തിൽ ഒട്ടും അപ്രധാനനല്ല നർസൈ. നർസൈയും ബാബായിയും രചിച്ച പദ്യശകലങ്ങളും പ്രാർത്ഥനകളും അഞ്ചാം നൂററാണ്ടിനുശേഷം നമസ്കാരത്തിൽ ചേർത്തിട്ടുണ്ടെന്നു് അതിൻെറ മുഖവുരയിൽ പറയുന്നു. ലെലിയായിൽ ഉപയോഗിക്കുന്ന 'കാൽത്താ' കീർത്തനങ്ങൾ നർസൈയുടേതെന്നു് കരുതപ്പെടുന്നു. ഞായറാഴ്ചകളിലെയും തിരുനാളുകളിലെയും പ്രഭാതജപത്തിൽ ആലപിക്കുന്ന 'നഹറാ' കീർത്തനങ്ങളിൽ ആദ്യത്തേതു് അപ്രേമിൻേറയും രണ്ടാമത്തേതു് നർസൈയുടേതുമാണു് (നർസൈയുടെ വിശ്വാസം നെസ്തോറിയനാണെന്നു പലരും വിശ്വസിച്ചിരുന്നു. ആധുനിക ഗവേഷണങ്ങൾ ഈ അഭിപ്രായത്തെ നിഷേധിക്കുന്നു.)

410-ലെ സെലൂഷ്യൻ സൂനഹദോസ് ആരാധനക്രമത്തിൽ ഐകരൂപ്യം വരുത്തണമെന്നു് നിഷ്കർഷിച്ചു; കാനോനാ നമസ്കാരത്തിൽ ചിലപരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു.

പൗരസ്ത്യസിറിയയിൽ ആരാധനക്രമം പരിഷ്കാരത്തിനു വിധേയമാക്കി ഇന്നത്തെരൂപത്തിലെത്തിച്ചതു് പാത്രിയാർക്കാ ഈശോയാബ്മൂന്നാമനാണു് (647–657). കുർബാന, ആരാധനക്രമവത്സരം, പ്രാർത്ഥനകൾ എന്നിവയ്ക്കാണു് അദ്ദേഹം നിർണ്ണായകരൂപം നൽകിയതു്.

പാത്രിയാർക്കാ ഏലിയാ ഒന്നാമൻ (9–ാം നൂററാണ്ടു്), പാത്രിയാർക്കാ ഏലിയാ മൂന്നാമൻ (ആബുഹലീം+1190), വർദാ (13–ാം നൂററാണ്ടു്) ഇരുവരുടേയും ചില പ്രാർത്ഥനകൾ നമസ്കാരത്തിൽ ചേർത്തിട്ടുണ്ടു്. കൂടാതെ, ഇടക്കാലത്തെ ചില പാത്രിയാർക്കാമാർ തിരുനാളുകൾക്കുള്ള നമസ്കാരം പുതുതായി എഴുതിച്ചേർത്തിട്ടുണ്ടു്.

www.malankaralibrary.com

എന്നാൽ എല്ലാം പുരാതനകാല മുതലുള്ള രീതികളോടു യോജിച്ചുനിൽക്കുന്നു— പുരാതനവും സ്വാഭാവികവുമായ വളർച്ച.

## പ്ശീത്താ—സങ്കീർത്തനം

വേദപുസ്തകത്തിൻെറ സുറിയാനിടെക്സ്റ്റായ 'പ്ശീത്താ'യാണു സുറിയാനി റീത്തുകാർ ഉപയോഗിക്കുന്നതു്. പൗ. സിറിയൻറീത്തിൽ 150 സങ്കീർത്തനങ്ങളെ 20ഹുല്ലാലകളായി തിരിച്ചിരിക്കുന്നു. രണ്ടോ മൂന്നോ മർമീസാകൾ കാണും ഓരോ 'ഹുല്ലാല'യിലും. ഒന്നോ രണ്ടോ മൂന്നോ നാലോ സങ്കീർത്തനങ്ങളുടെ സമുച്ചയമാണതു്. മർമീസാ(ചിലതിൽ ഒന്നേയുള്ളു). മർമീസാകൾ ആകെ 57ഉണ്ടു്. 4833 വാക്യങ്ങളുള്ളസങ്കീർത്തനമാലയെ അഞ്ചു് പുസ്തകങ്ങളായും 29 അദ്ധ്യായങ്ങളായും ഭാഗിച്ചിരിക്കുന്നു. അതിലാകെ 19,934 സുറിയാനി പദങ്ങളുണ്ടു് (Chaldean Breviary p. 331)

21—ാമത്തെ ഹുല്ലാലയായി പഴയനിയമത്തിലെ ചില കീർത്തനങ്ങൾ സങ്കീർത്തനമാലയുടെ അവസാനം കൊടുത്തിരിക്കുന്നു. അതിൽ മൂന്നു മർമീസാകളുണ്ടു്.

1. പുറപ്പാടു് 15:1—21 (മോശയുടെ കീർത്തനം).
   ഏശയ്യാ 42:10—13 (യാഹ്‌വേയുടെ വിജയ കീർത്തനം)
   ,, 45:8
2. ആവർത്തനം 32:1—21 (മോശയുടെ കീർത്തനം)
3. ആവർത്തനം 32;21—43 ,,

www.malankaralibrary.com

## യാമപ്രാർത്ഥനകൾ

സായാഹ്നജപം (റംശാ) രാത്രിജപം (ലെലിയ), പ്രഭാതജപം (സപ്ര). ഇവകൂടാതെ ഞായറാഴ്ചകളിലും തിരുനാളുകളിലും ഖാലാദ്ശഹറായും (ജാഗരണജപം) ഉണ്ട്. വലിയ നോമ്പിനും ചില വിശേഷ തിരുനാളുകൾക്കും മാത്രമേ ഈ യാമപ്രാർത്ഥനകൾ ചൊല്ലുന്നുള്ളു:

മൂന്നാം മണിക്കൂർ (ഖുത്താഅ) ആറാം മണിക്കൂർ (എന്താനാ) ഒൻപതാം മണിക്കൂർ, സൂബാആ (Compline)

ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും യാമപ്രാർത്ഥനകളുടെ ഘടകങ്ങൾ ഏതാണ്ട് ഒരു പോലെയാണ്. സാധാരണ ദിവസങ്ങൾ (ഇടദിവസങ്ങൾ)ക്ക് പ്രത്യേകതയുണ്ട്.

MALANKARA
LIBRARY
www.malankaralibrary.com

പതിമ്മൂന്നു്

## സായാഹ്നജപം

## (റംശാ)

### ഘടകങ്ങൾ:

| ഞായർ—തിരുനാൾ | സാധാരണദിവസം |
| --- | --- |
| 1 പ്രാരംഭപ്രാർത്ഥനകൾ | 1 പ്രാരംഭപ്രാർത്ഥനകൾ |
| 2 സങ്കീർത്തനം | 2 സങ്കീർത്തനം |
| 3 ധൂപാർച്ചനപ്രാർത്ഥനയും (അക്എത്ര) ലാകുമാറായും | 3 ലാകുമാറ ശൂറായാദഖ്ദം |
| 4 ശൂറായാദഖ്ദം—കീർത്തനം | 4 ഓനീസാദഖ്ദം |
| 5 സായാഹ്നകീർത്തനങ്ങൾ | 5 സായാഹ്നകീർത്തനം |
| 6 ശൂറായാദ്‌വാസർ കീർത്തനം | 6 ശൂറായാദ്ബാസർ |
| 7 കാറോസൂസ ലുത്തനിയ | 7 കാറോസൂസ |
| 8 ത്രൈശുദ്ധകീർത്തനം | 8 ത്രൈശുദ്ധകീർത്തനം |
| 9 ആശീർവ്വാദപ്രാർത്ഥന (Prayer of Inclination) | 9 ആശീർവ്വാദപ്രാർത്ഥന |
| 10 പ്രദക്ഷിണവും അതിന്റെ കീർത്തനവും (ഓനീസാദ് ബസാലിക്കോ) | 10 ഓനീസാദ് ബസാലീക്കേ |
| 11 ശൂറായ (സങ്കീർത്തനം) | 11 ശൂറായ (സങ്കീർത്തനം) |
| 12 കർത്ത്റു പ്രാർത്ഥന, മററു സമാപനപ്രാർത്ഥനകൾ | 12 പ്രദക്ഷിണം, ഓനീസാദ്സഹദേ |
| | 13 കർത്ത്റുപ്രാർത്ഥന, മററു സമാപനപ്രാർത്ഥനകൾ |

www.malankaralibrary.com

## 1. പ്രാരംഭ പ്രാർത്ഥന

പൗരസ്ത്യസിറിയൻ റീത്തിലെ എല്ലാകർമ്മങ്ങൾക്കും പൊതുവായ ഒരു പ്രാരംഭമുണ്ട്; ദൈവദൂതകീർത്തനവും (അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി) കർത്തൃപ്രാർത്ഥനയും; എല്ലാറീത്തുകാർക്കും സാധാരണയായി കർമ്മങ്ങൾക്ക് പൊതുവായ ഒരാരംഭമുള്ളതാണ്.

### സങ്കീർത്തനം

റംശായുടെ പ്രാരംഭത്തിലെ സങ്കീർത്തനങ്ങൾ പൗ. സിറിയൻ റീത്തിൽ താഴെപ്പറയുന്നതുപോലെയാണ്.

| | |
|---|---|
| മംഗലവാർത്തമുതൽ ദനഹാവരെ ഞായറിനും തിരുനാളിനും | സങ്കീ. 87, 88 |
| മററു കാലങ്ങളിലെ ഞായറിനും തിരുനാളിനും | 65, 66, 67 |
| വെള്ളിയാഴ്ചവരുന്ന തിരുനാളുകൾക്ക് | 85, 86 |
| മററു ദിവസങ്ങളിലെ തിരുനാളുകൾക്ക് | 25 26, 27 |

മലയാളനമസ്ക്കാരത്തിൽ ഈ സങ്കീർത്തനഭാഗം ഓരോ ദിവസവും മാറിമാറി വരത്തക്കവിധം ക്രമപ്പെടുത്തിയിട്ടുണ്ട്.

### ത്രിത്വസ്തുതി സങ്കീർത്തനാലാപത്തിൽ

സങ്കീർത്തനങ്ങളിലെ ഓരോപുസ്തകത്തിൻെറ അന്ത്യത്തിലും ഒരു സ്തുതിഗീതമുണ്ട് (doxology)

"ഇസ്രായേലിൻെറ ദൈവമായ കർത്താവ് എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനാകട്ടെ" (ഒന്നാം പുസ്തകം: 41–ാം സങ്കീർത്തനത്തിൻെറ അന്ത്യം); "അവിടത്തെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ; അവിടത്തെ മഹത്വത്താൽ ഭൂമി

www.malankaralibrary.com

നിറയട്ടെ' (രണ്ടാം പുസ്തകം: സങ്കീർത്തനം—72) 'കർത്താവ് എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനാകട്ടെ' (മൂന്നാം പുസ്തകം: സങ്കീർത്തനം —89). 'ഇസ്രായേലിന്റെ ദൈവമായ കർത്താവ് എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനാകട്ടെ. ആമ്മേൻ, ആമ്മേൻ എന്ന് എല്ലാ ജനങ്ങളും ഉദ്ഘോഷിക്കട്ടെ'(നാലാം പുസ്തകം സങ്കീർത്തനം —106).

സങ്കീർത്തനത്തിന്റെ ഉദ്ദേശ്യംതന്നെ ദൈവസ്തുതിയാണെന്ന് ആരാധകനെ അനുസ്മരിപ്പിക്കാനാണിത്. അഞ്ചാമത്തെ പുസ്തകത്തിന്റെ അവസാനത്തെ അഞ്ചു സങ്കീർത്തനങ്ങളും സ്തുതിഗീതങ്ങൾതന്നെയാകയാൽ പ്രത്യേകമായ അന്ത്യം അതിനാവശ്യമില്ലല്ലോ. യഹൂദന്മാരെയനുകരിച്ച് ക്രിസ്ത്യാനികളും സങ്കീർത്തനങ്ങളുടെ അവസാനം പ്രത്യേക ദൈവസ്തുതി പാടിയിരുന്നു. ക്രിസ്ത്യാനികൾ ഉപയോഗിച്ചതു് ത്രീത്വസ്തുതിയാണെന്നും അതു് ഓരോ സങ്കീർത്തനാലാപത്തിന്റെ അന്ത്യത്തിൽ ചൊല്ലിയിരുന്നുവെന്നുമുള്ള വ്യത്യാസമുണ്ടെന്നുമാത്രം.

**പ്രാർത്ഥന**— പൌ. സിറിയൻറീത്തിൽ പ്രാർത്ഥനകൾ അവസാനിപ്പിക്കുന്നതു് പ. പരമ ത്രിത്വത്തെ അഭിസംബോധന ചെയ്തുകൊണ്ടാണെങ്കിൽ, 'നിത്യം പിതവും പുത്രനും പരിശുദ്ധാത്മാവുമായസർവ്വേശ്വരാ' എന്നാണു്. പിതാവായ ദൈവത്തെയോ പുത്രനായ ദൈവത്തെയോ മാത്രം അഭിസംബോധന ചെയ്യുന്നെങ്കിൽ (ത്രീത്വത്തിലെ ഏതെങ്കിലും ഒരാളെമാത്രം അഭിസംബോധന ചെയ്യുമ്പോൾ)'നിത്യനായ സർവ്വേശ്വരാ' എന്നവസാനിപ്പിക്കുന്നു.

**ധൂപാർച്ചനയും ലാകുമാറായും**

മിശിഹാ കർത്താവേ നരകുലപാലകനേ
ഞങ്ങളണച്ചിടുമീ പ്രാർത്ഥനതിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ
കൈക്കൊണ്ടരുളേണം.'

www.malankaralibrary.com

'പ്രാർത്ഥന സായാഹ്നബലിയായിത്തീരട്ടെ, അതു ധൂപംപോലെ സ്വർഗ്ഗത്തിലേയ്ക്കുയരട്ടെ, എന്നീ 140-ാം സങ്കീർത്തനത്തിന്റെ ആശയം ഇതിലുണ്ടു്. തുടർന്നു് ലാകുമാറാ (സകലത്തിന്റെയും നാഥാ) എന്ന കീർത്തനം ആലപിക്കുന്നു. ഇതു് മററു പല കർമ്മങ്ങളിലും ആലപിക്കുന്നതും വളരെപുരാതനവുമായ (IV-ാംനൂററാണ്ടു്)ഒന്നാണു്.

'വിളക്കുകൊളുത്തൽ'

എജറിയ പറയുന്നു: 'പത്തു മണിക്കു് (4 P. M) വലിയൊരു ജനക്കൂട്ടം തിരുവുത്ഥാന ദൈവാലയത്തിൽ എത്തിക്കഴിഞ്ഞു. ഉടനെ ജറുസലേമിൽLicinicon (പ്രകാശ ശുശ്രൂഷ) എന്നറിയപ്പെടുന്ന നമസ്കാരം ആരംഭിക്കുകയായി. അപാരമായ ദീപ്തി ഉണ്ടാകത്തക്കവിധം തിരികളും വിളക്കുകളും കൊളുത്തുന്നു. അതിനായി തിരുക്കല്ലറയിൽനിന്നു് ഒരു ദീപംകൊണ്ടുവരുന്നു. ഇതിലെ തീകൊണ്ടു് വിളക്കുകൾ കൊളുത്തുമ്പോൾ കുറെ സങ്കീർത്തനങ്ങളും പല്ലവികളും (antiphon)ആലപിക്കുന്നു. മെത്രാൻ വൈദികസമന്വിതം ആഗതനാകുമ്പോൾ വീണ്ടും കുറെ സങ്കീർത്തനങ്ങളും പല്ലവികളും പാടുന്നു. അതിനുശേഷം മെത്രാന്റെ പ്രാർത്ഥനയും സമാപനാശീർവ്വാദവുമുണ്ടു്,.

യഹൂദന്മാരുടെ സായാഹ്നപ്രാർത്ഥനയിൽ ഔപചാരികമായി വിളക്കു കൊളുത്തുന്നുണ്ടെന്നും അതിനുപ്രത്യേകപ്രാർത്ഥനകളുണ്ടെന്നുംമുകളിൽ(33-ാംവശം)പറഞ്ഞിട്ടുണ്ടല്ലോ അതിന്റെ ഒരുപ്രതീതി എജറിയായുടെവിവരണം നൽകുന്നു. പൗ.സിറിയൻറീത്തിലെ ഇപ്പോഴുള്ള യാമപ്രാർത്ഥനകളിൽ അപ്രകാരമൊരു വിളക്കുകൊളുത്തൽ ശുശ്രൂഷയില്ലെങ്കിലും അർബേലിലെ ഗീവർഗ്ഗീസു് മെത്രാപ്പോലീത്തായുടെ വ്യാഖ്യാനത്തിൽ അതുസൂചിതമാണു്. 'ലാകുമാറാ (സകലത്തിന്റെയും നാഥാ) എന്നകീർത്തനത്തെത്തുടർന്നു് വിളക്കുകളെല്ലാംകൊളുത്തുന്നു' ഇതുവരെ വളരെക്കുറച്ച

www.malankaralibrary.com

വിളക്കുകളേ കത്തിയിരുന്നുള്ളൂ. ഇപ്പോഠമദ്ബഹാ—അതു സ്വർഗ്ഗത്തെ സൂചിപ്പിക്കുന്നു. —യുടെവാതിൽ തുറന്നു് കുരിശ്ശും, സുവിശേഷവും പുരോഹിതനും പുറത്തേയ്ക്കുവരുന്നു; അദ്ദേഹത്തിനു മുൻപു് ദീപങ്ങളോടും ധൂപക്കുററികളോടും കൂടി ദ്യാക്കോന്മാരും ഹെവ്പ്ദയാക്കോന്മാരും നിരയായിവരുന്നു. (Expositio I. P135) 'അങ്ങേപ്രമാണങ്ങഠ എന്റെ പാദങ്ങഠക്കു വിളക്കും എന്റെ വഴികളിൽ പ്രകാശവുമാകുന്നു' എന്ന 118—ാംസങ്കീർത്തനഭാഗമേ ഇപ്പോഠ വിളക്കുകളെ സൂചിപ്പിക്കുന്നതായുള്ളൂ.

സായം കാലമായതോടെ ദൈവാലയത്തിനുള്ളിൽ ഇരുട്ടായിത്തുടങ്ങി. തത്സമയം വിളക്കുകൊളുത്തുക ഒരാവശ്യം കൂടെയായിരുന്നു. ദിവസത്തിന്റെ പ്രകാശംഅസ്തമിക്കുമ്പോഠ വിളക്കുകൊളുത്തുകയും അതോടൊപ്പം ദിവസത്തിന്റെ പ്രകാശത്തിനു് നന്ദിപറയുകയും ചെയ്യുകയാണു് വിളക്കുകൊളുത്തൽ ശുശ്രൂഷയിൽ. ലോകത്തിന്റെവെളിച്ചമായ ക്രിസ്തുവിനെ അനുസ്മരിപ്പിച്ചുകൊണ്ടു് ഈ ശുശ്രൂഷ നടത്തുന്നതു് പുനരുദ്ധരിക്കുന്നതും ഉപകാരപ്രദമായിരിക്കാം.

## ഓനീസാ ദഖ്ദാ—ഓനീസാദ്വസർ.

ശൂറായാ (സങ്കീർത്തനം)യ്ക്കും അതിന്റെ സമാപനപ്രാർത്ഥനക്കുമിടക്കുവരുന്ന കീർത്തനമാണിതു്. ഇതു് ആദ്യകാലത്തുണ്ടായിരുന്നില്ല. (Sxposito I. P. 137) അതുകൊണ്ടായിരിക്കണം, ഞായറാഴ്ചകളിൽ ഈ ഒനീസാകഠ കൂടാതെ ശൂറായ മാത്രമുള്ളതു്. പൊതുവിൽ ഒനീസാദഖ്ദാ അനുതാപസൂചകമാണു്; ദവാസറിനു് അങ്ങനെയൊരു വ്യത്യാസമില്ല. ഒരു പക്ഷേ ദഹറാബലിയെ സൂചിപ്പിക്കുന്ന 140—ാം സങ്കീർത്തനത്തിനു മുമ്പുവരുന്നതു

www.malankaralibrary.com

കൊണ്ടായിരിക്കാം ഈ അനുതാപസൂചന കടന്നുകൂടിയതു് ശ്ലൂറായി(സങ്കീർത്തനം)യുടെ ഒരു വാക്യം ആവർത്തിച്ചു് ഒനീസായുടെ ആരംഭത്തിൽ വയ്ക്കാറുണ്ടു്. ശ്ലൂറായായുടെ തുടർച്ചയാണു്, ഓനീസാ എന്നു് കാണിക്കാനാവാം. ഇപ്രകാരം ചെയ്തിരിക്കുന്നതു്.

## സായാഹ്നജപസങ്കീർത്തനങ്ങൾ

മുകളിൽ പറഞ്ഞതുപോലെ (59—ാംഖണ്ഡം) സായാഹ്നജപങ്ങളിൽ അനുദിനം ചൊല്ലുന്ന സങ്കീർത്തനങ്ങൾ 140, 141, 118 (105, 112) ,116 എന്നിവയാണു്. അന്ത്യോക്യാസിറിയൻ റീത്തിലും മാറോനീത്താറീത്തിലും ഇവതന്നെയാണു് സായാഹ്നജപത്തിൽ ചൊല്ലുക.

ഇതിൽ 140—ാമത്തെ സങ്കീർത്തനമാണു് സായാഹ്നജപത്തിൻെറതന്നെ കേന്ദ്രബിന്ദു. അതിനെ ആശ്രയിച്ചാണല്ലോ കീർത്തനങ്ങൾക്കും ശ്ലൂറായാകൾക്കും 'ഖ്ദം' 'ബ്വാസർ' (മുമ്പും പിമ്പും വരുന്നതു്) എന്നു് പേരുകൾ തന്നെ നല്കിയിരിക്കുന്നതു്.

## 140—ാം സങ്കീർത്തനം—മറിയ ക്രേസാക്.

"കർത്താവേ, ' ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. എനിക്കുത്തരമരുളേണമെ....

യഹൂദന്മാരും ആദിമക്രിസ്ത്യാനികളും ഈ സങ്കീർത്തനം സായാഹ്നജപത്തിനുപയോഗിച്ചു.

"കർത്താവേ, എൻെറ ഈ പ്രാർത്ഥന
എൻെറ സായാഹ്നബലിയായി സ്വീകരിക്കേണമെ"

പ്രാർത്ഥന ധൂപമായും ബലിയായും കണക്കാക്കി സ്വീകരിക്കണമേ എന്നു് അതിൽ പ്രാർത്ഥിക്കുന്നു. ദൈവാലയത്തിൽ പ്രഭാത പ്രദോഷ ബലികളുണ്ടല്ലോ. അവ

www.malankaralibrary.com

സ്തുപകരം അവയുടെ സ്ഥാനത്തു് ഈ പ്രാർത്ഥന ദൈവം സ്വീകരിക്കേണമേ എന്നു് സങ്കീർത്തകൻ യാചിക്കുകയാവാം. അതിഥികളുടെ ശിരസ്സിൽ എണ്ണ പൂശുക എന്നതു് യഹൂദരുടെ മര്യാദയാണു്. ദുഷ്ടരിൽനിന്നു് ഈ അഭിഷേകം സ്വീകരിക്കുവാൻ സങ്കീർത്തകൻ ആഗ്രഹിക്കുന്നില്ല. (5–ാം വാക്യം). ദുഷ്ടന്മാരുടെ കെണിയിൽ വീഴാനുള്ള പരീക്ഷയിൽനിന്നു് ആരാധകനെ രക്ഷിക്കണമെന്നാണു് ഇതിലെ പ്രധാന ആശയം. സ്വന്തശക്തിയാലതു സാധിക്കുകയില്ലെങ്കിലും പ്രാർത്ഥനയിലൂടെ ദൈവത്തോടുചേർന്നു് ഞെരുക്കങ്ങളെ തരണംചെയ്യാമെന്നു് ആരാധകൻ വിശ്വസിക്കുന്നു. 141–ാം സങ്കീർത്തനത്തിലും, ഇത്തരത്തിൽ ശത്രുഭയത്തിൽനിന്നു് രക്ഷപെടാനായി ദൈവത്തിലേക്കു് തിരിയുന്ന മനുഷ്യസ്വഭാവം ദൃശ്യമാണു്.

118–ാമത്തെ സങ്കീർത്തനഭാഗത്തിനു് പ്രകാശവും വിളക്കുമായി ബന്ധമുണ്ടെന്നു് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. 'അങ്ങേപ്രമാണം എന്റെ പാദങ്ങൾക്കു് വിളക്കും എന്റെ വഴികളിൽ പ്രകാശവുമാകുന്നു.' പ്രാർത്ഥനയെ അധരങ്ങളുടെ കാണിക്കയായ ഈ സങ്കീർത്തനത്തിൽ ചിത്രീകരിക്കുന്നുണ്ടു്.

## സങ്കീ. 116.

ഏററം ചെറിയ സങ്കീർത്തനമാണിതു്. ജറുസലേം ദേവാലയത്തിൽ തിരുനാളിനു വരുന്നആളുകളെയെല്ലാം ദൈവത്തെസ്തുതിക്കാൻ കർമ്മങ്ങളുടെ പ്രാരംഭത്തിൽ ക്ഷണിക്കുന്നതിനുപയോഗിച്ചിരുന്ന സങ്കീർത്തനമാണിതു്. വിവിധജനപദങ്ങളും, രാജ്യക്കാരും തീർത്ഥകരായുണ്ടു്. അവരെ പുരോഹിതൻ ആരാധനയ്ക്കു ക്ഷണിക്കുന്നു. സമൂഹമൊന്നാകെ ഇതാലപിച്ചു് ദൈവത്തിന്റെ കൃപയെയും അവിടുത്തെ ശക്തിയുടെ വെളിപാടിനേയും

www.malankaralibrary.com

(theophany) അനുസ്മരിച്ച് പ്രകീർത്തിക്കുന്നു.

ദൈവസാന്നിദ്ധ്യത്തിൽ രാഷ്ട്രീയവും ദേശീയവുമായ വ്യത്യാസങ്ങൾ അന്തർദ്ധാനം ചെയ്യുന്നു. ദൈവാരാധന ജനങ്ങളെത്തമ്മിൽ യോജിപ്പിക്കുന്നു. ക്ഷണികമായ ലോകാധിപധ്യങ്ങൾക്ക് ശാശ്വതമായ മൂല്യം സിദ്ധിക്കുന്നത് അവ ദൈവത്തെ സ്തുതിച്ച് 'ജീവിക്കു'മ്പോഴാണ്, റോമ്മാക്കാർക്കുള്ള ലേഖനത്തിൽ (15:11) വി, പൗലോസ് ശ്ളീഹാ ഈ സങ്കീർത്തനം ഉദ്ധരിക്കുന്നു: പത്രിയാർക്കാമാരോടു ചെയ്ത വാഗ്ദാനങ്ങളിൽ ദൈവം വിശ്വസ്തനായതിനാലും' വിജാതീയർക്ക് കൃപ നൽകപ്പെട്ടതിനാലും ജനവു. (ഇസ്രായേൽ)വിജാതീയരും ദൈവത്തെ സ്തുതിക്കേണ്ടതാകുന്നു.

## ശ്രൂറായാദഖ്ദം, ദ്‌വാസർ

'ശ്രൂറായാ, എന്നതിന്' ആരംഭം, എന്നാണർത്ഥം· സായാഹ്നജപത്തിൽ ഒരുക്കൂട്ടം സങ്കീർത്തന വാക്യങ്ങളെയാണ് ഈ പദം സൂചിപ്പിക്കുക.

ആരാധനക്രമവത്സരത്തിലെ ഓരോ കാലത്തെയും 7 ഞായറാഴ്ചകളിൽ ചൊല്ലത്തക്കവിധം 7ശ്രൂറായകൾ ഉണ്ട്:

| ശ്രൂറായദഖ്ദം | | | ശ്രൂറായാദ്‌വാസർ. |
|---|---|---|---|
| 1. | സങ്കീർത്ത. | 47;1—5,6—9 — | —48:1—4 |
| 2. | ,, | 65, 1—6 | —66:1—4 |
| 3. | ,, | 89; 1—5 | —89;6—9 |
| 4. | ,, | 90: 1—5 | —148:1—7 |
| 5. | ,, | 123: 1—5 | —126:1—2 |
| 6. | ;, | 49: 1—5 | —120:1—7 |
| 7. | ,, | 136: 1—3 | —137;1—4 |

ഇതനുസരിച്ച് ഒന്നാം ഞായറാഴ്ച കൊടുത്തിരിക്കുന്ന സങ്കീർത്തനം എല്ലാക്കാലത്തേയും ഒന്നാം ഞായറാഴ്ച ചൊ

www.malankaralibrary.com

ല്പാനുള്ളതാണല്ലോ. അതുപോലെ മററു ഞായറാഴ്ചകളി ലെയും. (മലയാളം കാനോനാ നമസ്ക്കാരത്തിൽ ഈ ശ്രുറായകൾ എല്ലാക്കാലത്തും ആവർത്തിക്കാതിരിക്കുവാൻ നമതിയോടെ ശ്രദ്ധിക്കാവുന്നതാണ്.)

## കാറോസൂസാ.

പൗ. സിറിയൻ സായാഹ്നജപത്തിലെ കാറോസൂസാ (ലുത്തിനിയാ)ക്കു മൂന്നു ഭാഗങ്ങളുണ്ട്. സാമാന്യം ദൈർഘ്യമേറിയതു തന്നെയാണ് സീറോമലബാർ റാസയിൽ ചൊല്ലിയിരുന്നത്. ആദ്യത്തേതും അവസാനത്തേതും സാധാരണ കർബ്ബാനയിലും ചൊല്ലുന്നതാണ്. (നമുക്കെല്ലാം ശപ്പീർ, ബ്‌വൂസ), ലോകമൊക്കയുടേയും തിരുസ്സഭയുടേയും, അവളുടെ സന്താനങ്ങളുടേയും സുസ്ഥിതിക്കായുള്ള യാചനകൾ ഉൾക്കൊള്ളുന്നവയാണീ കാറോസൂസകൾ. ഇതു തന്നെയാണ് സാധാരണ ഗതിയിൽ എല്ലാ ദിവസവും സായാഹ്നജപത്തിൽ ചൊല്ലുക. മലയാള നമസ്ക്കാരത്തിൽ ആഴ്ചയിലെ എല്ലാ ദിവസവും ഓരോ കാലത്തിനും ഏഴെണ്ണം വീതം ക്രമപ്പെടുത്തുന്നതു് അഭിലഷണീയമാണ്.

## ത്രൈശുദ്ധകീർത്തനം (Trisagion)

### സർവ്വേശാ നീ പരിശുദ്ധൻ

ബലവാനേ നീ പരിശുദ്ധൻ, എന്ന ഈ കീർത്തനം സായാഹ്ന ജപത്തിന്റെ അവസാനം ചൊല്ലാത്ത പൗരസ്ത്യ റീത്തിലെ ആർമ്മേനിയൻറീത്തു നീക്കി മറ്റെല്ലാ പൗരസ്ത്യ റീത്തുകളിലും ത്രൈശുദ്ധ കീർത്തനത്തോടുചേർത്തു കർത്തൃ പ്രാർത്ഥനയും ചൊല്ലുന്നുണ്ട് (മലയാളനമസ്കാരത്തിൽ കർത്തൃ പ്രാർത്ഥന ഇവിടെ വിട്ടുപോയിട്ടുണ്ട്)

**ആശീർവാദപ്രാർത്ഥന (Prayer of Inclination):**

ത്രൈശുദ്ധ കീർത്തനത്തോടെ റംശാ അവസാനിക്കുന്നു.

www.malankaralibrary.com

പിരിയുന്നതിനു മുമ്പ് വിശ്വാസികളെ കൈവച്ച് അനുഗ്രഹിക്കുന്നതാണ് ഈ പ്രാർത്ഥന. പഴയ കാലങ്ങളിൽ മെത്രാനാണ് ഈ ആശീർവ്വാദം നൽകിയിരുന്നത്. എജറിയായുടെ യാത്രാവിവരണത്തിൽ (4–ാം നൂററാണ്ട്) ജറുസലേമിൽ ആദ്യം സ്നാനാർത്ഥികൾ തല കുനിച്ച് മെത്രാന്റെ ആശീർവ്വാദം വാങ്ങിയിരുന്നെന്നും അവരെ അയച്ച ശേഷം വിശ്വാസികളിലോരോരുത്തരും തലകുനിച്ച് മെത്രാന്റെ ആശീർവ്വാദം സ്വീകരിച്ച് പിരിഞ്ഞു പോയെന്നും പറയുന്നുണ്ട്.

## ഓനീസാ ദ്ബസാലീക്കേ

പ്രദക്ഷിണകീർത്തനം. സായാഹ്ന ജപത്തിന്റെ അന്ത്യത്തിലൊരു പ്രദക്ഷിണമുണ്ടായിരുന്നതായി എജറിയാ പ്രസ്താവിക്കുന്നുണ്ട്. ബിസന്റയിൻ രീതിയെ അനുകരിച്ച് ഈശോയാബ് മൂന്നാമൻപാത്രിയർക്കായാണ് കൽദായ രീതിയിൽ ഇങ്ങനെയൊരു പ്രദക്ഷിണം നടത്തിയത്. നമ്മുടെ നാട്ടിൽ ആഘോഷമായ തിരുനാളുകളിൽ ഇപ്പോഴും ചെയ്യാറുള്ളതുപോലെ മുൻകാലങ്ങളിലും റംശാ നടത്തിയിരുന്നത് മദ്ബഹായിലല്ല; പ്രത്യുത അതിനു താഴെ ഹൈക്കലായിൽ– ദൈവാലയ മദ്ധ്യത്തിൽ ആയിരുന്നു. അവിടെ ബേമാ എന്ന പേരോടെ ഒരുയർന്ന പ്ളാററ് ഫോം ഉണ്ടായിരുന്നു. നമസ്കാരം അതിൽവച്ചു നടത്തിയതുകൊണ്ട് ആളുകൾക്ക് ശ്രവിക്കുക എളുപ്പമായിരുന്നു. നമസ്കാരത്തിന്റെ അവസാനം, ബേമായിൽ വച്ചിരുന്ന കുരിശു അതിന്റെ യഥാസ്ഥാനമായ മദ്ബഹായിലേയ്ക്കു പ്രദക്ഷിണമായി കൊണ്ടുപോയിരുന്നു. തദവസരത്തിൽ പാടിയതാണ് ഓനീസദ്റംശാ–ഓനീസാദ് ബസാലിക്കേ– ഇതിനു രാജകീയഗാനം– ഓനീസാദ് ബസാലിക്കേ – എന്നു വിളിക്കുന്നതിനു കാരണമുണ്ട്.

www.malankaralibrary.com

ബിസൻറയിൻറീത്തിൽ ശുശ്രൂഷയിൽ സംബന്ധിക്കാൻ വരുന്ന ചക്രവർത്തിയെ ദൈവാലയത്തിൽ സജ്ജീകരിച്ചിട്ടുള്ള സിംഹാസനത്തിലേയ്ക്കു് ആനയിച്ചപ്പോൾ ചൊല്ലിയ കീർത്തനമാണിതു്. അതിനെയനുകരിച്ചു് രചിച്ചതിനാലാണു് ഇതിനു് ഓനീസാബസാലിക്കേ (രാജകീയകീർത്തനം)എന്നു് സുറിയാനി നമസ്കാരത്തിലും പേർ നൽകിയതു്.

ഇതു് പൗരസ്ത്യ സിറിയൻ റീത്തിൽ അനുദിനം മാറുന്നതാണു്. മലയാള നമസ്കാരത്തിൽ ഓരോ കാലത്തിനും 7വീതമേ വച്ചിട്ടുള്ളു. മൂന്നുവാല്യങ്ങളുള്ള സുറിയാനി കാനോനാ നമസ്കാരത്തിൽ, വർഷം മുഴുവനുള്ള ബുധനാഴ്ചകൾക്കും ഓനീസാദ് ബസാലിക്കെ ഒന്നുതന്നെയാണു്. മലയാളനമസ്കാരത്തിൽ ഓരോകല്പത്തിനും പ്രത്യേകം ഓനീസായുണ്ടു്.

## ശൂറായ

റംശയിൽ ഉള്ള മൂന്നാമത്തെ ശൂറായയാണല്ലോ. പൗരസ്ത്യ സിറിയൻ റീത്തിൽ ഇടദിവസങ്ങളിൽ ശൂറായയുപയോഗിക്കുന്നതു് 118–ാമത്തെ സങ്കീർത്തനത്തിന്റെ വിവിധ ഭാഗങ്ങളാണു്. 118-ാമത്തെ സങ്കീർത്തനം സുറിയാനി അക്ഷരമാലയ്ക്കൊത്തു് 22ആയി തിരിച്ചിരിക്കുന്നതിനാൽ ഈ ശൂറായയ്ക്കു് ആസ്പസേ (അക്ഷരമാല Alphabets) എന്ന പേർ പറയാറുണ്ടു്. ബുധനാഴ്ചയും (സങ്കീ. 45)വെള്ളിയാഴ്ചയും (സങ്കീ. 115,31) 118–ാമത്തെ സങ്കീർത്തനം ഇവിടെ ചൊല്ലാത്തതുകൊണ്ടു് ആ ദിവസങ്ങളിൽ ഈ സങ്കീർത്തനഭാഗത്തിനു് ശൂറായ എന്നപേരാണു് നമസ്കാരപുസ്തകം നൽകുന്നതു്

www.malankaralibrary.com

## മാദ്ധ്യസ്ഥപ്രാർത്ഥനകൾ:

വിവിധ വിശുദ്ധരെ വിളിച്ച് സഹായമപേക്ഷിക്കാനുള്ള പല പ്രാർത്ഥനകൾ (ഉദ്റാന = സഹായാഭ്യർത്ഥന), റംശായിലുണ്ട്. നമസ്കാരത്തിന്റെ അവസാനം വൈദികരോരോരുത്തരും മാറിമാറി ചൊല്ലുകയാണ് ഈ പ്രാർത്ഥനകൾ. സമാപന പ്രാർത്ഥനചൊല്ലി കാർമ്മികൻ ജനങ്ങളെ ആശീർവ്വദിക്കുകയും അവർക്ക് 'സമാധാനം, (Pax) നൽകുകയും ചെയ്യുന്നു. വിശ്വാസികൾ പരസ്പരം സമാധാനം ആശംസിക്കുന്നു.

## ഒനീസാദ്സഹ്ദേ.

സഹദാമാരുടെ കീർത്തനം. ഇടദിവസങ്ങളിൽ റംശായുടെ അവസാനവും, മദ്ബഹായുടെ വെളിയിൽ ഒരുവശത്ത് രക്തസാക്ഷികളുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരുന്നിടങ്ങളേയ്ക്ക് (Martyrion, ബേസ്സഹ്ദേ), ഒരുപ്രദക്ഷിണം ഉണ്ടായിരുന്നു. അതിന് ചൊല്ലിയിരുന്നത് മാർമത്തയാ വിരചിച്ച കീർത്തനങ്ങളാണ്. ഈ പ്രദക്ഷിണം ഇടക്കാലത്തു കുട്ടിച്ചേർത്തതായതിനാലും ഇന്ന് പ്രദക്ഷിണം നടത്താത്തതുകൊണ്ടും മലയാള നമസ്കാരത്തിൽ ഇതിനോടനുബന്ധിച്ചുള്ള ഓനീസായും ഉപേക്ഷിച്ചിരിക്കുകയാണ്.

രക്തസാക്ഷികളുടെ വീരചരിതവും വീര മരണവും അവരോടുള്ള സഹായാഭ്യർത്ഥനയും ഉൾക്കൊള്ളുന്ന മനോഹരഗാനങ്ങളാണ് ഒനിയാസാദസഹ്ദേ. രക്തസാക്ഷികളുടെ തിരുനാളുകളിലെ നമസ്കാരത്തിലോ അവയോടനുബന്ധിച്ച നടത്തുന്ന ദൈവവചന ശുശ്രൂഷകളിലോ, ഈ കീർത്തനങ്ങൾ ചേർക്കുന്നതു ഉപകാരപ്രദമായിരിക്കും.

www.malankaralibrary.com

പുതിയ ദിനം പുതുജീവന്റെ പ്രതീതി തരുന്നു. ഉറക്കമുണർന്നു് നവചൈതന്യത്തോടെ മനുഷ്യൻ കർമ്മനിരതനാകുന്നു. പ്രഭാത സൂര്യന്റെ ദർശനംതന്നെ മനുഷ്യനിൽ നവോന്മേഷമുളവാക്കുന്നുണ്ടു്. സൃഷ്ടിസ്ഥിതികാംക്കു് ദൈവത്തോടു കടപ്പെട്ട മനുഷ്യൻ "പുലരിയിൽ നിദ്രയുണർന്നു" ദൈവത്തെ സ്തുതിക്കുന്നു. "ആനന്ദപൂർവ്വം ദൈവത്തെ സ്തുതിച്ചാരാധിക്കുന്ന" സൃഷ്ടികളോടു ചേരുന്നു. സൃഷ്ടികർമ്മത്തിനും തുടർന്നു നൽകുന്ന പരിപാലനത്തിനുമായി "സകലത്തിന്റേയും കാരണഭൂതനും ആത്മാക്കളുടെ സംരക്ഷകനുമായ" ദൈവത്തെ ആരാധകൻ സ്തുതിക്കുകയാണു്, പ്രഭാതരൂപത്തിൽ (ആദ്യത്തെ സ്ലോസാ കാണുക).

പ്രപഞ്ചത്തോടൊത്തു ദൈവത്തെ ആരാധിച്ചു പാടിപ്പുകഴ്ത്തുകയും അവിടുത്തെ പരിപാലനയനുസ്മരിച്ചു നന്ദി പറയുകയും ചെയ്യുന്നതോടൊപ്പം, ദൈവഹിതത്തിനെതിരായിചെയ്തപാപങ്ങളെപ്പററിഅനുതപിക്കുവാനും ദൃഢവാഗ്ദാനത്തോടെനവജീവിതംആരംഭിക്കുവാനും പ്രഭാതജപം നമ്മെ സഹായിക്കുന്നു. അതിലെ സങ്കീർത്തനങ്ങാംക്കു — 100, 91, 93, 104, 113, 148, 149, 150, 51–താഴെക്കൊടുത്തിട്ടുള്ള വ്യാഖ്യാനം ഈ ആശയം വ്യക്തമാക്കുന്നു.

സങ്കീർത്തനങ്ങാം കൂടാതെ ലാകുമാറ(സകലത്തിന്റേയും നാഥാ) ഉദയഗീതം, ഉദ്റാന (സഹായാഭ്യർത്ഥനകാം) സമാപനാശീർവ്വാദം (ഹൂത്താമ്മ) ഇവയും പ്രഭാതജപത്തിലുണ്ടു്. കൽദായറീത്തിരല പ്രാർത്ഥനക്രമങ്ങാം സാധാരണമായി അവസാനിക്കുന്ന ത്രൈശുദ്ധ കീർത്തനവും സ്തുതിപ്പും (തെശ്ബോഹ്ത്ത) പ്രഭാതജപത്തിലും കാണാം.

www.malankaralibrary.com

ഞായറാഴ്ചകളിൽ മൂന്നു ബാലന്മാരുടെ കീർത്തനം കൂട്ടത്തിലുണ്ടു്. എന്നാൽ ഞായറാഴ്ച പ്രാകാമാറായും അനുതാപസങ്കീർത്തനവും (51) ഉപേക്ഷിച്ചിരിക്കുകയാണു്.

## 100–ാം സങ്കീർത്തനം

"കീർത്തനങ്ങൾ പാടിക്കൊണ്ടു്........
അവിടത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ
അവിടത്തെ പടിവാതിലുകൾ കടക്കുവിൻ"

ജറുസലെം ദേവാലയത്തിലേക്കു് പ്രവേശിക്കുമ്പോൾ ആലപിച്ചതാണീ സങ്കീർത്തനം. ഉടമ്പടിയുടെ അവകാശികളായ ഇസ്രായേൽ ജനം നന്ദിപറഞ്ഞുകൊണ്ടു് ആരാധനയ്ക്കായി ദൈവാലയത്തെ സമീപിക്കുമ്പോഴുള്ള അവരുടെ ഹൃദയവികാരങ്ങളാണിവിടെ ദൃശ്യമാവുക— സ്തുതിപ്പിനായുള്ള ക്ഷണവും തുടർന്നു് സ്തുതിയും—

വിശ്വാസചൈതന്യം പ്രദാനം ചെയ്തു് അതു് ഹൃദയത്തെ സ്വർഗ്ഗത്തിലേക്കുയർത്തുന്നു. ദൈവത്തിലുള്ള ആനന്ദമാണീ സങ്കീർത്തനത്തിലുടനീളം ദർശിക്കുന്നതു്. ആ ആനന്ദം സ്വാതന്ത്ര്യമായി പ്രസരിക്കുന്നതും നവമായ ശക്തി ആർജ്ജിക്കുന്നതുമെല്ലാം തിരുക്കർമ്മത്തിലുണ്ടു്.

വാക്യം 1. ഭൂമി മുഴുവനെയും ദൈവസ്തുതിക്കായി ക്ഷണിക്കുന്നു. ദൈവികാനന്ദത്തിന്റെ മാറ്റൊലിയും ഓളംതല്ലും ആരാധനാസമൂഹത്തിൽ മാത്രം പോരാ, അതു് ഭൂലോകത്തിലാകെ വ്യാപിക്കണം. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആരാധനാസമൂഹത്തിലെ അംഗങ്ങൾക്കു്, തങ്ങൾ ലോകത്തിലെങ്ങുമുള്ള ആരാധകരുമായി വിശ്വാസത്തിൽ ബന്ധിതരാണെന്നും അവരുമായി ഐക്യമുണ്ടെന്നും അവബോധമുളവാകുന്നു.

www.malankaralibrary.com

വാക്യം2. ദൈവാലയത്തിലുള്ളവരോട് ദൈവത്തിന് 'പൂജ' അർപ്പിക്കാൻ അറിയിക്കുന്നു. ഭൗമികമായ വേദനകളൊക്കെ വെടിഞ്ഞു് 'സന്തോഷത്തോടെ' വേണം അതു ചെയ്യുക.

വാക്യം 3. ''നമ്മുടെദൈവമായ കർത്താവു് അവർ തന്നെയാകുന്നുവെന്നു് നിങ്ങൾ അറിയുവിൻ.'' ദൈവത്തെ സമീപിക്കുമ്പോൾ അവിടത്തെ പ്രകൃതിയെപ്പററി നാം അജ്ഞരായിരിക്കരുതു്, യാഹ്വേ മാത്രമാണു് ദൈവം. ജീവചൈതന്യം നിറഞ്ഞ അവിടന്നു് തന്നെയാണു്, അല്ലാതെ നാമല്ല, നമ്മെ സൃഷ്ടിച്ചതു്; അതുകൊണ്ടു് മനുഷ്യൻ പരിപൂർണ്ണമായി ദൈവത്തിലാശ്രിതനാണു്. ചരിത്രത്തിൽ ദൈവത്തിൻെറ കൃത്യത്തെ തുടർന്നനുസ്മരിച്ചുകൊണ്ടു് ദൈവം ഇസ്രായേലിനെ തെരഞ്ഞെടുക്കുന്നതു് ചിന്താവിഷയമാക്കുന്നു. 'നാം അവിടത്തേതാകുന്നു. അവിടത്തെ അജങ്ങളും ജനവുമാകുന്നു.' സൃഷ്ടിസ്ഥിതിയിൽ മനുഷ്യൻ എളിയവനാണു്, അശക്തനാണു്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജനമെന്ന നിലയിൽ ഇവിടെ അവൻ അഭിമാനം കൊള്ളുന്നു.

വാക്യം 4 ദൈവാലയത്തിൻെറ പടിവാതിൽകടത്തി മുററത്തേക്കു് ജനങ്ങളെ വിടുന്നതിനു് മുമ്പു് ചൊല്ലിയിരുന്നതായിരിക്കണം ഇ വാക്യം.

## 91-ാം സങ്കീർത്തനം

ദൈവത്തിൽ ആശ്രയിക്കുന്നതുകൊണ്ടു് ഒരുവനുണ്ടാകാവുന്ന ശക്തിയും ധൈര്യവും ഇതിൽവ്യക്തമായിക്കാണാം. രണ്ടാം ലോകമഹായുദ്ധത്തിൽ വിമാനാക്രമണം ഭയന്നു് പല ക്രിസ്ത്യൻ രാജ്യങ്ങളിലും ജനങ്ങൾ ഈ സങ്കീർത്തനം ചൊല്ലിദൈവത്തിൻെറ സഹായവും സംരക്ഷണവും തേടി

www.malankaralibrary.com

യിരുന്നത്രേ. യഹൂദ ആരാധനാ സമൂഹത്തിൽ മാത്രമല്ല, ക്രൈസ്തവസമൂഹത്തിലും ഈ സങ്കീർത്തനത്തിന് ഉപയോഗംകൊണ്ട് ശ്രദ്ധ സിദ്ധിച്ചിട്ടുണ്ട്.

ദൈവഭവനത്തിൽ ദൈവത്തെ ആരാധിച്ചു ചെലവാക്കുന്ന നാഴികകൾ വ്യർത്ഥമല്ല. അത് ജീവിതത്തിൽ കണ്ടുമുട്ടുന്ന പ്രതിസന്ധിഘട്ടങ്ങളെ തരണംചെയ്യാൻ മനുഷ്യന് ശേഷിയും ശേമുഷിയും പ്രദാനം ചെയ്യുന്നു. മനുഷ്യരക്ഷയെപ്പററി ദൈവം ചെയ്ത വാഗ്ദാനങ്ങളും അവയിലുള്ള ദൃഢമായ വിശ്വാസവും, ദൈവവിശ്വാസികൾക്കുണ്ടാകുന്ന അപാരമായ ദൈവസഹായവും ഒരു ചിത്രത്തിലെന്നപോലെ ജറുസലേം ദൈവാലയത്തിലെ യഹൂദവിശ്വാസികളെ കാണിക്കാൻ ഉപയോഗിച്ചിരുന്ന ഒരു സങ്കീർത്തനം ആയിരുന്നിരിക്കണം ഇത്. തർഗും (വേദപുസ്തകത്തിൻെറ വിവർത്തനവും വ്യാഖ്യാനവും ഉൾക്കൊള്ളുന്നതാണിത്. II B C.) തന്നെയും ഈ സങ്കീർത്തനം ആരാധനാ സമൂഹത്തിൽ ആലപിക്കുന്നതായി പറയുണ്ടുന്ന്.

സങ്കീർത്തകന് ദൈവത്തിലുള്ള ആശ്രയബോധം എത്രയധികമാണെന്ന് വ്യക്തമായി കാണിക്കാനുള്ള കഴിവ് ഈ സങ്കീർത്തനത്തിൽ ദൃശ്യമാണ്.

സങ്കീർത്തനത്തെ രണ്ടായി തിരിക്കാം.

1–13 വാക്യങ്ങൾ: ദൈവത്തിൽ സർവ്വതും അർപ്പിക്കുന്ന ആശ്രിതന് സംരക്ഷണം വാഗ്ദാനം ചെയ്യപ്പെടുന്നു.

14–16 ഈ വാഗ്ദാനത്തിന് ദൈവം ഉറപ്പുനൽകുന്നു.

ദൈവത്തിൻെറ ഭവനത്തിൽ വസിക്കുകയും ദൈവത്തിലാശ്രയിക്കുകയും ചെയ്യുന്ന മനുഷ്യന് സൗഭാഗ്യം

www.malankaralibrary.com

വാഗ്ദാനം ചെയ്തുകൊണ്ടാണ് ഈ സങ്കീർത്തനം ആരംഭി ക്കുക. അങ്ങനെയുള്ളവന് ദൈവത്തിന്റെ സംരക്ഷണം തീർച്ചയായും ലഭിക്കും. ''അത്യുന്നതന്റെ സംരക്ഷണ മുള്ളവൻ ........ഭാഗ്യവാനാകുന്നു. ........ അവിടുന്ന് നി ന്നെ രക്ഷിക്കും'' ഞാൻ ആശ്രയിക്കുന്ന ദൈവമാണ് എന്റെ ആലംബവും സങ്കേതവുമെന്ന് ആത്മാർത്ഥതയോ ടെ പറയാൻ കഴിയുന്നവൻ അത്യുന്നതന്റെ സംരക്ഷണ യിലും തണലിലും ജീവിക്കുന്നുവെന്ന് കരുതാവുന്നതാണ്.

''അത്യുന്നതന്റെ സംരക്ഷണയിലും തണലിലും വ സിക്കുക'' എന്ന പ്രയോഗം കൊണ്ട് മുഖ്യമായി സൂചി പ്പിക്കുന്നത് ദൈവാലയത്തിലുള്ള വാസത്തെയാണ്. അതിൽ അഭയം തേടിയതിലുള്ള സംതൃപ്തിയും സന്തോഷ വുമാണീ സങ്കീർത്തനത്തിൽ കാണിക്കുക. ദൈവത്തിന്റെ സംരക്ഷണമുള്ളതുകൊണ്ട് സുരക്ഷിതത്വബോധമുളവാകു ന്നു. അപരന്റെ ഭവനത്തിൽ വസിക്കുമ്പോഴും അപകട ങ്ങളിൽ നിന്ന് അതിഥിയെ രക്ഷിക്കേണ്ട കടമ വീട്ടുട സ്ഥനാണെന്നുള്ള ചിന്താഗതിയാണിവിടെ സങ്കീർത്തക നുള്ളത്.

'അത്യുന്നതനായ' സർവ്വശക്തനാണിവിടെ സംരക്ഷ ണം നൽകുന്നത്. എല്ലാ ദേവന്മാരേക്കാളുന്നതനായി ശ ക്തനായി സ്ഥിതിചെയ്യുന്ന ദൈവത്തിന്റെ സംരക്ഷണ ത്തിൽ വിശ്വാസമുള്ളതുകൊണ്ട് ആ ദൈവത്തിൽ പരി പൂർണ്ണമായി ആശ്രയിക്കാൻ സങ്കീർത്തകന് പ്രേരണ സി ദ്ധിക്കുന്നു. തള്ളപ്പക്ഷി ചിറകുകൾക്കു കീഴിൽ കുഞ്ഞുങ്ങ ളെ സംരക്ഷിക്കുന്നതുപോലെ (Duet 32:11, ML 23:37) ദൈവം തന്റെ ആശ്രിതരെ സംരക്ഷിക്കും. രാത്രിയിലും പകലുമുണ്ടാകുന്ന ശത്രുഭീഷണികളിൽ നിന്ന് അവർക്ക് ദൈവസംരക്ഷണം മോചനം നൽകുന്നു. 'അ[illegible]

www.malankaralibrary.com

ക്കിനും' പതിനായിരക്കണക്കിനും' ആളുകൾ ശത്രുക്കളാൽ സംഹരിക്കപ്പെട്ടു' 'നിന്റെ പാർശ്വങ്ങളിൽ വീഴുമ്പോഴും നിനക്കു ദൈവത്തിലാശ്രയമുള്ളതുകൊണ്ടു' സമചിത്തത പാലിക്കാൻ സാധിക്കും. 'രാത്രിയുടെ ഭീകരതയും' 'അസ്ത്രങ്ങളും' 'കൊടുങ്കാറ്റു'മൊക്കെ പുരാതന ജനങ്ങളുടെ ചിന്താരീതിയുടെബഹിർസ്ഫുരണമാണു്. "അപ്പോളോ" എന്ന ദേവൻ അസ്ത്രമയച്ചു് രോഗമുളവാക്കുന്നുവെന്നു് ഗ്രീക്കുകാർ വിശ്വസിച്ചിരുന്നു. പഴയ നിയമത്തിൽ ദൈവം തന്റെ "ആവനാഴിയിലെ അമ്പുകൾ എന്റെ ഹൃദയത്തിലേക്കു് അയച്ചു" (വിലാപങ്ങൾ 3113) പുനഃ "നിന്റെ അമ്പുകൾ എന്നിലേക്കു ഇറങ്ങി" (സങ്കീർത്തനം 38:2) "അത്യുന്നതന്റെ അസ്ത്രങ്ങൾ എന്നിൽ തറച്ചു" (ജോസു 6:4) എന്നും നാം കാണുന്നുണ്ടല്ലോ.

ബാബിലോണിയക്കു്, 'നേർഗൻ' ദേവൻ രാത്രി ചുററിനടന്നു് അടച്ച കതകുകൾ ഭേദിച്ചു് ഉള്ളിൽ കടന്നു് വ്യാധി പരത്തുന്നതായി ഒരന്ധവിശ്വാസമുണ്ടായിരുന്നു ഈ ചിന്താഗതി അജ്ഞാതമല്ലായിരുന്നു, പഴയ നിയമ ലോകത്തിനു്. അസ്സീറിയാക്കാരുടെ സൈന്യത്തിൽ വ്യാധി പരത്താനായി ദൈവം ഒരു മാലാഖയെ രാത്രിയിൽ അയയ്ക്കുന്നതായി നാം വായിക്കുന്നുണ്ടല്ലോ. (ഏശയ്യ 37, 36, II സാമുവേൽ 24, 16) ദൈവം തന്നെ വെസഹാ രാത്രിയിൽ ഈജിപ്റ്റുകാരുടെ കടിഞ്ഞൂൽ പുത്രന്മാരെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നതായ വിവരണവും അവിടെയുണ്ടു്. (പുറപ്പാടു് 11, 4; 12, 23) പകൽ രാവും മദ്ധ്യാഹ്നവും 'അശുദ്ധാത്മപിയുടെ നാഴിക'യെന്നു് ചിലർ വിശ്വസിച്ചിരുന്നു. സദാ ഭൂവാസികൾക്കു് ഭയത്തിനും പീഡനത്തിനും കാരണമുണ്ടെന്നു് സാരം. എത്രയധികമായി അപകടമുണ്ടോ, ഭയമുണ്ടോ അത്രയധികമ

www.malankaralibrary.com

യി ദൈവത്തിൽ ശരണപ്പെടണം. ഏതെല്ലാം ശത്രുക്കൾ മനുഷ്യനുണ്ടായിരുന്നാൽതന്നെ അവരൊക്കൊക്കാളധികം ശക്തനാണ ദൈവം എന്നതാണ്‌ ഇതിലെ അടിസ്ഥാന തത്വം.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ
അവിടുന്ന്‌ മാലാഖമാരോട്‌ കല്പിക്കും
നാൻെറ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

കാവൽമാലാഖയിലുള്ള വിശ്വാസം ബാബിലോണിയാക്കാർക്കുള്ളതാണ്‌. അത്‌ പഴയ നിയമത്തിലും അംഗീകരിച്ചിട്ടുണ്ട്‌ (ഉൽപത്തി 24:7; ദാനിയേൽ 3:28) പുതിയനിയമത്തിൽ കത്താവിനെ പരീക്ഷിക്കുവാൻവന്ന പിശാച്‌ ഈ സങ്കീർത്തന ഭാഗം ഉദ്ധരിക്കുന്നുണ്ട്‌. ഉണ്ട കല്ലുകളും ചരലുകളും നിറഞ്ഞ പാലസ്തീനായിൽ 'കല്ലിന്മേൽ തട്ടാതെ' നടക്കുക അത്ര എളുപ്പമല്ല. മാതൃസഹജമായ കരുതലോടെ ഒരു പൈതലിനെ എന്നപോലെ വിശ്വാസിയെ സഹായിക്കുന്നതിന്‌ ദൈവം മാലാഖമാരെ നിയമിക്കുമെന്നാണ്‌ ഇവിടെ സൂചിതം.

"സിംഹത്തെയും പെരുമ്പാമ്പിനെയും നീ ചവിട്ടി മെതിക്കും". പൗരസ്ത്യ ദേശങ്ങളിൽ സുപരിചിതമായ ഒരാശയമാണിത്‌ ദ്യോതിപ്പിക്കുക. ഒരു ദേവൻ ഒരു വ്യാളത്തെ വധിക്കുന്നതും അതിൻെറമേലുള്ള വിജയത്തിൻെറ അടയാളമായി അതിൻെറ പിടലിയിന്മേൽ ചവിട്ടി നില്ക്കുന്നതും അവക്കറിവുള്ള കഥയാണ്‌. യഹൂദചിന്തയിൽ, മനുഷ്യശക്തിക്ക്‌ സാദ്ധ്യമല്ലാത്തത്‌ ദൈവശക്തിയോടെ സാധിക്കാമെന്ന്‌ പഠിപ്പിക്കുന്നതാണീ സങ്കീർത്തന വാക്യങ്ങൾ.

www.malankaralibrary.com

"കർത്താവിന്റെ നാമം അറിയുക" എന്നതുകൊണ്ടു് ദൈവത്തിന്റെ വെളിപാടുകൾ ഗ്രഹിച്ച് അതിനു് സാക്ഷ്യംനല്കിക്കൊണ്ടു് ജീവിക്കുക എന്നു് മനസ്സിലാക്കണം.

## 104-ാം സങ്കീർത്തനം (1—14)

സ്രഷ്ടാവായ ദൈവത്തെ സ്തുതിക്കുന്നതിനുള്ള ഒരാഹ്വാനത്തോടെ സങ്കീർത്തനം ആരംഭിക്കുന്നു: "എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക." സൃഷ്ടിച്ച ശേഷം ലോകത്തെ ദൈവം തുടർന്നു് പരിപാലിക്കുന്ന വിധം എണ്ണിയെണ്ണിപ്പറയുന്നു: 'നീർച്ചാലുകളെ മലയിടുക്കിലൂടെ ഒഴുക്കുന്ന ദൈവം കാട്ടുകഴുതകളുടെ ദാഹം തീർക്കുന്നു. ആകാശത്തിലെ പറവകൾ കൂടുകെട്ടി സന്തുഷ്ടരായി പാട്ടുപാടുന്നതും ദൈവത്തിന്റെ പരിപാലനയിലാണു്. മൃഗങ്ങൾക്കുവേണ്ടി പുല്ലു മുളപ്പിക്കുന്ന ദൈവം മനുഷ്യനു് ആഹാരത്തിനായി സസ്യങ്ങൾ കിളിർപ്പിക്കുന്നു. അങ്ങനെ ഉത്പത്തിപ്പുസ്തകത്തിലെ, സൃഷ്ടിയുടെ വിവരണത്തിന്റെ പദ്യരീതിയിലുള്ള ഒരു തുടർച്ചയാണീ സങ്കീർത്തനമെന്നു പറയാം. ദൈവത്തിന്റെ പ്രവൃത്തികളുടെ വിവരണം തന്നെ ഒരാരാധനപ്രകരണമാണു്.

ഇക്നാട്ടൻ എന്ന ഈജിപ്ഷ്യൻ രാജാവു് (1375-1358B C)സൂര്യനായി രചിച്ച ഒരു സ്തുതിഗീതത്തിനു് ഈ സങ്കീർത്തനത്തിന്റെപ്രകൃതിയുണ്ടെന്നു് ചിലർപറയുന്നു; അതുപോലെ ചില ഗ്രീക്ക— ബാബിലോണിയൻ കീർത്തനങ്ങളുടെയും. പക്ഷേ ദൈവശാസ്ത്രത്തിൽ ഇവ രണ്ടും വ്യത്യാസപ്പെട്ടിരുന്നു. ഈജിപ്റ്റുകാർ സൂര്യനെ ദൈവമായി ആരാധിക്കുന്നു. ഇവിടെയാകട്ടെ സൂര്യന്റെയും മററുസൃഷ്ടികളുടെയും കർത്താവിനെ. പ്രകൃതിയെ കണ്ടശേഷം സ്രഷ്ടാവിങ്കലേക്കുയരാൻ മനുഷ്യനെ ശക്തനാക്കുന്നതാണീ സങ്കീർത്തനം.

www.malankaralibrary.com

നിദ്രക്കുശേഷം പ്രഭാതത്തിൽ ആരാധകൻ വീണ്ടും സ്രഷ്ടവസ്തുക്കളെ കാണുന്നു. ഇതാ? അയാളുടെ ഹൃദയം സ്വർഗ്ഗത്തിലേക്കുയരുന്നു. അതിനുതകുന്നതാണീ സങ്കീർത്തനം.

## 93-ാം സങ്കീർത്തനം (Dominus Regnat)

യാഹ്‌വേയുടെ രാജത്വത്തെ പ്രകീർത്തിക്കുന്നതാണീ സങ്കീർത്തനം. ദൈവം രാജാവാകുന്നു, അവിടുന്നു ഭരിക്കുന്നുവെന്നു സങ്കീർത്തകൻ ആരംഭത്തിൽ ഉദ്ഘോഷിക്കുന്നുണ്ടു്. പുതിയ രാജാവിനെ സ്വീകരിക്കുന്നതിനു ജനങ്ങൾ ഇപ്രകാരം പ്രഘോഷിക്കുക പുരാതന കാലങ്ങളിൽസാധാരണയായിരുന്നു: ''അബ്‌സലോം'' ഹെബ്രോനിൽ രാജാവാകുന്നു (II King 9:13) ഉടമ്പടിയുടെ തിരുനാൾ(covenant festival) ആഘോഷിക്കുമ്പോൾ യാഹ്‌വേയെ രാജാവായി അംഗീകരിച്ചു പറയുന്നതിനുപയോഗിച്ചതായിരുന്നു ഈ സങ്കീർത്തനം. വർഷാരംഭത്തിൽ ഏഴുദിവസം നീണ്ടുനിന്ന ഈ തിരുനാൾ ഓരോ തരത്തിൽ പുരാതന മതങ്ങളിൽ ദൃശ്യമാണു്. ബാബിലോണിയാക്കാർ വർഷാരംഭത്തിൽ മർദ്ദൂക്കു് ദേവന്റെ സിംഹാസനാരോഹണം ആഘോഷിച്ചിരുന്നു. ഈ ദേവൻ, അവരുടെ ചിന്തയിൽ, ലോകാരംഭത്തിലുണ്ടായിരുന്ന അവ്യവസ്ഥാപിത ഘട്ട (chaos)ത്തിന്മേൽ വിജയംവരിച്ചു് സൃഷ്ടികർമ്മം നടത്തിയതിന്റെ ഓർമ്മയാണു് അവർ ആഘോഷിച്ചിരുന്നതു്. Ugarit രേഖകൾ (1400–1200 B. C; സിറിയായിൽ കണ്ടെടുത്തതു്) കനാനാൻകാരുടെയും ഇസ്രായേൽക്കാരുടെയുമിടക്കു് ശത്തരത്തിലുള്ള തിരുനാളുകൾ ആഘോഷിച്ചിരുന്നതായി സാക്ഷ്യം വഹിക്കുന്നു.

കർത്താവു് പ്രകാശവും ശക്തിയും ധരിച്ചിരിക്കുന്നതായി സങ്കീർത്തനത്തിൽ പറയുന്നു. രാജകീയ വസ്ത്രങ്ങളെപ്പറ്റിപ്പറയുന്നതു്, ബഹുമാനവും ഭയഭക്തിയും മൂലം

www.malankaralibrary.com

ദൈവത്തിൻെറ വ്യക്തിത്വത്തെപ്പററി പറയാതിരിക്കാനാണ്. ദൈവത്തെപ്പററിപ്പറയുന്നതിനു പകരം അവിടത്തെ നാമത്തേയും, സിംഹാസനത്തെയും, തൃപ്പാദത്തെയും വസ്ത്രത്തെയുമൊക്കെപ്പററിപ്പറയുക പഴയ നിയമത്തിൽ സാധാരണമാണ്.

ലോകസൃഷ്ടിയുമായി ബന്ധപ്പെട്ടാണ് ദൈവത്തിൻെറ രാജത്വം സങ്കീർത്തകൻ ദർശിക്കുന്നത്: "ഇളകാത്ത വിധം ഭൂമിയെ സൃഷ്ടിച്ച് ഉറപ്പിച്ചുനിറുത്തി''. ലോകത്തിൻെറ മേൽ അവിടുത്തേയ്ക്കു മേധാവിത്വമുണ്ട്. സൃഷ്ടിക്കുമുമ്പു തന്നെ അങ്ങ് ഉണ്ട്—അനാദിയാണങ്ങ്.

ഇരമ്പിക്കയറുന്ന ഓളങ്ങളേയും തിരമാലകളെയും, ആരവത്തോടെ പായുന്ന മലവെള്ളത്തെയുംകാൾ കർത്താവ് ശക്തനാണ്. ഇവിടെ ബാബിലോണിയൻ കല്പിത കഥയുടെ ഒരു ഭാഗം ഒളിഞ്ഞു കിടപ്പുണ്ട്: മർദ്ദുക്ക് ദേവൻ സൃഷ്ടിക്ക് മുമ്പ് ''തിയമാത'' എന്ന ജലപ്രളയത്തെ ജയിച്ച ശേഷമാണ് സൃഷ്ടികർമ്മം നടത്തിയത്. അങ്ങനെ പ്രകൃതിയുടെമേൽ ദൈവം മേധാവിത്വമുള്ളവനാണെന്നു കാണുന്നു. തുടർന്ന് ഇസ്രായേലിൻെറ ചരിത്രത്തിലേക്കു കടക്കുന്നു. ദൈവം അവർക്കു നൽകിയ നിയമങ്ങൾ അനുസ്മരിക്കുന്നു. ദൈവത്തിൻെറ വിശ്വാസ്യത—വാഗ്ദാനങ്ങളിലൂടെയും പ്രവൃത്തിയിലൂടെയും—തെളിയിക്കപ്പെട്ടതാണ്.

''വിശുദ്ധി അങ്ങേ ഭവനത്തിനു ചേർന്നതാകുന്നു.'' രക്ഷാകരതലത്തിലെ വിശുദ്ധീകരണ പദ്ധതി നടക്കുന്നിടമാണ് ആരാധനാ സമൂഹം—ദൈവാലയം. തിരുനാൾ ആഘോഷിക്കുമ്പോൾ പഴയ കാലത്തു ദൈവം ചെയ്ത പരിത്രാണ കൃത്യം ജനങ്ങൾക്കു സന്നിഹിതമാകുന്നു. അക്കാരണത്താൽ ദൈവ സാന്നിധ്യമുള്ള ദൈവാലയത്തിനു വിശുദ്ധി ചേർന്നതുതന്നെ.

www.malankaralibrary.com

## 148-ാം സങ്കീർത്തനം

സൃഷ്ടിചരിത്രം ഒരു കീർത്തനമായി മാററിയിരിക്കുകയാണിതിൽ. ആകാശവും ഭൂമിയും സ്രഷ്ടാവിനെ ഏററുപറയുവാനായി ക്ഷണിക്കപ്പെടുന്നു, സൃഷ്ടവസ്തുക്കളും ദൈവജനവും തങ്ങളുടെ അസ്തിത്വത്തിന്റെ ലക്ഷ്യം പ്രാപിക്കുന്നതു് ദൈവത്തെ മഹത്വപ്പെടുത്തുന്നതിലാണു്. ദൈവസേവനം രണ്ടു കൂട്ടർക്കും പൊതുവായുള്ളതാണു്. മഹത്വീകരണത്തിനുള്ളക്ഷണം നൽകുന്നതു് ആദ്യം സ്വർഗ്ഗവാസികൾക്കും (1–6) പിന്നീടു് ഭൂമിയിലെ ചരാചരങ്ങൾക്കും (7–10) മനുഷ്യർക്കുപൊതുവായും (11–13), അവസാനം ആരാധനാ സമൂഹത്തിനും (13–14) ആണു്. സങ്കീർത്തനത്തിന്റെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നതു കണ്ടാൽ രക്ഷാകർമ്മത്തിൽ ദൈവം തന്റെജനത്തെ സമീപിക്കുന്ന ഒരു യാത്രയാണെന്നുതോന്നും.

## 149-ാം സങ്കീർത്തനം.

ദൈവത്തിന്റെ രാജത്വത്തെയും സൃഷ്ടികർമ്മത്തെയും അംഗീകരിച്ചേററു പറയുന്നതാണീ സങ്കീർത്തനം. ദൈവം സീയോന്റെ രാജാവാണെന്ന ആശയത്തിൽ അടിസ്ഥാനമാക്കി രചിച്ച ഒരു വിജയ കീർത്തനമാണിതെന്നു പറയാം.

## 150-ാം സങ്കീർത്തനം

ദൈവാലയത്തിലെ ആരാധനാ സമൂഹത്തിന്റെ സ്തോത്രഗീതത്തോടുചേർന്നു് പ്രപഞ്ചവും ദൈവത്തെസ്തുതിക്കുന്നു. ആകാശവും ഭൂമിയും ഇതിൽഒന്നിക്കുന്നു. ദൈവത്തിന്റെ അത്ഭുതകൃത്യങ്ങൾ വെളിപ്പെടുത്തപ്പെട്ടദൈവജനവും ഇതിനോടുചേരുന്നു. ലോകസൃഷ്ടി ഇത്തരത്തിലുള്ള സാർവ്വത്രികസ്തുതിയിലൂടെ ലക്ഷ്യം പ്രാപിക്കുന്നു.

www.malankaralibrary.com

## 51–ാം സങ്കീർത്തനം.

സങ്കീർത്തനങ്ങളിൽ നിരവധി ഹൃദയസ്പർശികളായ രോദനങ്ങളുണ്ട്. കരളുരുകിക്കരയുന്ന സങ്കീർത്തകൻെറ നിലവിളികൾ! അവയിലേററം പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. Miserere എന്ന 51-ാം സങ്കീർത്തനം–ഒരുപക്ഷേ എററവും അധികം ആലപിക്കപ്പെടുന്നതും വിവിധ റീത്തുകളിൽ അതു് എത്ര അധികം ഉപയോഗിക്കുന്നുവെന്നു് നാം മുകളിൽ കാണുകയുണ്ടായി. കത്തീഡ്രലുകളിൽ കാനോനാജപം ആലപിക്കുന്ന 'കാനന്മാർ' ഈ കീർത്തനം പലവുരു സ്വർഗ്ഗത്തിലേക്കുയർത്തുന്നുണ്ട്. രാജാക്കന്മാരും മാർപ്പാപ്പാമാരും കടുത്തപാപികളും നിർമ്മലരായ കന്യകകളും ഈ സങ്കീർത്തനം ആലപിക്കുന്നു. കുരിശുയുദ്ധത്തിൽ പങ്കെടുക്കുന്നവർ ഈ സങ്കീർത്തനം 'മാർച്ചിങ്ങ് ഗാനമായി ആലപിച്ചിരുന്നത്രെ. വേദപുസ്തകത്തിൽ ദൈവം നമുക്കു് നൽകിയിട്ടുള്ള അനുതാപജന്യമായ ഒരു കീർത്തനമാകയാൽ അതു് ഏവർക്കും ഫലപ്രദമാംവിധം ആലപിക്കാം. ഒരു ക്രിസ്ത്യാനിയും ഇതേപ്പററി അജ്ഞനായിരിക്കുക ക്ഷന്തവ്യമല്ല.

ബാത്ത്ക്ഷീബായുമായി പാപംചെയ്ത ദാവീതു്, ന്ധാഥാൻ പ്രവാചകനെ കണ്ടപ്പോൾ ഏററുപറഞ്ഞ അനുതാപകീർത്തനമെന്നു് ചില കൈയ്യെഴുത്തു പ്രതികളിൽ ഈ സങ്കീർത്തനത്തിനൊരു ശീർഷകം നൽകുന്നുണ്ടു്. ഈ ശീർഷകം പിൽക്കാലത്തു ചേർക്കപ്പെട്ടതാണെന്നു് പറയുന്നവരുണ്ടു്. ഏതായാലും ദാവീദിൻെറയോ ദൈവനിവേശനത്താൽ പ്രേരിതനായ മറേറതോ സങ്കീർത്തകൻെറയോ രചനയാണെങ്കിൽത്തന്നെയും ഈ സങ്കീർത്തനം ഏതുസമൂഹത്തിനും വ്യക്തിക്കും ഭക്തിദായകവും ഫലപ്രദവുമായി ചെല്ലാവുന്നതാണു്. ദാവീദിൻേറതായി കണ

www.malankaralibrary.com

ക്കാക്കി ആലപിച്ചാൽ, അതിന്റെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ (2Sam. 12) ഈ സങ്കീർത്തനം കൂടുതൽ മനസ്സിലാക്കുവാൻ കഴിയും.

ഏതു മനുഷ്യനും തന്റെ ഓരോ കൃത്യത്തിനു വ്യക്തിപരമായി ഉത്തരവാദിത്വമുണ്ടെന്നും പാപത്തിന് നിർവ്യാജമായ മനസ്താപത്തോടെ ആത്മാർത്ഥമായി പരിഹാരം ചെയ്യണമെന്നും, പാപപ്പൊറുതിക്കായി ദൈവത്തോടു കേണപേക്ഷിക്കണമെന്നും നമ്മെപ്പഠിപ്പിക്കുന്നൊരനുതാപ സങ്കീർത്തനമാണിതു്.

അനുതാപ സങ്കീർത്തനങ്ങളിൽ: — 6, 32, 38, 51 102, 129, 152. ഏറ്റവും പ്രധാനപ്പെട്ടതു് 51-ാമത്തേതാണു്. പ്രായശ്ചിത്തത്തിന്റെയും അനുതാപത്തിന്റെയും യഥാർത്ഥ സ്വഭാവം അതു ദൃശ്യമാക്കുന്നു. പാപത്തിന്റെ നീചത്വവും, പാപപ്പൊറുതിക്കും ദൈവസംപ്രീതിക്കുമുള്ള മാർഗ്ഗങ്ങളും അതിൽ വ്യക്തമായി പ്രതിപാദിക്കുന്നു പാപഭാരം ദൂരെത്തെറിഞ്ഞിട്ടു് ദൈവത്തിലേക്ക് ഓടിയടുക്കുവാൻ ബദ്ധപ്പെടുന്ന മനുഷ്യാത്മാവിനെ അവിടെ നമുക്കു ദർശിക്കാവുന്നതാണു്. ശാരീരികമോ ഭൗതികമോ ആയ പീഡനങ്ങളെക്കാളധികമായി ആത്മീയമായ ദുഃഖമാണിവിടെ പ്രതിപാദ്യം. അതുകൊണ്ടു് ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൽ വരുന്ന ചില അനുഭവങ്ങളാണ് ഈ സങ്കീർത്തനം ഉൾക്കൊള്ളുന്നതു്. ആത്മീയമായ ഒരു ബദ്ധപ്പാടിൽ സങ്കീർത്തകൻ കൃപ കെഞ്ചുന്നതാണിതെന്നു് ചുരുക്കാം.

51—ാമത്തെ സങ്കീർത്തനത്തെ അഞ്ചായി വിഭജിക്കാം.

1. പാപവിമോചനത്തിനായുള്ള പൊതുയാചന
(1–3 വാക്യങ്ങൾ)

www.malankaralibrary.com

2. പാപത്തിന്റെ പ്രകൃതി ഗ്രഹിച്ച് പാപങ്ങൾ ഏററു പറയുന്നു. (4–6).
3. പാപം കഴുകിക്കളയാനുള്ള യാചന (7–9)
4. ആന്തരിക മനുഷ്യന്റെ നവീകരണത്തിനുള്ള അഭ്യർത്ഥന (10-13)
5. ദൈവസ്തുതികൊണ്ട് അവസാനിക്കുന്നു. (14–19)

1–3 വാക്യങ്ങൾ: പാപഭാരത്താൽ കഷ്ടപ്പെടുന്ന ആരാധകൻ കരുണയ്ക്കായി സ്വർഗ്ഗത്തിലേക്ക് കൈകൾ നീട്ടുന്നു. ദൈവത്തിന്റെ ദയവിൽ വിശ്വാസമില്ലാതിരുന്നെങ്കിൽ അയാൾ നിരാശപ്പെടത്തക്കവിധം പാപം അയാളെ പിഢിപ്പിക്കുന്നുണ്ട്. മുമ്പ് തനിക്കുണ്ടായിരുന്ന വിശുദ്ധിയെപ്പററിയുള്ള ചിന്ത അയാളെ വേദനിപ്പിക്കുന്നുമുണ്ട്. ഇതെല്ലാം, "ദൈവമേ എന്നോട് കൃപ തോന്നണമെ.... ......മായിച്ചു കളയണമെ" എന്ന വാക്യങ്ങളിൽ പ്രകാശിതമാണ്.

അനുതാപമുണ്ടാകാനുള്ള ആദ്യവ്യവസ്ഥ അവനവന്റെ പാപത്തെപ്പററിയുള്ള അവബോധമാണല്ലോ.

"എന്റെ പാപങ്ങൾ ഞാനറിയുന്നു
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു"

ആത്മാർത്ഥതയോടുകൂടിയ ഒരു ആത്മശോധനയാണിത്. നിരാശയ്ക്കല്ല, ഉത്തരവാദിത്വ ബോധത്തിനാണിതു വഴി തെളിക്കുക.

4 – 6

ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം മനസ്സിലാക്കിയാലേ പാപത്തിന്റെ ഗൗരവം ഗ്രഹിക്കുവാൻ സാധിക്കു, മനുഷ്യനെ രക്ഷിക്കുവാനുള്ള കഴിവ് ദൈവത്തിനുമാത്രമാണുള്ളു. അതുകൊണ്ട് ആരാധകൻ ഏററുപറയുന്നു. "അ

www.malankaralibrary.com

ങ്ങേക്കെതിരായി, അങ്ങേക്കുമാത്രം എതിരായി, ഞാൻ പാപം ചെയ്തുപോയി." ഏതു തിന്മയും ദൈവത്തിനെതിരായിട്ടുള്ള അപരാധമാണെന്ന് സങ്കീർത്തകൻ ഏററുപറയുന്നു. പാപം സമ്മതിച്ചേററു പറയുന്നതോടെ ദൈവത്തെപ്പററി—ദൈവത്തിൻെറ കാരുണ്യത്തെപ്പററി—പുതിയ ജ്ഞാനം സങ്കീർത്തകന് ലഭിക്കുകയാണെന്ന് പറയാം.

മനുഷ്യപ്രകൃതിയെപ്പററി ആരാധകൻ കൂടുതൽ അവബോധമുള്ളവനാകുന്നു: 'ഞാൻ പാപത്തോടുകൂടി ജനിച്ചു്' പാപത്തിനുള്ള ഒഴിവുകഴിവു കണ്ടുപിടിക്കുകയല്ല ഇവിടെ. ദൈവനിശ്ചയത്തിനെതിരായി സൃഷ്ടികർമ്മത്തിനു ശേഷം ഭവിച്ച കുഴപ്പങ്ങളെല്ലാം അനുസ്മരിക്കയാണ്. പാപാത്മകമായ ഒരു ലോകത്തിലേക്കു പിറന്നുവീഴുന്ന ശിശു, പരീക്ഷകൾ നിറഞ്ഞ ലോകത്തിൽ ജീവിച്ചു് വളർച്ച പ്രാപിക്കുന്നു. ദൈവേഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കാനുള്ള പ്രവണതയും അവനിലുണ്ട്. സ്വന്ത പാപങ്ങളെ മാത്രമല്ല ആരാധകൻ ഇവിടെ ദർശിക്കുന്നതു്. സഹചരാനുവർത്തിയായ മാനവകുലത്തിൻെറ പാപം മുഴുവനേയും അയാൾ വീക്ഷിക്കുന്നു. മനുഷ്യപ്രകൃതിയും പാപവും തമ്മിലുള്ള ബന്ധമെന്തെന്ന് അയാൾ ദർശിക്കുന്നുണ്ട്; അതോടൊപ്പം. ആദ്ധ്യാത്മിക കാര്യങ്ങൾ അറിയാനുള്ള വിജ്ഞാനലബ്ധിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു: 'അങ്ങേ ജ്ഞാനത്തിൻെറ രഹസ്യങ്ങൾ എന്നെ പഠിപ്പിക്കണമേ.'

ദൈവികജ്ഞാനത്തിൽ ശരണപ്പെട്ടുകൊണ്ടു്
7—9 പാപമോചനത്തിനായി വീണ്ടും യാചിക്കുന്നു. അതു സാധിക്കേണ്ടതു് ഒരു പവിത്രീകരണപദ്ധതികൊണ്ടാണ്, "ഈസോപ്പാകൊണ്ടു് എന്നെ തളിക്കണമേ......" പഴയ നിയമത്തിൽ കുഷ്ഠരോഗിയെ ശുദ്ധീകരിച്ചു് രോഗം മാറിയെന്ന്— ശുദ്ധിയുള്ളവനായെ

www.malankaralibrary.com

ന്ന്—പുരോഹിതൻപ്രഖ്യാപിച്ചിരുന്നു: അതിന് പക്ഷി യുടെ രക്തത്തിൽ സോപ്പാ മുക്കി അയാളെ തളിച്ചിരുന്നു. (Lev. 14, 4 ) Hezob Hyssop–സോപ്പാ–എന്ന ചെടിയുടെ ഇലകറം കൂട്ടിപ്പിടിച്ച്, രക്തത്തിലോ വെള്ളത്തിലോ മറേറാ മുക്കി തളിക്കുക വിശുദ്ധീകരണ കർമ്മവിധിയിൽ സാധാരണമായിരുന്നു. Num 19: 18; Is. 1:18). ആ ശുദ്ധീകരണ പദ്ധതി ഇവിടെ അനുസ്മരിക്കപ്പെടുന്നുണ്ട്.

10-13 നൈർമ്മല്യം പ്രാപിച്ച് ദൈവപ്രീതിക്കർഹനാകാൻ വെമ്പൽ കൊള്ളുകയാണ്, സങ്കീർത്തകൻ. പാപം മായിക്കപ്പെട്ടാൽതന്നെപോരാ, ശരിയായ അനുതാപജീവിതവും ആവശ്യമാണ്. അതിനുള്ള സന്നദ്ധത സൂചിപ്പിച്ചുകൊണ്ട് യാചന തുടരുന്നു. "നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ; എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ'' സ്വന്തം ശക്തിയുടെ പരിമിതികളെ ഏററുപറയുന്ന ഒരു യാചനയാണിത്. പാപപങ്കിലമായ സാഹചര്യങ്ങളിലാണ് തന്റെ നിലയെന്ന അവബോധം സങ്കീർത്തകനുണ്ട്, അതുകൊണ്ട് "എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ" എന്ന് തുടർന്ന് അഭ്യർത്ഥിക്കുന്നു. ഭാവിയിൽ തീർച്ചയായും സംഭവിക്കാനിരിക്കുന്നതായി പ്രവാചകൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്, ജനത്തിന്റെ ഹൃദയനവീകരണം. അതു നടത്തേണ്ടതു് ദൈവമാണ്. (Lev. 31-31 Ez 11:17) ആ പരിവർത്തനം ഭക്തനിൽ വ്യക്തിപരമായി സംഭവിക്കാനു— അതനുഭവിച്ചറിയാനുള്ള—ഉഗ്രമായ അഭിവാഞ്ഛ ഇവിടെ വ്യക്തമാണ്. നിർമ്മലമായൊരു ഹൃദയം.......'

ഈ ഹൃദയനിർമ്മലതയും ജീവിത നവീകരണവും തുടർന്നു കൊണ്ടുപോകുന്നതിന് ദൈവത്തിന്റെ സഹായ

www.malankaralibrary.com

വും സാന്നിദ്ധ്യവും ആവശ്യമുണ്ട്. തിരുസന്നിധിയിൽ നിന്നും തള്ളിക്കളയരുതേ. അങ്ങേ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുത്തു കളയരുതേ''.

സങ്കീർത്തകൻ ഇനി ജീവിക്കുന്നതുതന്നെ ദൈവത്തെ സ്തുതിക്കാൻ സാധിക്കുന്നതുതന്നെ ദൈവദാനമായിക്കരുതിക്കൊണ്ട് അയാൾ യാചിക്കുന്നു. കർത്താവേ, എന്റെ അധരങ്ങൾ തുറക്കണമേ. അവ അങ്ങേ സ്തുതികൾ ഉരുവിടട്ടെ''

16–17 'ഉടമ്പടി'യുടെ മനമാണല്ലോ പഴയ നിയമം. ദൈവവും മനുഷ്യനുമായി അവിടെയുള്ള ബന്ധം വളരെ ആദ്ധ്യാത്മികമാണ്. അത് വ്യക്തമായി കാണിക്കാൻ സങ്കീർത്തകൻ പറയുന്നു. 'ബലി അങ്ങുന്ന് ആഗ്രഹിക്കുന്നില്ല; ഹോമബലികൾ അങ്ങുന്ന് സ്വീകരിക്കയുമില്ല.' ദൈവത്തോടുള്ള തന്റെ പ്രത്യേക ആശ്രയത്വം മനസ്സിലാക്കിയ ശേഷം, തന്റെ ആത്മികമായ കാര്യങ്ങളെല്ലാം ദൈവം കാണുന്നുവെന്നറിഞ്ഞശേഷം ആന്തരികവും അരൂപിക്കടുത്തതുമായ ഒരു ബന്ധമാണ് ആരാധകൻ കൂടുതലായി കാണുക. 'ദൈവം അരൂപിയാണ്. അങ്ങയെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലും ആരാധിക്കണം'–(Jo 4, 23)ക്കേതി കൂടുതൽ അഗാധമാകണമെന്നാണിതിന്റെ സാരം. ബലിവസ്തുക്കളോ ബാഹ്യമായ കാഴ്ചയോ അല്ല, ദൈവം മനുഷ്യനെ മുഴുവനുമാണാവശ്യപ്പെടുന്നത്.

'തകർന്ന ഒരു ഹൃദയത്തെ ദൈവം നിരസിക്കുകയില്ല'. പാപവിമോചനത്തിനു ശേഷം കൃതജ്ഞത പ്രകാശിപ്പിക്കുമ്പോഴുള്ള മന:സ്ഥിതിയാണിത്. ഇത് ശാശ്വതമായിരിക്കണം, പ്രായശ്ചിത്തവും പശ്ചാത്താപവും ജീവിതമനോഭാവത്തിന്റെ ഒരംശമായി അലിഞ്ഞുചേരണമെന്നു സാരം.

www.malankaralibrary.com

18–19 യഹൂദജനത്തിൻെറ വിപ്രവാസകാലത്തു് എഴുതിയതായിരിക്കണം, ഈ സങ്കീത്തനം. അന്നു സമൂഹമായിച്ചേർന്നു നടത്തുന്ന ബലികഠം അപ്രയോഗികമായിരുന്നു. എന്നാൽ ദൈവത്തിൻെറ കാരുണ്യത്തിൽ ശരണപ്പെടുന്ന സങ്കീത്തകൻ പ്രതീക്ഷിക്കുകയാണു്. ജറുസലേമിൻെറ കോട്ടകളും ദൈവാലയവും പുതുക്കിപ്പണിയപ്പെടുമെന്നും. അന്നു് തിരഞ്ഞെടുക്കപ്പെട്ട ജനം ബലിയർപ്പിക്കും; അതു് ദൈവം സ്വീകരിക്കുകയും ചെയ്യും. ഈ രണ്ടു വാക്യങ്ങഠം അനുബന്ധമായിച്ചേത്തതാണെന്നു് വാദിക്കുന്നവരുണ്ടു്. അനുതാപസൂചകമല്ലെന്ന കാരണത്താൽ ഈ വാക്യങ്ങഠം കൽദായക്കാർ സപ്രായിൽ ചൊല്ലുന്നില്ല.

www.malankaralibrary.com

## പതിനഞ്ച്

### രാത്രിജപവും ജാഗരണജപവും

### (Monastic Nocrurn and Cathedieal Vigil)

ഞായറാഴ്ച രാത്രിമുഴുവൻ സന്യാസികൾ നമസ്കാരത്തിൽ ചെലവഴിച്ചു. വെളുപ്പിനു് വിശ്വാസികൾ വന്നു് കുറച്ചുസമയം ഉറക്കമിളച്ചു പ്രാർത്ഥിക്കുകയും പ്രഭാതജപത്തെ തുടർന്നു് ബലിയർപ്പിക്കുകയും ചെയ്തു. ലെലിയാ വളരെ ദീർഘമാണു്. രാത്രിയുടെ ദൈർഘ്യത്തിനൊത്തു് ലെലയായിൽസങ്കീർത്തനങ്ങളുടേയും മററു കീർത്തനങ്ങളുടേയും (ഓനിയസാ എണ്ണം കൂട്ടിയിരുന്നത്രേ.)

കർത്താവിൻെറ ഉയിർപ്പിനെ അനുസ്മരിപ്പിച്ചും ദ്വീതീയാഗമനത്തെ പ്രതീക്ഷിച്ചും നടത്തുന്നതാണു് ജാഗരണ ജപം. കത്തീഡ്റൽക്രമത്തിൽപ്പെട്ടതായതിനാൽ, പുനരുദ്ധരിച്ച ക്രമപ്പെടുത്തുന്ന നമസ്ക്കാരത്തിൽ ഞായറാഴ്ചത്തെ ലെലിയാസ്സു പകരം ഈ ജാഗരണജപം (ഖാലാദ്ശഹറാ) അഭിലഷണീയമാണു്. ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന ആഴ്ചയിൽ ലെലിയാസ്സുപകരം ജാഗരണജപമാണല്ലൊചൊല്ലുന്നതു്. ഉയിർപ്പിൻെറ അത്ഭുപി പ്രത്യേക വിധത്തിൽ പാലിക്കപ്പെടുന്ന ആഴ്ചയിലെന്നപോലെ എല്ലാ ഞായറാഴ്ചയും — ആഴ്ചയിലെ ഉയിർപ്പുതിരുനാളാണല്ലോ ഈദിവസം—രത്രിജപത്തിനു പകരം ജാഗരണ ജപം ചൊല്ലുക പുരാതന രീതികൾക്കനുസൃതമായിരിക്കും. മലയാളത്തിലുള്ള കാനോനാ നമസ്ക്കാരം ക്രമപ്പെടുത്തുന്നതിനെ സംബന്ധിച്ചു് പൗരസ്ത്യ തിരുസംഘത്തിൽ നിന്നു് നല്കിയരൂപരേഖയിലുംഈ അഭിപ്രായം

www.malankaralibrary.com

കാണുന്നു(Prot. N 368/58, 10 the June1966). ഈ ദി ഭ സ്നങ്ങളിൽനിന്നു ഹ്രസ്വമുള്ളഒരുപ്രാർത്ഥനയായിലെലിയാ കണക്കാക്കിയാൽമതിയാകും. സന്യാസക്രമത്തിലെ നീണ്ട സങ്കീർത്തനാലപം മലയാള നമസ്ക്കാരത്തിൽ ഉപേക്ഷി ച്ചിരിക്കുന്നു. ഒരു മർമീസാ മാത്രമേ ചൊല്ലുന്നുള്ളു; അതു പോലെ, വളരെക്കുറച്ചു കീർത്തനങ്ങളും.

രാത്രിജപവും ജാഗരണ ജപവും അവസാനിക്കുന്നത് കാറോസൂസാ (ലുത്തിനിയാ)കൊണ്ടാണ്. ഈ കാറോസൂ സായാണ്, ഇതുവരെപയോഗത്തിലിരുന്ന സുറിയാനിന മസ്ക്കാരത്തിലെ പ്രഭാത ജപത്തിന്റെ ആരംഭത്തിൽ സ്ഥാനംതെററി ചൊല്ലിയിരുന്നത്. തിരുനാളുകാംക്കും ഞായറാഴ്ചകൾക്കും പ്രബോധനാത്മകമായ 'മദ്റാശാ, എ ന്നൊരു കീർത്തനമുണ്ട്.

രാത്രി ജപത്തിനും ഖാലാദ്ശഹ്റാസ്സും ഏതാണ്ടൊ രേ ഘടനയാണ്. വലിയ തിരുനാളുകളിൽ ഇതിനു് വ്യത്യാസം വരാം. സാധാരണമായുള്ളഘടന താഴെക്കൊ ടുക്കുന്നു.

ഖാലാദ്ശഹ്റാ

സങ്കീർത്തനം
ഓനീസാദ് ലെലിയാ
ശൂബാഹാ, കാനോനാ (സങ്കീ.)
തെശ് ബൊഹത്താ
കാറോസൂസാ

ലെലിയാ

| തിരുനാളുകളുടെ നമസ്ക്കാരങ്ങൾ | ഇടദിവസങ്ങളിലെ നമസ്ക്കാരങ്ങൾ |
|---|---|
| —സങ്കീർത്തനങ്ങൾ | സങ്കീർത്തനം |
| —ഖൽത്താ | ഖൽത്താ |

www.malankaralibrary.com

| | |
|---|---|
| —ഓനീസാദ് മൗത്ത്വാ | ഓനീസാദ് മൗത്ത്വാ |
| —കാനോനാ (സങ്കീ.) | ശുബാഹാ (സങ്കീ.) |
| —തെശ് ബോഹ്ത്താ | തെശ്ബോഹ്ത്താ |
| —കാറോസൂസാ | കാറോസൂസാ |
| —മദ്റാശാ | nil |
| —സൂയാക്കെ(ഞായറാഴ്ചകളിൽമാത്രം ഖലാദ്ബഹറാസ്സുമുമ്പ്) | nil |

(ഘടനസംബന്ധമായ കൂടുതൽവിവരങ്ങൾക്ക്, Matheos Juan, Lelya—Sapra, Rome 1959)

## ഉപസംഹാരം

കാനോനാ നമസ്ക്കാരത്തിൻെറ ചരിത്ര പശ്ചാത്തലവും പ്രാർത്ഥനയെന്ന നിലയിൽ അതിൻെറ സവിശേഷതയും നാം കണ്ടു കഴിഞ്ഞു; വിവിധ റീത്തുകളിൽ അതിന് സിദ്ധിച്ചിട്ടുള്ള ഭാവി രൂപങ്ങളും.

## സഭയുടെപ്രാർത്ഥന

സഭയുടെ ഔദ്യോഗിക പ്രാർത്ഥനയെന്ന നിലയിൽ കാനോനാ നമസ്കാരത്തിന് അതുല്യമായ സ്ഥാനമുണ്ട്. വിശ്വാസികളെല്ലാം വൈദികനോടൊത്തു സഭയുടെ നാമത്തിൽ പ്രർത്ഥിക്കുന്നു. ചരിത്രത്തിൻെറ ഗതിവിഗതികൾ മൂലം അതു വൈദികരുടെ (കുത്തക)യായിപ്പോയി. കൗൺസിൽ ഇന്നു പുരാതന രീതികൾ സമുദ്ധരിക്കുകയാണ്. 'ഞായറാഴ്ചകളിലേയും കടമുള്ള ദിവസങ്ങളിലേയുംയാമപ്രാർത്ഥനകൾ, പ്രത്യേകിച്ച് സാമപ്രാർത്ഥന, ദൈവാലയത്തിൽ വച്ച് പൊതുവായി നടത്താൻ .... ശ്രദ്ധിക്കണം. വൈദികരോടു ചേർന്നോ; സമൂഹമായോ തനിച്ചോ ഈ പ്രാർത്ഥനകൾചൊല്ലാൻ അല്മായരെ പ്രോത്സാഹിപ്പിക്കണം (CSL 100),. ഞായറാ-

www.malankaralibrary.com

ഷ്ഠ ദിവ്യബലിക്കു മുമ്പ് കാനോനാ നമസ്കാരം ചൊല്ലു ന്ന പതിവ് മിക്ക റീത്തുകളിലും ഉണ്ടായിരുന്നു.

സമൂഹമായി കാനോനാ നമസ്ക്കാരം ചൊല്ലുന്നത് മലബാർ സഭയിൽപുത്തരിയല്ല. ഉദയംപേരൂർ സൂനഹദോസിനു മുമ്പുള്ള പല രേഖകളും ഈ പ്രസ്താവത്തിന്നു് ഉപോദ്ബലകമാണു്; മലബാറിലെ വൈദിക ഗണം അൽമായരുമൊത്ത് പ്രഭാതത്തിലും പ്രദോഷത്തിലും കാനോനാ നമസ്ക്കാരം ചൊല്ലിയിരുന്നു (Documenta Indica Vol 5, Rome, 1958-p416),. ഒന്നിലധികം വൈദികർ ഒരിടവകയിലുള്ളപ്പോഴം അവരൊന്നിച്ച് നമസ്ക്കാരം ചെല്ലിയിരുന്നതായി 1578ലെ ഒരു രേഖയിൽ പറയുന്നു (Silva rego Documeatacao xii, Lioban, 1958. p 390). വലിയ തിരുനാളുകളുടെതലേനാഠം ആഘോഷമായി നടത്താറുള്ള റംശാ (സുറിയാനിയിൽ) പുരാതന രീതിയുടെ ഒരവശിഷ്ടമത്രേ. ഇതു് മലയാളത്തിലാകുമ്പോഠം ഈജപത്തിൽ വിശ്വാസികഠക്കെല്ലാം സജീവമായിപങ്കെടുക്കാൻ കഴിയും. ഞായറാഴ്ചകളിൽ വിശുദ്ധബലിയ്ക്കൊരുക്കമായിപ്രഭാതജപം ചൊല്ലുക അഭിലഷണീയമാണു. കുടുംബങ്ങളിൽ സഭയുടെ പ്രഭാത സായാഹ്നജപങ്ങഠം ചൊല്ലിത്തുടങ്ങാൻ ഇതു സഹായിക്കും.

## വ്യക്തികളുടെ പ്രാർത്ഥന.

തിരുസഭ ഔദ്യോഗികമായി ദൈവത്തെ സ്തുതിക്കുന്ന സ്വരമാണു് യാമപ്രാർത്ഥന (CSL 99). അതുകൊണ്ടു് വിശ്വാസികഠം അതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. ഈ സ്തുതി സമർപ്പണംവഴി മാതാവായ സഭയുടെ നാമത്തിൽ ദൈവ സിംഹാസനത്തിൻ മുമ്പാകെ നിൽക്കുകയത്രേ അവർ ചെയ്യുന്നതു് (CSL 85),. തിരുസഭയുടെ പൊതു പ്രാ

www.malankaralibrary.com

ർത്ഥനയാകയാൽ വ്യക്തിപരമായ പ്രാർത്ഥനാ ജീവിതത്തെ പരിപോഷിപ്പിക്കാൻപോരുന്നഭക്തിചൈതന്യത്തിന്റെ ഉറവിടമാണ്, കാനോനാനമസ്ക്കാരം (CSL 90),. വൈദികർക്കും അല്മായർക്കും ഉപകരിക്കുന്ന ചൈതന്യമുററഭക്തിയുടെ ഉറവിടമായ, ഈഔദ്യോഗിക പ്രാർത്ഥനകന്യാസ്ത്രീകളുടെകൂടി പ്രാർത്ഥനയാകുന്നതിൽ അപാകതയില്ലല്ലോ. മാത്രമല്ല, അതു് ഉത്തമവുമായിരിക്കും. ചരിത്രപരമായും സിദ്ധാന്തപരമായും അതു ശരിയാണുതാനും.

## സമയത്തിനൊത്തു് പ്രാർത്ഥിക്കുക

ദിവസത്തിന്റെ പ്രത്യേക യാമങ്ങളിൽ ദൈവത്തെ പുകഴ്ത്തികൊണ്ടു് ദൈവവുമായി ബന്ധം പുലത്താനുള്ള അവസരമാണ്കാനോനാനമസ്ക്കാരം പ്രദാനംചെയ്യുക. തിരുസഭയുടെ ആരംഭ കാലത്തു് യാമപ്രാർത്ഥനയായിട്ടാണ് ഇതു് ജന്മമെടുത്തതു് (CSL 88). ദൈവസ്തോത്രങ്ങളാലപിച്ചുകൊണ്ടു് പൂർണ്ണമായി ദിനരാത്രങ്ങളെപവിത്രീകരിക്കത്തക്കവിധം (CSL84)ഈ നമസ്ക്കാരം ക്രമപ്പെടുത്തിയിരിക്കുന്നു. എന്നാൽ പിൽക്കാലത്തെ കണക്കുകൂട്ടൽ വ്യത്യസ്തമായിരുന്നു. 'കടം'തീർക്കാനുള്ള വ്യഗ്രതയോടെ സമയക്ലിപ്തിക്കുവേണ്ടി പല വലിച്ചുനീട്ടലുകളും, നാം ദർശിക്കുന്നു:

ഉച്ചകഴിഞ്ഞു രണ്ടുമണിമുതൽ അതതു ദിവസം പാതിരാത്രിവരെയോ പിറേറ ദിവസം പാതിരാത്രിവരെയോ സായാഹ്നജപം ചെല്ലാവുന്നതാണെന്ന് ഒരുവാദമുണ്ടായിരുന്നു. മറെറാന്നു്, അനുകൂലവ്യമനുസരിച്ചു്, ഉച്ചമുതൽ അന്ന പാതിരാവരെ ചൊല്ലാവുന്നതാണെന്ന അഭിപ്രായം.. രാത്രിജപം ഉച്ചകഴിഞ്ഞു മൂന്നുമണിമുതൽ പാതിരാ വരെ

www.malankaralibrary.com

ൃയോ, പിറേറദിവസം പാതിരാ വരെയോ, നാലുമണിമുതൽ പിറേറദിവസം പാതിരാവരെയോ ചൊല്ലാമായിരുന്നു. പ്രഭാതജപമാകട്ടെ, പാതിരായ്ക്കുശേഷം രണ്ടാംദിവസം പാതിരാവരെ ചൊല്ലാവുന്നതായി കരുതപ്പെട്ടു.

പ്രാർത്ഥനയുടെ അർത്ഥത്തിനും തിരുസ്സഭയുടെ ഉദ്ദേശ്യത്തിനും വിശ്വാസികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കും യോജിച്ചവിധം സമയനിഷ്ഠയോടെ, യാമപ്രാർത്ഥനകളായിത്തന്നെ—മുൻപറഞ്ഞ കണക്കുകൂട്ടലുകൾക്ക് പ്രാധാന്യം നൽകാതെ—അതാലപിക്കുകയാണ് സാമാന്യബുദ്ധിക്കു ചേർന്നത് എന്നുമാത്രം ഇവിടെ പറയട്ടെ.

“ഓരോ ദിവസത്തെയും യഥാർത്ഥമായി വിശുദ്ധീകരിക്കുകയും ആദ്ധ്യാത്മിക ഫലപ്രാപ്തിക്കുതകുംവിധം യാമപ്രാർത്ഥന ചൊല്ലുകയും വേണം. അതിനുവേണ്ടി ഓരോ ഭാഗവും നിയമാനുസൃതം നിർദ്ദേശിച്ചിരിക്കുന്ന കൃത്യസമയത്തുതന്നെ ചൊല്ലുന്നത് അത്യുത്തമമായിരിക്കും” (CSL 94).

www.malankaralibrary.com

# SELECT BIBLIOGRAPHY

## ON DIVINE OFFICE


Baumer Suirtbert, Histoire du Breviaire, I–II, Leturizey et Ane', 1904

Mateos J., Lelya-Sapra, Orient. Inst Rome 1959

National Liturgical Week, Ferdnard, Indiana, 1942

Parsch Pius, The Breviary Explained, Herder 1952

Salmon Pierre, L'Office Divin, Du Cerf, 1958

Steuart, The Development of Christian Liturgy

Velma G. Little, The Sacrifice of Praise, Longmans 1957

Walkin E I, The praise of Glory, Sheed and Ward, 1942

R. H Connolly Anonymi auctoris Expositio Officiorum Ecclesiae, CSCO 1954


## ON PSALMS


Carleton A P, How shall I Study the Psalms, The Christian Literature Society, Serampore, 1959

Drijvers Pius, The Psalms, School of Spirituality, Challoner, 1962

Mischke Bernard, Meditations on the Psalms, Gill and Son, 1963

Weiser Artur, The Psalms, SCM Press, 1965

Worden T, The Psalms are Christian Prayers, Geofrey Chapman, 1962


www.malankaralibrary.com

## ഫാദർ ജേക്കബ് വെള്ളിയാൻ



കോട്ടയം രൂപതാ പെററി സെമിനാരി, മംഗലപ്പുഴ സെമിനാരി, റോമിലെ പ്രൊപ്പഗാന്ത യൂണിവേഴ്സിററി എന്നിവടങ്ങളിൽ വൈദികപഠനം നടത്തി 1961–ൽ റോമിൽവച്ചു പുരോഹിതനായി. റോമിലെ പൗരസ്ത്യകലാലയത്തിൽ നിന്നു പൗരസ്ത്യാരാധന ക്രമങ്ങളിൽ ബിരുദമെടുത്തശേഷം സെൻറ് തോമസ് അക്വീനാസ് യൂണിവേഴ്സിററിയിൽനിന്നു് ദൈവശാസ്ത്രത്തിൽ ഡോക്ടറേററു സമ്പാദിച്ചു. സെൻറു് ആൻസലം കലാലയത്തിൽനിന്നു് ലത്തീൻ ആരാധനക്രമങ്ങൾ സംബന്ധിച്ച പഠനങ്ങളിൽ 'മാസ്റ്റർ ഓഫ് ലിററർജി' എന്ന ഡിഗ്രിയും മരിയോളജിക്കൽ ഇൻസ്റ്റിട്യൂട്ടിൽനിന്നു് മരിയൻ ശാസ്ത്രത്തിൽ ബിരുദവും കരസ്ഥമാക്കി.

ഉന്നത വിദ്യാഭ്യാസത്തിനുശേഷം 1965–ൽ കേരളത്തിൽ തിരിച്ചെത്തിയ ഗ്രന്ഥകാരൻ അക്കൊല്ലംതന്നെ വടവാതൂർ സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ലിററർജി പ്രൊഫസ്സറായി നിയമിതനായി. സീറോ—മലബാർ ലിററർജിക്കമ്മിററിയിലെ ഒരു അംഗമാണിദ്ദേഹം. ആരാധനക്രമം സംബന്ധിച്ച പല പുസ്തകങ്ങളും ലേഖനങ്ങളും എഴുതിയും മററു പലവിധത്തിലും ആരാധനക്രമസംരംഭങ്ങളിൽ പ്രധാനമായും വ്യാപൃതനായിക്കഴിയുകയാണു്.

പ്രകാശം പബ്ളിക്കേഷൻസ്

ആലപ്പുഴ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com